# കരയോഗ സൗഹൃദം

സത്യം പരം ധീമഹി
Rs. 6
മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages - 68
വാല്യം - 8 | ലക്കം - 4 | മീനം - 1190 | ഏപ്രിൽ 2015





ശ്രീ രുദ്രവിലാസം സ്ക്കൂളിന്റെ 103-ാമത് വാർഷികാഘോഷം എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു) ഉദ്ഘാടനം ചെയ്യുന്നു. കരയോഗം പ്രസിഡണ്ട് കെ.പി.കെ.മേനോൻ, ശ്രീമതി. സി.ജി.സുഷമ, കെ.വി.രാമചന്ദ്രൻ, ജ്യോതിബാല, സിന്ധു ടി.പി, ഗീത പി, എം.രാജലക്ഷ്മി എന്നിവർ സമീപം.




എറണാകുളം കരയോഗത്തിന്റെ സാമൂഹ്യ സേവനവിഭാഗമായ ചൈത്രം എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ നടത്തിയ ആത്മഹത്യ പ്രതിരോധ ബോധവത്ക്കരണ പരിപാടി റെയിൽവേ ഏരിയ മാനേജർ ഡോ. രാജേഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. ചൈത്രം ഡയറക്ടർ കെ.ഭവാനി, കെ.പി.കെ. മേനോൻ, ഡോ.പി.വിജയലക്ഷ്മി മേനോൻ, പി.രാമചന്ദ്രൻ (വേണു) എന്നിവർ വേദിയിൽ.





28.03.2015 ൽ തൃക്കടക്കപ്പിള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിൽ തന്ത്രി പുലിയന്നൂർ അനിയൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ പുതിവാമനഹരിദാസൻ നമ്പൂതിരിപ്പാട് നടത്തിയ താംബൂല പ്രശ്നവും, ദേവഹിതം ചടങ്ങിൽ നിന്ന്.................

വാല്യം 8 ♦ ലക്കം – 3 ♦ മാർച്ച് 2015

ഉള്ളടക്കം നം


| | |
|---|---|
| എഡിറ്റോറിയൽ | - 3 |
| വിശേഷദിവസങ്ങൾ | - 4 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | - 5 |
| ബാലലോകം | - 6 |
| വദതു സംസ്കൃതം | - 7 |
| രാഗപരിചയം | - 8 |
| വാസ്തു | - 9 |
| അഗസ്ത്യ ചരിത്രം | - 10 |
| സീതായാനം | - 14 |
| കുറ്റവാളിയേയും നിരപരാധിയേയും..... | - 15 |
| ഒരേ തൂവൽ പക്ഷികൾ | - 17 |
| വൃദ്ധവിഷാദം | - 18 |
| കന്യാകുമാരി | - 19 |
| മനുഷ്യ മനസ്സ് | - 22 |
| ടാഗോറും ഗാന്ധിജിയും വന്നപ്പോൾ | - 24 |
| ഭാരതീയ പൈതൃക സന്ദേശം | - 26 |
| വ്യക്തിവിശേഷം | - 29 |
| ഗാന്ധിസൂക്തം | - 30 |
| മൃത്യുവിനും അപ്പുറത്ത് | - 31 |
| ക്ഷേത്ര മഹാത്മ്യം | - 35 |
| അസഹിഷ്ണുത | - 36 |
| ക്യാൻസർ | - 37 |
| ഊർദ്ധൻ വലിക്കുന്ന മലയാളം | - 39 |
| ബലിമൃഗം | - 42 |
| അജപമന്ത്രം | - 43 |
| ഹനുമാൻ | - 45 |
| പൗരുഷ ഗ്രന്ഥി വീക്കം | - 49 |
| സഹവാസ പഠന ശിബിരം | - 51 |
| മൂന്നു ദേശാടനക്കിളികളുടെ നൊമ്പരങ്ങൾ | - 52 |
| ആദരാഞ്ജലി | - 54 |
| കാൻസറിനെ ഭയപ്പെടാതെ നേരിടാം | - 55 |
| ചരമവാർഷികം | - 56 |
| മാസഫലം | - 57 |
| മാംഗല്യം | - 58 |



## പത്രാധിപസമിതി

**കെ. പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എക്സിക്യൂട്ടീവ് എഡിറ്റർ)*

**കെ. വി. രാമചന്ദ്രൻ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**
**കെ. ടി. മോഹനൻ**
**എ. മുരളീധരൻ**
**എം. രാജലക്ഷ്മി**




എഡിറ്റോറിയൽ........

# എൻ ജി ഓ കളെ നിരീക്ഷിക്കണം

ഇന്ത്യയിൽ പ്രവർത്തിക്കുന്ന എൻ ജി ഓ കളെ ഒന്ന് പരിശോധിച്ചാൽ അവയുടെ എല്ലാം പ്രവർത്തനം നാടിനും നാട്ടാർക്കും പ്രയോജന പ്രദമാകും വിധത്തിലാണോ നടക്കുന്നതെന്ന് ഏതൊരാൾക്കും സംശയം ഉദിക്കാം. എല്ലാം ഒരുപോലെ എന്ന് നമുക്ക് പറയാൻ കഴിയില്ല. വളരെ നല്ല സദുദ്ദേശത്തോടുകൂടി അശരണർക്കും, ആലംബഹീനർക്കും അഭയം നൽകുന്ന, ദുഃഖിതരുടേയും പീഡിതരുടേയും കണ്ണീരൊപ്പുന്ന, താങ്ങും തണലുമില്ലാത്തവർക്ക് ആശ്രയമേകുന്ന, ലോകക്ഷേമകരമായ കാര്യങ്ങൾക്കുവേണ്ടി, ത്യാഗപൂർണ്ണമായ സേവനങ്ങൾ കാഴ്ച വയ്ക്കുന്ന അനേകം സംഘടനകളുണ്ട്. അവരുടെ മഹത്തായ സേവനങ്ങളെ, ജീവകാരുണ്യ പ്രവർത്തനങ്ങളെ എത്ര പ്രശംസിച്ചാലും മതിയാവില്ല. നിസ്വാർത്ഥമതികളായ ആ സുമനസ്സുകളെ ശ്ലാഘിക്കുന്നതിനൊപ്പം, അവർക്കു പോലും പേരുദോഷം വരുത്തിവെയ്ക്കത്തക്ക വിധത്തിലുള്ള ദുഷ്ചെയ്തികൾക്ക് മൂടുപടം അണിയിക്കുവാനായി നടത്തപ്പെടുന്ന എൻ ജി ഓ കളെ അപലപിക്കാതിരിക്കുവാനും നിർവാഹമില്ല. നാട്ടുകാരിൽ നിന്നും പണം പിരിച്ച്, അതെല്ലാം വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നവരുണ്ട്. അത് ചെയ്യുന്നത് ഏതെങ്കിലും ഒരു സംഘടനയുടെ മറവിലായിരിക്കും. ഇവരെക്കാളെല്ലാം അപകടകാരികളും, നാടിന് അപമാനം വരുത്തിവെയ്ക്കുന്നവരുമായ മറ്റൊരു കൂട്ടരുണ്ട്. ദാരിദ്ര്യം വിറ്റ് കാശാക്കുന്നവർ. സന്നദ്ധ പ്രവർത്തനങ്ങൾക്കായി വിദേശങ്ങളിൽ നിന്നും സഹസ്രകോടികളാണ് നമ്മുടെ നാട്ടിലേയ്ക്ക് ഒഴുകുന്നതെന്നാണ് പറയുന്നത്. പാവപ്പെട്ട കുട്ടികളെ അർദ്ധനഗ്നരായി നിർത്തി ഫോട്ടോ എടുത്തും, അന്നദാനം നടക്കുന്നിടത്തു നിന്നും ഫോട്ടോ എടുത്തുമൊക്കെ വിദേശങ്ങളിലേക്കയച്ച്, പാവപ്പെട്ടവരുടെ ഉദ്ധാരണത്തിന് എന്ന് പറഞ്ഞ് പണം കൈപ്പറ്റുന്നവരുമുണ്ടെന്നാണറിയുന്നത്. നാടിന്റെ അന്തസ്സിനെയും, അഭിമാനത്തെയും കളങ്കപ്പെടുത്തുന്ന വൈദേശി

കരുടെ പിണിയാളുകളെ ശരിക്കും രാജ്യദ്രോഹി കളായിത്തന്നെകണ്ട് നടപടികൾക്ക് വിധേയ രാക്കേണ്ടതാണ്. വിദേശങ്ങളിലെ വമ്പൻ കോർപറേറ്റ് എൻ.ജി.ഓ കളിൽനിന്നും ഭാരത ത്തിലേയ്ക്ക് ഒഴുകുന്ന കോടിക്കണക്കിന് ഡോള റുകൾ ഇവിടെ എന്തിനുവേണ്ടി ചിലവഴിക്കുന്നു എന്ന് പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. ഇന്ന് ഇതിന്റെ സിംഹഭാഗവും ഉപയോഗിക്കുന്നത് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കും, മതപരി വർത്തനത്തിനും വേണ്ടിയാണല്ലോ? ഇത് രണ്ടും ഒരുപോലെ തടയപ്പെടേണ്ടതാണ്. കാരണം ഇത് രണ്ടും നാട്ടിൽ അശാന്തി പരത്തുന്നതാണ്; തദ്വാര നാടിന്റെ പുരോഗതിക്ക് വിഘ്നം ഉണ്ടാ ക്കുന്നതുമാണ്. വൈദേശിക മതങ്ങളെ മാത്രം താലോലിക്കുന്നവരുടെ ഭരണകാലത്ത് ഇതൊ ന്നും നിരീക്ഷണവിധേയമാക്കിയിരുന്നില്ലാ യിരിക്കാം. ഇനിയെങ്കിലും നാടിന് കളങ്കം ചാർത്തുന്ന, ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് കുടപിടിക്കുന്ന, നമ്മുടെ ഇല്ലായ്മയും ദാരി ദ്ര്യവും പർവ്വതീകരിപ്പിച്ച്, പുറത്തേക്കെത്തിച്ച് നാടിന് ദുഷ്പ്പേരുണ്ടാക്കുന്ന എല്ലാ എൻ. ജി.ഓകളുടെയും പ്രവർത്തനം കർശന നിരീക്ഷണത്തിൻ കീഴിലാക്കണം. നാടിനെതി രെയുള്ള പ്രവർത്തനം കണ്ടെത്തിയാൽ സംഘടനാനിരോധനം മാത്രം പോരാ, അതിന്റെ പിന്നിൽ പ്രവർത്തിച്ച ദുഷ്ടശക്തികളെ നിയമ ത്തിന്റെ മുന്നിൽ എത്തിക്കണം. മാതൃകാപരമായ ശിക്ഷക്ക് വിധേയരാക്കണം. ■

# വിശേഷ ദിവസങ്ങൾ

ഏപ്രിൽ 15 മുതൽ മെയ് 14 വരെ

| | | |
|---|---|---|
| **ഏപ്രിൽ** | 15 | വിഷു |
| | 16 | മത്സ്യാവതാരം |
| | 19 | വൈശാഖമാസാരംഭം |
| | 20 | ചട്ടമ്പിസ്വാമി സമാധി ദിനം, ശിവജയന്തി |
| | 21 | അക്ഷയതൃതിയ, ബലഭദ്രരാമ ജയന്തി |
| | 22 | ഭൗമദിനം |
| | 23 | ശ്രീശങ്കരജയന്തി |
| | 24 | പത്താമുദയം |
| | 29 | തൃശൂർപൂരം |
| **മെയ്** | 1 | മെയ്ദിനം |
| | 2 | നരസിംഹ ജയന്തി |
| | 3 | **കരയോഗവിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനം,** ബുദ്ധപൂർണ്ണിമ |
| | 8 | സ്വാതി തിരുനാൾജയന്തി,ലോകറെഡ്ക്രോസ് ദിനം, ചിന്മയാനന്ദ ജയന്തി |

## *ഗണപതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം*

എറണാകുളം കരയോഗം ഗണപതിക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം **മെയ് മാസം 3 ാം തീയതി (ഞായറാഴ്ച)** നടത്തപ്പെടുന്നു. അന്നേദിവസം ഗണപതി ഹോമം, നവകം പഞ്ചഗവ്യം തുടങ്ങിയ വിശേഷാൽ ചടങ്ങുകളും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (ആയിരം കുടം), കളഭാഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.

ജനറൽ സെക്രട്ടറി



**വായനക്കാർക്ക് വിഷു ആശംസകൾ**



# ജനറൽ സെക്രട്ടറിയുടെ പംക്തി

2014-2015 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളിൽ തീരുമാനിച്ചതും നടപ്പിലാക്കികൊണ്ടിരുന്നതുമായ എല്ലാ പദ്ധതികളും പൂർത്തിയാക്കുവാൻ കരയോഗം ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. പ്രശാന്തി ഹോസ്റ്റലിലെ മരാമത്തു ജോലികൾ, ടിഡിഎം നർമ്മദ ഹാൾ എ. സി, കരയോഗം ഓഫീസ്, ടി.ഡി.എം. ഗംഗാ ഹാൾ എ.സി. ലോബി, ടി.ഡി.എം. എൻട്രൻസ് ലോബി, മൂന്നാം നിലയിലെ ടി.ഡി.എം.സൂര്യ ഹാൾ എ..സി. (ഡൈനിങ്ങ്) എന്നീ പ്രവർത്തനങ്ങളായിരുന്നു നടത്തി പോന്നിരുന്നത്.

2015-2016 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികളും വികസന പ്രവർത്തനങ്ങളും ആലോചിക്കുകയും നടപ്പിലാക്കേണ്ടതുമുണ്ട്. പ്രത്യേകിച്ച് നവതി വർഷം ആഘോഷിക്കുന്ന ഈ സമയത്ത് കരയോഗത്തിന്റെ സേവനമേഖലകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം. കരയോഗാംഗങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.

ഗുരുവായൂർ ഗസ്റ്റ്ഹൗസും, ഓഡിറ്റോറിയത്തിനുമായി സ്ഥലം കണ്ടെത്തുന്നതിന് മാതൃഭൂമി, മനോരമ എന്നീ ദിനപത്രങ്ങളിൽ പരസ്യം നൽകുകയും, അതുവഴി ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലവും മറ്റ് ഭൂമി സംബന്ധമായ വിശദാംശങ്ങളും, പരിശോധിച്ചു വരികയാണ്. ഈ ആവശ്യത്തിലേക്കായി 25/35 സെൻറ് സ്ഥലം വരെയാണ് ആവശ്യം. അംഗങ്ങളുടെ അറിവിലുള്ള സ്ഥലവും കരയോഗത്തെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതിയുമായി മുന്നോട്ടു പോകാൻ കഴിയും. എറണാകുളത്ത് ഒരു പോളിക്ലിനിക് ആരംഭിക്കുന്നതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആദ്യപടിയായി വാടകയ്ക്ക് സ്ഥലം ലഭ്യമാക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കുകയും, തുടർന്ന് സ്വന്തമായി വിപുലമായ പദ്ധതിക്ക് സ്ഥലം കണ്ടെത്തുകയുമാണ് ലക്ഷ്യം.

സൗരോർജ്ജ വൈദ്യുതി ഉൽപാദന പദ്ധതി പണിപൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആദ്യപടിയായി 25 kWA സൗരോർജ്ജപ്ലാൻറ് പ്രവർത്തന സജ്ജമാക്കുവാൻ കഴിയും. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ സാംസ്ക്കാരികവും, കലാപരവും ആദ്ധ്യാത്മികവുമായ എല്ലാ വിഷയങ്ങളും ഒരു പോലെ ശ്രദ്ധിച്ച് മുന്നോട്ടു കൊണ്ടു പോകാൻ ഭരണസമിതി ശ്രമിച്ചിട്ടുണ്ട്.

എറണാകുളം കഥകളി ക്ലബ് ഏറ്റെടുത്തുകൊണ്ട് എറണാകുളം കരയോഗത്തിന്റെ കലാ സാംസ്ക്കാരിക വിഭാഗമായി നിലനിർത്തി 57 വർഷം പഴക്കമുള്ള ക്ലബിന്റെ യശസ്സും, സൽപേരും കൂടുതൽ പുഷ്ടിപ്പെടുത്തുവാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഇനി ഉണ്ടാവേണ്ടത്. ഏപ്രിൽ 18 ന് വൈകുന്നേരം 5.30 ന് ഔപചാരികമായി കഥകളി ക്ലബ് എറണാകുളം കരയോഗം ഏറ്റെടുക്കുകയാണ്. സാമൂഹ്യ സാംസ്ക്കാരിക മേഖലയിലെ പ്രശസ്തർ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കും. അന്നേ ദിവസം രുഗ്മിണി സ്വയംവരം കഥകളി ഉണ്ടായിരിക്കുന്നതാണ്. എല്ലാവർക്കും സൗജന്യമായി കഥകളി കാണുന്നതിനുള്ള അവസരമുണ്ടാക്കുന്നതിനൊപ്പം കഥകളി എന്ന കലാരൂപത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനവുമാണ് നടത്തേണ്ടത്. ആയതിന് എല്ലാ അംഗങ്ങളുടെയും സഹകരണവും സഹായവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വാർഷികപൊതുയോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ചെറായിയിലുള്ള തൃക്കടക്കപ്പിള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രവും സ്വത്തുക്കളും കരയോഗം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇതോടനുബന്ധിച്ച് ക്ഷേത്രവും സ്വത്തുക്കളും ഏറ്റെടുക്കുന്നതിന് മുന്നോടിയായി ദേവഹിതം അറിയുന്നതിനു വേണ്ടി 28.03.2015 ന് ക്ഷേത്രം തന്ത്രി പുലിയന്നൂർ അനിയൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ പ്രശസ്ത ജ്യോതിഷൻ പുതുവാമന ഹരിദാസൻ നമ്പൂതിരിപ്പാട് താംബൂലപ്രശ്നം വച്ച് ക്ഷേത്രാധികാരം ഏറ്റെടുക്കുന്നതിൽ പരിപൂർണ്ണ ദൈവാനുകൂല്യം ഉണ്ടെന്ന് കണ്ടെത്തി, എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മറ്റ് സാങ്കേതിക നിയമപരമായ നടപടികൾക്ക് ശേഷം ഉടൻ തന്നെ ക്ഷേത്രം ഏറ്റെടുക്കുവാനും, അടുത്ത സാമ്പത്തിക വർഷത്തിൽ ജീവകാരുണ്യവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ക്ഷേത്രം വേണ്ട വിധത്തിൽ പരിപാലിക്കുവാനുമുള്ള പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്.

എട്ടാമത് എറണാകുളം കരയോഗംപി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനം 2015 ഏപ്രിൽ 22- ാം തീയതി ഭൗമദിനത്തിലാണ് നടത്തുന്നത്. അവാർഡിനായി ലഭിച്ച ശുപാർശകളും മറ്റും പരിശോധിച്ച് അവാർഡ് നിർണ്ണയ കമ്മിറ്റീ ഈ വർഷത്തെ അവാർഡിനായി ശുപാർശ ചെയ്തിട്ടുള്ളത് ശ്രീ.വാവ സുരേഷിനെയാണ്. 10,001 രൂപ ക്യാഷ് അവാർഡും, പ്രശസ്തി പത്രവും, ഫലകവും 22-ാം തീയതി വൈകീട്ട് 5.30 മണിക്ക് കൂടുന്ന

യോഗത്തിൽ സമ്മാനിക്കും. പ്രസ്തുത യോഗത്തിലേക്ക് എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

2015 ഏപ്രിൽ 22, 23, 24 തീയതികളിൽ എറണാകുളം കരയോഗം കൗമാരപ്രായക്കാർക്കായി ത്രിദിന സഹവാസ പഠന ശിബിരം നടത്തുന്നു. ശിബിരത്തിൽ വിവിധ രംഗത്തെ പ്രശസ്തർ ക്ലാസ്സെടുക്കുന്നു. വ്യായാമം, ധ്യാനം, പഠന ക്ലാസ്സുകൾ, ഭാരതീയസംസ്ക്കൃതി, ക്യാമ്പ് ഫയർ തുടങ്ങിയവയിലൂടെയാണ് വിജ്ഞാനം പകരുന്നത്.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ബീം ഏപ്രിൽമാസം 23ാം തീയതി ടി.ഡി.എം. ഗംഗാ ഹാളിൽ ഇൻഡ്യൻ നേവി മ്യൂസിക്കൽ ബാൻഡിന്റെ സംഗീതവിരുന്ന് ഒരുക്കുന്നു. വിസ്മയകരമായ ഈ സംഗീത പരിപാടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗത്തിന്റെയും സത്യാഞ്ജലി അക്കാഡമി ഓഫ് കുച്ചിപ്പുടിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രശസ്ത നർത്തകരുടെ ഓൾ ഇൻഡ്യ ക്ലാസ്സിക്കൽ ഡാൻസ് ഫെസ്റ്റിവൽ നാട്യ കൗസ്തുഭ് നൃത്തോത്സവ് ഏപ്രിൽ 24 മുതൽ 26 വരെ ടിഡിഎം ഹാളിൽ അരങ്ങേറുന്നു.

എറണാകുളം കരയോഗവും മാതൃഭൂമി ദിനപത്രവും സംയുക്തമായി മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും ടി.ഡി.എം.ഹാളിൽ മെയ് 30-ാം തീയതി പ്ലസ് ടു പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിക്കുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും, സാന്നിദ്ധ്യവും പ്രതീക്ഷിച്ചുകൊണ്ട്,

- ജനറൽ സെക്രട്ടറി -

---



## ബാലലോകം



**ലക്ഷ്മി ദേവി നായർ**

പരീക്ഷയെല്ലാം തീർന്ന് എല്ലാ കൂട്ടുകാരും സന്തോഷത്തിമിർപ്പിലായിരിക്കുമല്ലോ? ഈ അവധിക്കു നിങ്ങൾ എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? കുറെ കളിക്കണം, ചിരിക്കണം, സന്തോഷിക്കണം, ധാരാളം വായിക്കണം, അച്ഛനമ്മമാരെ സഹായിക്കണം കൂട്ടത്തിൽ എന്തെങ്കിലുമൊക്കെ പുതിയതായി പഠിക്കണം അല്ലേ?

കൂട്ടുകാരുടെ ഉള്ളിലെല്ലാം ഉറങ്ങിക്കിടക്കുന്ന ധാരാളം കഴിവുകൾ ഉണ്ട്. ചിലർക്ക് വരയ്ക്കാൻ ഏറെ ഇഷ്ടമായിരിക്കും, ചിലർക്ക് എന്തെങ്കിലുമൊക്കെ കുത്തിക്കുറിക്കാൻ (കവിതയോ കഥയോ) താല്പര്യമുണ്ടായിരിക്കും. ഇന്നത്തെ ചെറിയ മനസ്സുകളിൽ നിന്നാണ് നാളത്തെ വലിയൊരു വ്യക്തി ഉണ്ടാവുക എന്ന് കൂട്ടുകാർക്കറിയാമല്ലോ.

ശ്രീകൃഷ്ണചരിതം മണിപ്രവാളം എന്നൊരു കൃതിയെക്കുറിച്ച് കൂട്ടുകാർ കേട്ടിരിക്കുമല്ലോ? ഉണ്ണിക്കണ്ണന്റെ ചരിത്രവും, കേളികളും ആണ് ഈ കൃതിയിൽ വർണ്ണിച്ചിരിക്കുന്നത്. ഈ പുസ്തകത്തെക്കുറിച്ച് ഒരു ശ്ലോകം പഠിച്ചോളൂ. അച്ഛന്റെയോ അമ്മയുടേയോ സഹായത്തോടെ വായിച്ചു അർത്ഥം മനസ്സിലാക്കിക്കൊള്ളൂ.

മധുരിപുചരിതം മനോഭിരാമം
മധുരപദാകലിതം മണിപ്രവാളം
മതികമലവിലാസഹേതുഭൂതം
കതിപയസർഗമിദം കരോമിവാക്യം

മനോഭിരാമം - മനോഹരമായിട്ടുള്ളത്
മധുരപദാകലിതം - മധുരങ്ങളായ പദങ്ങളെക്കൊണ്ട് നിബന്ധിച്ചിട്ടുള്ളത്.
മതികമലം - ബുദ്ധിയാകുന്ന താമര
കതിപയസർഗം - ഏതാനുംസർഗങ്ങളോടുകൂടിയ
കരോമി - നിർമ്മിക്കുന്നു

**നാവ് വഴങ്ങുമോ**

ഫലിതം പലതും പലരും പറയും
പലതും ഫലിതം പറയും പലരും
പലരും പറയും ഫലിതം പലതും
പറയും പലരും പലതും ഫലിതം

***(കുഞ്ഞുണ്ണിമാഷ്)***



# വദതു സംസ്കൃതം
## (സംസ്കൃതം പറയൂ)

ആർ. കിരൺകുമാർ
9495768615

പാഠം 24

| | |
|---|---|
| എപ്പോഴാ പരീക്ഷ തുടങ്ങുന്നത് | കദം പരീക്ഷാ ആരഭ്യതേ? |
| അടുത്ത ആഴ്ച | അഗ്രിമേ സപ്താഹേ |
| ടൈം ടേബിൾ കിട്ടിയോ | വേളാ പത്രികാ പ്രാപ്താ കിം? |
| ഉവ്വ്, ഇന്നലെ വന്നു | ആം, ഹ്യഃ ആഗതാ |
| പരീക്ഷ മാറ്റിവച്ചു | പരീക്ഷാ അഗ്രേ നീതാ |
| തയ്യാറെടുപ്പ് എങ്ങനെ? | സജ്ജതാ കഥം അസ്തി? |
| പഠിച്ചോ? | പഠിതം വാ? |
| പരീക്ഷാസമയം എപ്പോഴാ | പരീക്ഷാസമയഃ കഃ |
| രാവിലെ 10 മുതൽ 12 വരെ | പ്രാത ഃ ദശവാദനതഃ ദ്വാദശപര്യന്തം |
| പരീക്ഷ ഉച്ചയ്ക്ക് ശേഷമാണ് | പരീക്ഷാ മധ്യാഹ്നാനന്തരം ഏവ |
| ചോദ്യപേപ്പർ എങ്ങനെ ഉണ്ടായിരുന്നു | പ്രശ്നപത്രം കഥം ആസീത്? |
| എളുപ്പം ആയിരുന്നു | അതീവ സുലഭം ആസീത് |
| വിഷമമായിരുന്നു | ബഹു ക്ലിഷ്ടം ആസീത് |
| കുഴപ്പമില്ലായിരുന്നു | ചിന്താ നാസീത് |
| സമയം കുറവായിരുന്നു | സമയ അപര്യാപ്ത ഃ ആസീത് |
| പരീക്ഷകേന്ദ്രം എവിടെയാ | പരീക്ഷാകേന്ദ്രം കുത്ര അസ്തി? |
| എന്റെ വീടിന്റെ അടുത്തുതന്നെ ആയിരുന്നു | മമ ഗൃഹസ്യ സമീപേ ഏവ ആസീത് |
| ഞാൻ 2 ഉത്തരങ്ങൾ എഴുതിയില്ല | അഹം ഉത്തരദ്വയം ന ലിഖിതവാൻ |
| വൈവ പരീക്ഷ ഉണ്ടോ | മുഖിക പരീക്ഷാ അസ്തിസാ? |
| പ്രാക്ടിക്കൽ പരീക്ഷയും ഉണ്ട് | പ്രാത്യക്ഷിക പരീക്ഷാ അപി അസ്തി |
| റിസൽട്ട് എന്നു വരും | ഫലിതാംശ ഃ കദാ ആഗഛതി? |
| ഒരു മാസം കഴിഞ്ഞ് | ഏകമാസസ്യ അനന്തരം |
| എത്ര പെർസെന്റജ് മാർക്ക് ഉണ്ട് | പ്രതിശതം കതി അങ്കാ ഃ പ്രാപ്താ ഃ ? |
| അവൻ ഒരു വിഷയത്തിന് തോറ്റു | സഃ ഏകസ്മിൻ വിഷയേ അനുത്തീർണ്ണഃ |
| ഞാൻ ഫസ്റ്റ് ക്ലാസ്സിൽ ജയിച്ചു | അഹം പ്രഥമശ്രേണ്യാം ഉത്തീർണ്ണഃ |
| ഇനി 2 മാസം അവധിയാണ് | ഇത ഃപരം മസദ്വയസ്യ വിരാമ ഃ |

രാഗപരിചയം



# മലയമാരുതം



ഡോ. ജയലക്ഷ്മി നന്ദകുമാർ

16-ാമത്തെ മേളകർത്താ രാഗമായ ചക്രവാക ത്തിന്റെ ജന്യരാഗമാണ് മലയമാരുതം. വളരെ ലളിതവും ആസ്വാദ്യകരവും ആയ രാഗമാണിത്.

ആരോഹണം : സ രി ഗ പ ധ നി സ
അവരോഹണം: സ നി ധ പ ഗ രി സ

**സ്വരസ്ഥാനങ്ങൾ** : ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കൈശികി നിഷാദം.

ചക്രവാകത്തിൽ നിന്നും മദ്ധ്യമം മാത്രം ഒഴിവാക്കി ആലപിച്ചാൽ മലയമാരുതം എന്ന രാഗം ജനിക്കും. ആറു സ്വരങ്ങൾ മാത്രം വരുന്നതിനാൽ ഇത് ഒരു ഷാഡവ രാഗമാണ്.

മലയമാരുതത്തിൽ നിന്നു രിഷഭം ഒഴിവാക്കി പാടിയാൽ വലചി (സഗപധനിസ - സനിധപഗസ) എന്ന രാഗമാണ് ലഭിക്കുക. അന്യസ്വരങ്ങൾ വരാത്തതിനാൽ മലയമാരുതം ഒരു ഉപാംഗ രാഗമാണ്.

മദ്ധ്യമ കാലത്തിൽ ആലപിക്കുമ്പോൾ ഈ രാഗം കൂടുതൽ ശോഭിക്കുന്നു. പ്രഭാത സമയമാണ് മലയമാരുതം ആലപിക്കുവാൻ ഏറ്റവും യോജിച്ച സമയം. രേവഗുപ്തി, ഭൗളി, ഭൂപാളം എന്നീ രാഗങ്ങളെ പോലെ പ്രഭാത രാഗങ്ങളിൽ ഉൾപ്പെടുന്ന രാഗമാണ് മലയ മാരുതം. മനസ്സിനെ ശാന്തതയിലേക്കു നയിക്കു വാനും മലയമാരുതം കേൾക്കുന്നതിലൂടെ സാധിക്കും.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1) | മനസായെടുലോതുനെ | - | ആദി | - | ത്യാഗരാജസ്വാമി |
| 2) | നിരവധി സുഖദായക | - | രൂപകം | - | ജി.എൻ ബാലസുബ്രഹ്മണ്യം |
| 3) | പത്മനാഭ പാലിതേഭ | - | രൂപകം | - | സ്വാതി തിരുനാൾ |
| 4) | ധന്യുഡെവ്വടോ ദാശരഥേ | - | ആദി | - | മാനംബുച്ചാവടി വെങ്കടസുബ്ബയ്യർ |
| 5) | കരുണാ നിധിയേ | - | രൂപകം | - | പുരന്ദര ദാസർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1) ഉഷാകിരണങ്ങൾ | - | ഗുരുവായൂർ കേശവൻ |
| 2) പുലർകാല സുന്ദര | - | ഒരു മെയ് മാസപുലരിയിൽ |
| 3) തുമ്പപ്പൂ കോടിയുടുത്ത് | - | സന്ദേശം |
| 4) ബ്രഹ്മകമലം | - | സവിധം |
| 5) കൈത്തുടി താളം | - | കല്ല്യാണരാമൻ |
| 6) ഓംകാരം ഓംകാരം | - | കുമാരസംഭവം |
| 7) ആലോലം പീലി | - | ആലോലം |
| 8) മഞ്ഞിൻ പൂമഴയിൽ | - | വീണ്ടും ലിസ |
| 9) ഈറൻ മേഘങ്ങൾ | - | നുള്ളി നോവിക്കാതെ |
| 10) ആദിയിൽ മത്സ്യമായ് | - | ശ്രീ ഗുരുവായൂരപ്പൻ 'ആഴിയിൽ താണുപോയ' എന്ന ഭാഗം |
| 11) വലം പിരി ശംഖിൽ പുണ്യോദകം | - | കാരുണ്യം |
| 12) കൺമണി നീ വര | - | തെൻട്രലൈ എന്നൈ തൊട് (തമിഴ്) |
| 13) പ്രഭാതമായ് തൃക്കണിയേകിയാലും | - | (ഭക്തിഗാനം) |



# വാസ്തു



**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ

അടുത്ത കാലത്ത് രണ്ടു വീടുകൾ പരിശോധിച്ചതിൽ രണ്ടു കാര്യത്തിലുള്ള അനുഭവങ്ങൾ ഉണ്ടായി.

പാലക്കാട് ഒരു വീടു പരിശോധിച്ചതിൽ വീടിന്റെ എല്ലാ മുറികളുടെയും സ്ഥാനം നൂറു ശതമാനം ശരിയാണ്. അടുക്കളയിലേക്ക് ഉദയം വരുന്നുണ്ട് ബെഡ് റൂമിലേക്ക് അസ്തമയം വരുന്നുണ്ട്. പ്രധാന വാതിൽ തെക്കു വശത്ത് കിഴക്കോട്ടു മാറിയാണ്. കഴിഞ്ഞ പത്തു കൊല്ലമായി അവിടെ സുഖമായി താമസിക്കുന്നു. എന്നാൽ രണ്ടു കൊല്ലമായി പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും, മാനസിക പ്രശ്നങ്ങളും തുടങ്ങി.

ഇവരുടെ തൊട്ടുകിഴക്കേപറമ്പിൽ താമസിക്കുന്നവരുടെ അഴുക്കുചാലും ഈ പറമ്പിലേക്ക് വന്നു തുടങ്ങി. കാരണം അവർ അവരുടെ പറമ്പ് ഒരു അടിപൊക്കി. അതനുസരിച്ച് ഈ വീട്ടുകാർ വീടിന്റെ പടിഞ്ഞാറും, തെക്കും ഭാഗത്തുനിന്ന് മണ്ണെടുത്ത് കിഴക്കും, വടക്കും പൊക്കി. അതോടുകൂടി ഈ വീടിന്റെ പടിഞ്ഞാറും, തെക്കു പടിഞ്ഞാറും മൂലയും വളരെ താഴ്ന്നു പോയി. പ്രശ്നപരിഹാരത്തിനായി പറമ്പിന്റെ തെക്കും പടിഞ്ഞാറും മണ്ണിട്ട് വടക്കു കിഴക്കെ മൂലയേക്കാൾ ഉയർത്തി വടക്കു കിഴക്കോട്ട് വെള്ളം ഒഴുകാൻ പാകത്തിന് പറമ്പു ശരിയാക്കണം.

കൊടുങ്ങല്ലൂരൊരു വീട്ടിൽ എല്ലാത്തരത്തിലുള്ള സുഖസൗകര്യങ്ങളുമുണ്ടായിട്ടും ഗൃഹനാഥൻ മാനസികമായി തകർന്നിരിക്കുന്നതു കണ്ടു. അവിടെയും വീടിന് യാതൊരു വിധ കുഴപ്പങ്ങളുമില്ല. വീടിരിക്കുന്ന സ്ഥലം ഒരു കുന്നിന്റെ തെക്കെ ചരിവിലാണ്. പറമ്പിന്റെ വടക്കു വശത്തെക്കാൾ മൂന്നടി താഴ്ന്നാണ് തെക്കുവശം ഇരിക്കുന്നത്. വീടിരിക്കുന്നത് പറമ്പിന്റെ പടിഞ്ഞാറ് വടക്കു വശത്താണ്. വീടിന്റെ തെക്കു വശത്ത് വീട്ടിൽ നിന്നും അഞ്ചടിമാറ്റി വീടിനു സമാന്തരമായി 24 സെ. മീ ഉയരത്തിൽ ഒരു ചെറിയ മതിൽകെട്ടി വീടിന്റെ തെക്കെ ഭാഗം വേറൊരു പറമ്പാക്കുകയും വീടിരിക്കുന്ന സ്ഥലം പറമ്പ് ലവലാക്കി വെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ടാകത്തക്ക വിധത്തിൽ ശരിയാക്കിയാൽ എല്ലാ പ്രശ്നങ്ങളും തീരുന്നതാണ്.

എവിടെയായാലും വീടുപണി തുടങ്ങുന്നതിനു മുമ്പ് പറമ്പ് എല്ലാ തരത്തിലും ദീർഘചതുരമാക്കി, ലവലാക്കി ശരിയാക്കണം.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ **9447032434** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

# അഗസ്ത്യ ചരിത്രം

**വി.കെ. ശങ്കരൻ കുട്ടി**

‘മണിമതി’ എന്ന നഗരത്തിൽ പണ്ട് ഇല്വലൻ എന്ന് പേരായ ഒരു ദൈത്യൻ ഉണ്ടായിരുന്നു. ദിതിയുടെ പുത്രനായ അവൻ ഒരു ദിവസം മഹാ തപസ്വിയായ ഒരു ബ്രാഹ്മണനോടു പറഞ്ഞു; “ഹേ ബ്രാഹ്മണ എനിക്ക് ഭവാൻ ഇന്ദ്ര തുല്യനായ ഒരു പുത്രൻ ഉണ്ടാകുവാൻ വരം തന്ന് അനുഗ്രഹിക്കുക” എന്ന്. ആ ബ്രാഹ്മണൻ വരം കൊടുക്കുവാൻ തയ്യാറായില്ല. തന്മൂലം ആ അസുരൻ ആ ബ്രാഹ്മണനിൽ ക്രൂദ്ധനായി .അന്നു മുതൽ അവൻ കയ്യിൽ കിട്ടിയ ബ്രാഹ്മണരെ സൂത്രത്തിൽ കൊല്ലുവാൻ തീരുമാനിച്ചു. അങ്ങനെ അവൻ ഒരു ബ്രാഹ്മണഹന്താവായി തീർന്നു. അവരെ കൊല്ലുവാൻ ഒരു ഉപായം പ്രയോഗിച്ചു. മായാവിയായ ആ അസുരൻ തന്റെ മായാവിദ്യകൊണ്ട് അനുജനായ വാതാപിയെ ഒരു ആടാക്കി. വല്ല ബ്രാഹ്മണനും അതിഥിയായി വന്നാൽ, ഉടനെ ആടിനെ പിടിച്ച് വെട്ടിക്കൊന്ന് പാകം ചെയ്തു സുഖമായി ഭക്ഷണം നൽകും. മരിച്ചു കിടക്കുന്നവനെ വിളിച്ചാൽ ജീവിച്ചു വരുന്നതിനുള്ള മന്ത്രവിദ്യ ഇല്വലന് അറിയാമായിരുന്നു. അവൻ ഉച്ചത്തിൽ വിളിച്ചാൽ ഊട്ടിയ ബ്രാഹ്മണന്റെ വയർ പൊളിഞ്ഞ് അനുജനായ വാതാപി ചിരിച്ച് ഓടി വരും. ബ്രാഹ്മണൻ ചത്തു വീഴുകയും ചെയ്യും. വീണ്ടും ബ്രാഹ്മണരെ ഊട്ടുകയും കൊല്ലുകയും ചെയ്യുക ആ ദുഷ്ടന്റെ നിരന്തരമായ പ്രവർത്തിയായി.

ഇക്കാലത്ത് ഒരു ദിവസം അഗസ്ത്യ മഹർഷി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗർത്തത്തിൽ തലകീഴായി തൂങ്ങി കിടക്കുന്ന തന്റെ പിതൃക്കളെ കണ്ടു. അവരോട് മുനി അതിന്റെ കാരണം അന്വേഷിച്ചു. അവർ മറുപടി പറഞ്ഞു. “നിനക്ക് സന്താനം ഉണ്ടാകാത്തത് മൂലം പിതൃക്കളായ ഞങ്ങൾക്ക് ഗതികിട്ടാതായി. അതുകൊണ്ടാണ് ഞങ്ങൾ ഈ ഇടുക്കിൽ തൂങ്ങി നിൽക്കുവാൻ ഇടയായത്. ഹേ അഗസ്ത്യാ നീ നല്ല ഒരു സന്താനത്തെ ഞങ്ങളുടെ ഗതി ഓർത്ത് ജനിപ്പിക്കുക. ഞങ്ങളുടെ നരകം തീരട്ടെ ! നിനക്ക് സൽഗതിയും ലഭിക്കട്ടെ”. പിതൃക്കളുടെ വാക്ക് കേട്ട് സത്യധർമ്മപരനും തേജസ്വിയും ആയ അഗസ്ത്യൻ സന്താനലാഭത്തിന് വേണ്ടി തനിക്കു



ചേർന്ന ഒരു സ്ത്രീയെ ലഭിക്കുവാൻ അന്വേഷിച്ചു നടന്നു. ഒരിടത്തും കണ്ടു കിട്ടിയില്ല. ഒടുവിൽ വിശിഷ്ടമായ വസ്തുക്കളെ സംഗ്രഹിച്ച് കൊണ്ട് ഒരു പെൺകുട്ടിയെ സൃഷ്ടിച്ചു.

പുത്രാർത്ഥമായി അക്കാലത്ത് തപസ്സു ചെയ്യുന്ന വിദർഭരാജാവിന് ആ കുട്ടിയെ നൽകി അനുഗ്രഹിച്ചു. അങ്ങനെ രാജാവിന് മിന്നൽ ക്കൊടിപ്പോലെ സുന്ദരിയായ ഒരു പുത്രിയെ ലഭിച്ചു. വിളങ്ങുന്ന ദേഹത്തോടുകൂടി ആ ശുഭാനനയായ പെൺകുട്ടി വളർന്നു വന്നു. ഈ വിവരം ദ്വിജൻമാരെ അറിയിച്ചു. അവളെ കണ്ട് ദ്വിജൻമാരൊക്കെ അഭിനന്ദിക്കുകയും “ലോപാ മുദ്ര” എന്ന നാമകരണം ചെയ്യുകയും ചെയ്തു.

അവൾ ദൈനംദിനം ചന്തത്തോടെ വളർന്നു വന്നു. വെള്ളത്തിൽ താമരപോലെയും, അഗ്നിയിൽ ജ്വാലപോലെയും, ആകാശത്തിൽ രോഹിണി നക്ഷത്രം എന്ന പോലെയും അവൾ പ്രശോഭിച്ചു. യൗവനം തികഞ്ഞിട്ടും സുശീലയും, സുന്ദരിയുമായ അവളെ ആഗ്രഹിച്ച് ഒരു

പുരുഷനും വന്നു ചേർന്നില്ല. യൗവനം പൂണ്ട മകളെക്കണ്ട് അച്ഛന് മനസ്സിൽ വിചാരമായി.

അഗസ്ത്യമുനി തനിക്കു ലോപാമുദ്ര ഗാർഹസ്ഥ്യ യോഗ്യയാണെന്നറിഞ്ഞ് വിദർഭ രാജാവിനെ ഒടിച്ചെന്നു കണ്ട് ഇപ്രകാരം പറഞ്ഞു, രാജാവേ സന്താനലാഭത്തിനുവേണ്ടി ഞാൻ വേൾക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ലോപാമുദ്രയെ വരിക്കുന്നു. ഭവാൻ അവളെ എനിക്ക് നല്കിയാലും. ഇപ്രകാരം മുനി പറഞ്ഞപ്പോൾ രാജാവ്, മോഹാലസ്യപ്പെട്ടു പോയി. മുനിയുടെ വാക്ക് തള്ളിക്കളയുവാനും സ്വീകരിക്കുവാനും കഴിയാതെ രാജാവ് കുഴങ്ങി. ദുഃഖിക്കുന്ന പിതാവിനെ കണ്ട് ലോപാമുദ്ര പറഞ്ഞു അച്ഛാ, ഞാൻ മൂലം ഭവാൻ ദുഃഖിക്കരുത്. അച്ഛൻ എന്നെ അഗസ്ത്യന് നല്കി ആത്മാവിനെ രക്ഷിക്കുക. മകൾ ഇപ്രകാരം പറഞ്ഞപ്പോൾ രാജാവ് മഹാത്മാവായ അഗസ്ത്യന് വിധി പ്രകാരം ലോപാമുദ്രയെ നല്കി. മഹർഷിയുടെ ഉപദേശമനുസരിച്ച് ലോപാമുദ്ര വിലയേറിയ ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും ഉപേക്ഷിച്ച്, മരവുരിയും തോലും ഉടുത്തു. ഭർത്താവിന് യോജിച്ച വ്രതചര്യയോടും, ആചാരത്തോടും കൂടെ നിവസിച്ചു. ഗംഗാദ്വാരത്തിലെത്തിയ അവർ ഉഗ്രമായി തപസ്സു ചെയ്തു. അവൾ പ്രീതിയോടും ബഹുമാനത്തോടും കൂടി ഭർത്താവിനെ ശുശ്രൂഷിച്ചു. മഹർഷിയും ഭാര്യയിൽ പരമ പ്രീതനായി തീർന്നു. തപസ്സുകൊണ്ട് ശോഭിക്കുന്ന ലോപാമുദ്രയെ ഋതുസ്നാതയായി മുനി കണ്ടു. അവളുടെ പരിചര്യയും, ശുദ്ധിയും, ദമവും, ശ്രീയും, അഴകും കണ്ട് മഹർഷി പ്രീതനായി അവളെ രതിക്രീഡ ചെയ്യുവാൻ വിളിച്ചു. ആ ഭാമിനി ഭർത്താവിന്റെ ഇംഗിതം കേട്ട് ലജ്ജാമുഖിയായി കൈകൂപ്പി ഭർത്താവിനോട് പറഞ്ഞു. സന്താനലാഭത്തിനാണല്ലോ ഭർത്താവ് ഭാര്യയെ വരിക്കുന്നത്. ഭവാനിൽ എനിക്കുള്ള പ്രീതി മഹർഷേ! ഭവാൻ ശരിയാക്കിത്തന്നാലും. അച്ഛന്റെ കൊട്ടാരത്തിൽ എങ്ങിനെയാണ് ഞാൻ മെത്തയിൽ കിടന്നിരുന്നത്, അങ്ങനെയുള്ള വിശിഷ്ടമായ മെത്തയിൽ കിടന്ന് ഭവാൻ എന്നോട് ചേരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെയല്ലാതെ ചീരകാഷായവസ്ത്രയായി ഞാൻ ഭവാനോട് ചേരുകയില്ല. ഈ മഹത്തായ വേഷത്തെ ഭവാൻ അശുദ്ധമാക്കുവാൻ അനുവദിക്കരുത് മഹാമുനേ! അതിനുള്ള ധനം എനിക്കില്ലല്ലോ എന്ന്. മഹർഷി പറഞ്ഞപ്പോൾ എല്ലാറ്റിനും കഴിവുള്ള തപോധനനാണ് ഭവാൻ എന്നും ക്ഷണം കൊണ്ട് ഈ ജീവലോകത്തിൽ കാണുന്നതൊക്കെ നിർമ്മിക്കുവാൻ ഭവാന് വിഷമമുണ്ടാകുകയില്ല എന്നും ലോപാമുദ്ര ഓർമ്മപ്പെടുത്തുന്നു. താൻ നേടിയ തപസ്സ് ഇതിനായി ചിലവാക്കാതെ, ലോപാമുദ്രയുടെ ഉള്ളിലുള്ള മോഹം സുദൃഢമാണെങ്കിൽ അത് സാധിപ്പിക്കുവാൻ മഹർഷി, ധനം ഭിക്ഷ യാചിച്ച് സമ്പാദിക്കുവാൻ പുറപ്പെട്ടു.

ആദ്യമായി അദ്ദേഹം രാജാക്കൻമാരിൽ വെച്ച് ഏറ്റവും സമ്പത്തുള്ള ശ്രുതർവ്വന്റേയും ബ്രദ്ധ്നശ്വന്റേയും, പുരുകുത്സന്റെ പുത്രനായ ത്രസദസ്യുവിന്റേയും സമീപത്തു ചെന്നു.

ഈ രാജാക്കൻമാരെല്ലാം അവരുടെ ആയവ്യയങ്ങൾ, മുനിയെ കേൾപ്പിച്ച്, തനിക്കിഷ്ടമുള്ളത്ര കൊണ്ടു പൊയ്ക്കൊള്ളുവാൻ മുനിയോടഭ്യർത്ഥിച്ചു. സമമതിയായ ദ്വിജൻ, അപ്പോൾ ആയവ്യയങ്ങൾ തുല്യമായി കാണുകയാൽ അതിൽ നിന്നും ധനം വല്ലതും എടുത്ത് ഞാൻ പ്രാണികൾക്ക് പീഡയുണ്ടാക്കുമെന്ന് മനസ്സിലാക്കി, അവരിൽ നിന്ന് ധനം സ്വീകരിക്കാതെ, മൂന്നു രാജാക്കൻമാരേയും കൂട്ടി ഇല്വാലൻ എന്ന ദാനവാന്റെ അടുത്തു ചെന്ന് ധനം ആവശ്യപ്പെട്ടു.

അസുരശ്രേഷ്ഠനായ ഇല്വാലൻ അവരെ വേണ്ടവിധം ആതിഥ്യം ചെയ്തു. പതിവുപോലെ ആടായി മാറിയ വാതാപിയെക്കൊന്ന് വേവിച്ചാണ് തങ്ങളെ സൽക്കരിക്കുവാൻ പോകുന്നത് എന്ന് അറിഞ്ഞ രാജർഷിമാർ എല്ലാവരും വിഷണ്ണരായി. രാജാക്കൻമാരുടെ വിഷാദഭാവം മനസ്സിലാക്കിയ അഗസ്ത്യമഹർഷി അവരോട് പറഞ്ഞു, രാജാക്കൻമാരേ! നിങ്ങൾ വിഷാദിക്കേണ്ട. വിളമ്പുന്ന അസുരമാംസം മുഴുവൻ ഞാൻ തന്നെ ഭക്ഷിച്ചു കൊള്ളാം. ബ്രഹ്മണനെ ആദ്യം സൽക്കരിക്കേണ്ടതായിട്ടുള്ളതുകൊണ്ട് മാംസം ആദ്യം മഹർഷിക്കു വിളമ്പി കൊടുത്തു. മഹർഷി വാതാപിയെ മുഴുവനും തിന്നു തീർത്തു. ഭക്ഷണം കഴിഞ്ഞതിന് ശേഷം ഇല്വാലൻ തന്റെ അനുജനെ ഉറക്കെ വിളിച്ചു. ഉടനെ മഹർഷിയുടെ ഉദരത്തിൽ നിന്ന് ഒരു അധോവായു പുറത്തേക്കു പോയി, ഭയങ്കരമായി മേഘനിർഘോഷംപോലെ ശബ്ദത്തിൽ ഇല്വാലൻ വീണ്ടും വാതാപിയെ വിളിച്ചു. അഗസ്ത്യമഹർഷി അവനോട് നല്ലപോലെ ചിരിച്ചു കൊണ്ട് പറഞ്ഞു. അവനെ ഞാൻ ദഹിപ്പിച്ചു, ഇനി പുറത്തു വരില്ല. ഹേ!

അസുര, നീ ധനേശ്വരനാണെന്ന് ഞങ്ങൾക്കറിയാം. ഈ രാജാക്കൻമാർ വേണ്ടുവോളം ധനം ഇല്ലാത്തവരാണ്. എനിക്ക് ധാരാളം ധനം ആവശ്യമുണ്ട്. മറ്റാർക്കും ദോഷം പറ്റാത്ത വിധം നീ യഥാശക്തി ധനം ഞങ്ങൾക്കു തരിക. ഇല്വാലൻ പതിനായിരം പശുക്കളും അത്ര സ്വർണ്ണവും ഇരട്ടി ധനവും സ്വർണ്ണമയമായ തേരും മഹർഷിക്കും രാജാക്കൻമാർക്കും കൊടുത്തു. ധനത്തേയും മഹർഷിയേയും അഗസ്ത്യാശ്രമത്തിലേക്ക് എത്തിച്ചശേഷം രാജാക്കൻമാർ തിരിച്ചുപോയി. ലോപാമുദ്രയുടെ എല്ലാ ആഗ്രഹങ്ങളും ഇപ്രകാരം അഗസ്ത്യൻ സാധിപ്പിച്ചു. അവൾ ഗർഭിണിയായി. ഉടനെ മഹർഷി കാട്ടിൽ തപസ്സിന് പോയി. ഗർഭം ഏഴുകൊല്ലം വളർച്ചയെത്തിയശേഷം അവൾ ഒരു പുത്രനെ പ്രസവിച്ചു. തേജസ്വിയായ ആ പുത്രൻ ദൃഡസ്യു എന്ന് പേരായ മഹാകവിയായി തീർന്നു. പ്രഭാവത്താൽ ജ്വലിക്കുന്നവനും, സാംഗോപനിഷത്ത്, വേദം ഇവ ജപിക്കുന്നവനും തപസ്വിയും ആയി വളർന്നു. ആ സ്ഥലം അഗസ്ത്യാശ്രമം എന്ന് പ്രസിദ്ധമായി തീർന്നു.

അഗസ്ത്യാശ്രമത്തിനരികിലൂടെ ദേവൻമാരും, ഗന്ധർവ്വൻമാരും സേവിക്കുന്ന പുണ്യയായ ഭാഗീരഥി നദി, നഭസ്സിൽ കാറ്റിലിളകുന്ന പതാകപോലെ സുന്ദരമായി പ്രവഹിക്കുന്നു. ഉയർന്ന ദിക്കിൽ നിന്ന് കുണ്ടിലേക്ക് ഊർന്നു വീണും ശിലാതലങ്ങളിൽ തട്ടിച്ചിതറിയും അവിടെ നിന്ന് വളഞ്ഞു പുളഞ്ഞ് ഇഴഞ്ഞ് നീങ്ങി, തെക്കൻ ദിക്കിനെ അമ്മയെപ്പോലെ വെള്ളത്താൽ കുളിപ്പിച്ച് കൊണ്ട് പ്രവഹിക്കുന്നു. മഹാദേവന്റെ ജടയിൽ നിന്നും ആരംഭിച്ച് അവസാനം സമുദ്രത്തിൽ ചെന്നെത്തുന്ന അവൾ സമുദ്രത്തിന്റെ പ്രിയമഹർഷിയേപ്പോലെ, സമുദ്രമായി ചേരുന്നു.

## അഗസ്ത്യ മഹർഷി ചെയ്ത മഹൽ കർമ്മങ്ങൾ

പണ്ട് കൃതയുഗത്തിൽ ഘോരൻമാരും രണദുർമ്മദൻമാരുമായ കാലകേയൻമാർ എന്ന് വിഖ്യാതരായ ദാനവൻമാർ ഉണ്ടായിരുന്നു. അവർ വിവിധ ആയുധങ്ങളോടെ വൃത്രാസുരന്റെ നേതൃത്വത്തിൽ മഹേന്ദ്രാദികളായ സുരൻമാരെ ആക്രമിച്ച് പല ദിക്കിലേക്കും ഓടിച്ചു. ഉടനെ വൃത്രവധത്തിനായി ദേവകൾ പരിശ്രമിച്ചു. ബ്രഹ്മാവിന്റെ ഉപദേശപ്രകാരം ദധീചൻ എന്ന വിഖ്യാതനും, ഉദാരനുമായ മഹർഷിയുടെ ആശ്രമത്തിലെത്തി, അവിടെ ദിവാകരന് തുല്യമായ തേജ്ജസ്സോടു കൂടിയ ദധീചനെ ദർശിച്ച് ബ്രഹ്മാവ് പറഞ്ഞവിധം വരം ചോദിച്ചു. യാചിച്ചതു മൂന്നു ലോകത്തിന്റേയും രക്ഷക്കായി മഹർഷിയുടെ അസ്ഥികളാണ്. ഈ അസ്ഥി കൊണ്ട് വജ്രം എന്നറിയപ്പെടുന്ന ആയുധം നിർമ്മിക്കാനും ആ വജ്രായുധംകൊണ്ട് ശതക്രതു പുത്രനെ വധിക്കാനായിരുന്നു ബ്രഹ്മാവ് ഉപദേശിച്ചത്.

വരിഷ്ഠനായ ആ മഹർഷി ദേവന്മാർക്കുവേണ്ടി അപ്പോൾതന്നെ ദേഹം വെടിഞ്ഞു. ദേവൻമാർ മഹർഷിയുടെ മൃതദേഹത്തിൽ നിന്ന് അസ്ഥികൾ എടുത്ത് വളരെ പണിപ്പെട്ട്, പ്രയത്നിച്ച് അത്യുഗ്രരൂപമുള്ള വജ്രായുധം ഉണ്ടാക്കി, വ്രതനോട് ഏറ്റുമുട്ടി അവനെ വധിച്ചു.

വൃത്രവധത്താൽ തപ്തരായ ദൈത്യൻമാരെ സുരന്മാർ യുദ്ധത്തിൽ കൂട്ടത്തോടെ സംഹരിക്കുവാൻ തുടങ്ങി. അവർ ഭയപ്പെട്ട് സമുദ്രത്തിൽ പോയി ഒളിച്ചു. അനന്തമായ ആഴമുള്ളതും മത്സ്യങ്ങളും നക്രങ്ങളും നിറഞ്ഞ വലിയ സമുദ്രത്തിൽ അവർ രക്ഷ പ്രാപിച്ചു. അവർ അവിടെ ഒത്തുചേർന്ന് ജഗത്തിന്റെ വിനാശത്തിന് വേണ്ടിയുള്ള ശ്രമം തുടങ്ങി. പുണ്യക്ഷേത്രങ്ങളിലും, ആശ്രമങ്ങളിലും വാഴുന്ന മുനിമാരെ രാത്രി തോറും ചെന്ന് ക്രുദ്ധരായി അവർ ആക്രമിച്ച് കൊന്നു തിന്നുവാൻ തുടങ്ങി. വസിഷ്ഠാശ്രമത്തിൽ ചെന്ന് അനേകം തപസ്വികളെ പിടിച്ച് തിന്നു കളഞ്ഞു. പുണ്യവും ദ്വിജൻമാർ നിറഞ്ഞതുമായ ച്യവനാശ്രമത്തിൽ രാത്രി കയറിച്ചെന്നു ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ച് ജീവിക്കുന്ന ബ്രഹ്മചാരികളായ മുനിമാരെയും പിടിച്ചു തിന്നു. ഇങ്ങനെ ഇവർ എന്നും രാത്രിയിൽ ആക്രമണം നടത്തും. പകൽ മുഴുവൻ കടലിൽ ഒളിച്ചിരിക്കും.

ഇപ്രകാരം ആശ്രമങ്ങൾ തോറും ചെന്ന് കൈയുക്കിൽ മദംകൊണ്ട അവർ രാത്രി ചെന്നു ദ്രോഹിച്ചു. കാലൻ ബാധിച്ചവരായ കാലകേയൻമാർ ഇത്തരത്തിൽ അസംഖ്യം ബ്രാഹ്മണരെ കൊന്നൊടുക്കി. പ്രഭാതമാകുമ്പോൾ കാണുന്നത് ദാരുണമായ കാഴ്ചയാണ് നിയതാഹാരൻമാരായ താപസന്മാർ മരിച്ചു കിടക്കുന്നു. മാംസം മുഴുവൻ തിന്നു കഴിഞ്ഞശേഷം മജ്ജയും ആന്ത്രവുമൊക്കെ കഴിഞ്ഞുള്ള, ദേഹങ്ങൾ, അസ്ഥിഖണ്ഡങ്ങൾ, ശംഖു ചിന്തിയ വിധം ചിതറിക്കിടക്കുന്നു. അഗ്നിഹോത്രം തകർത്ത്

ചിന്നിയും, കലശങ്ങൾ തകർന്ന് ഉടഞ്ഞും, ചിതറിയും കാണപ്പെട്ടു. ഇങ്ങനെ കാലകേയ ഭയപീഡകൊണ്ട് ലോകം നിരുത്സാഹമായി തീർന്നു. ജനങ്ങൾ ചത്തൊടുങ്ങുന്നതു കണ്ട് ശേഷിച്ച ആളുകൾ ആത്മരക്ഷയ്ക്കു വേണ്ടി പല ദിക്കിലേക്കും ഭീതരായി ഓടി. യജ്ഞോത്സവാദി കർമ്മങ്ങൾ നശിക്കുകയാൽ ലോകം നശിക്കുവാൻ തുടങ്ങി. ദേവൻമാർ വലിയ ദുഃഖത്തിൽ അകപ്പെട്ടു. അവർ ഇന്ദ്രനോട് ആലോചന നടത്തി. ശരണ്യനും വിഭുവുമായ നാരായണനെ ശരണംപ്രാപിച്ച്, ഇപ്രകാരം ഉണർത്തിച്ചു. "ഭഗവാനെ" അങ്ങ് ഈ ജഗത്തിന്റെ സൃഷ്ടി കർത്താവാണ്.അങ്ങ് ലോകത്തിനീശ്വരനാണ്. നടക്കുന്നതും നില്കുന്നതുമായ ലോകം, നീ ചമച്ചതാണ്. പണ്ട് കടലിൽ ആണ്ടു പോയ ലോകത്തെ ഹേ പുഷ്കരാക്ഷ, ഭവാനല്ലൊ വരാഹമായി വന്ന് ഉയർത്തിയത്. ഹിരണ്യകശിപു എന്ന മഹാ വീര്യവാനായ ദൈത്യനെ പണ്ട് നരസിംഹ രൂപത്തിൽ വന്ന് നീയാണല്ലോ സംഹരിച്ചത്. സർവ്വ ഭൂതങ്ങൾക്കും അവദ്ധ്യനായ ബലിയെന്ന മഹാസുരനെ വാമനരൂപത്തിൽ ചെന്ന് മൂന്നു ലോകത്തിന്റെയും ആധിപത്യത്തിൽ നിന്ന് ഭ്രംശിപ്പിച്ചതും നീയാണല്ലോ! ഇപ്രകാരമുള്ള മഹൽ കർമ്മങ്ങൾ ചെയ്ത മധുസൂദന, അങ്ങയുടെ മഹൽ കർമ്മങ്ങൾ എണ്ണിയാൽ ഒടുങ്ങാത്തതാണല്ലോ! ഭയഭീതരായ ഞങ്ങൾക്ക് ഭവാനേ രക്ഷയുള്ളു. അതുകൊണ്ട് ദേവദേവേശഃ ലോകത്തിന് വേണ്ടി ഞങ്ങൾ ഭവാനോട് അപേക്ഷിക്കുന്നു. ലോകത്തേയും ദേവൻമാരേയും ശക്രനേയും മഹാഭയത്തിൽ നിന്ന് അങ്ങു രക്ഷിച്ചാലും. ദേവൻമാർ സ്തുതിച്ചത് കേട്ടുകൊണ്ടിരുന്ന ഭഗവാൻ പറഞ്ഞു. ദേവൻമാരെ, പ്രജകളുടെ ക്ഷയത്തിനുള്ള കാരണം ഞാൻ അറിഞ്ഞിരിക്കുന്നു. കാലകേയൻമാർ എന്ന് വിഖ്യാതരായ പരമ ദാരുണരായ ഒരു കൂട്ടം അസുരൻമാരുണ്ട്. അവർ വൃതന്റെ ആശ്രയത്തിൽ ഈ ജഗത്ത് മുഴുവൻ നശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ധീമനായ സഹസ്രാക്ഷൻ വൃത്രനെ കൊന്നതു കണ്ടപ്പോൾ, അവർ ഭയപ്പെട്ട് പ്രാണരക്ഷക്കുവേണ്ടി കടലിൽ ചെന്നു കൂടിയിരിക്കുകയാണ്. സമുദ്രം വറ്റിക്കാതെ അവരെ പിടിച്ചു കൊല്ലുവാൻ കഴിയുകയില്ല. അഗസ്ത്യനല്ലാതെ മറ്റാർക്കും അതിനുള്ള കഴിവില്ല. ആഴി വറ്റിക്കാതെ ആ അസുരൻമാരെ കൊല്ലുവാനും കഴിയുകയില്ല.

മഹാവിഷ്ണു പറഞ്ഞ വാക്കുകേട്ട് വാനവൻമാർ ബ്രഹ്മാവിന്റെ അനുവാദത്തോടെ അഗസ്ത്യാശ്രമത്തിലേക്ക് പോയി. അവിടെ ചെന്ന് ദീപ്തതേജസ്വിയും വരുണപുത്രനുമായ ആ മഹാത്മാവിനെ കണ്ടു; കൈകൂപ്പി അവർ പറഞ്ഞു. ഭഗവാനേ, ഭവാൻ പണ്ട് നഹുഷനാൽ പീഡിപ്പിക്കപ്പെട്ട ലോകത്തിന് ഗതിയായി ഭവിച്ചു. ആ ലോകദ്രോഹിയെ സ്വർഗ്ഗൈശ്വര്യത്തിൽ നിന്നു വലിച്ചെറിഞ്ഞു സുരൻമാരെ രക്ഷിച്ചു. ഭാസ്കരന്റെ നേരെ ക്രോധിച്ച് ഉയർന്നു വന്ന വിന്ധ്യ പർവ്വതത്തെ ഭവാന്റെ വാക്കുമൂലം, ഭവാന്റെ ആജ്ഞ ധിക്കരിക്കാൻ ഭയമുള്ളതുമൂലം, വർദ്ധിക്കാതാക്കി നിർത്തി. ലോകം തമസ്സിലാണ്ട്, മൃത്യുപീഡ അനുഭവിക്കുന്ന ജനം, നീ നാഥനായി നില്ക്കെ പരിപൂർണ്ണ രക്ഷ നേടി ഭയഭീതരായ ഞങ്ങൾക്ക് നിത്യവും ഭവാനല്ലാതെ ഗതിയാരുണ്ട്? ആർത്തരായ ഞങ്ങൾക്ക് ഭവാൻ വരം തന്നാലും. അങ്ങ് എന്നും വരദനാണല്ലോ. ദേവൻമാർ സ്തുതിച്ചത് കേട്ട് മിത്രവരുണൻമാരുടെ പുത്രനായ അഗസ്ത്യൻ ദേവൻമാരുടെ ആഗമനോദ്ദേശ്യം അറിഞ്ഞു. എന്തു വരമാണ് വേണ്ടത് എന്ന് ചോദിച്ചു. ദേവൻമാർ അവരുടെ ആഗ്രഹം മുനിയെ ഇപ്രകാരം അറിയിച്ചു. ഭവാൻ സമുദ്രം ഒക്കെ കുടിച്ചു വറ്റിക്കണം. എന്നാൽ ശത്രുക്കളായ കാലകേയ വർഗ്ഗത്തെ ഞങ്ങൾ കൊന്നു കളയാം. ദേവൻമാരുടെ വാക്കുകേട്ട് മുനി "ലോകർക്ക് ക്ഷേമവും സുഖവും നൽകുന്ന നിങ്ങളുടെ ആഗ്രഹം ഞാൻ നിറവേറ്റാം". എന്ന് ഉറപ്പു കൊടുത്തു. അഗസ്ത്യ മഹർഷി ഉടൻ തന്നെ സരിത്തുക്കളുടെ പതിയായ സമുദ്രത്തിന്റെ സമീപത്തേയ്ക്ക് ചെന്നു. ദേവൻമാരും, തപസിദ്ധരായ ഋഷിമാരും ഈ അത്ഭുത കർമ്മം കാണുവാൻ അദ്ദേഹത്തോട് ഒന്നിച്ചു കൂടി. മനുഷ്യനും, ഉരഗങ്ങളും, പക്ഷൻമാരും, ഗന്ധർവ്വൻമാരും, മഹർഷി സമുദ്രം കുടിച്ചു വറ്റിക്കുന്നത് കാണുവാൻ അവിടേക്ക് എത്തിക്കൊണ്ടിരുന്നു. സമുദ്രത്തിന്നടുത്തു ചെന്ന് വാരുണിയായ ഭഗവാൻ അഗസ്ത്യൻ, വന്നു നില്ക്കുന്ന ദേവൻമാരോടും ഋഷിമാരോടും ഇപ്രകാരം പറഞ്ഞു. ഞാൻ ലോകത്തിന്റെ ഹിതത്തിനായി സമുദ്രത്തെ ഇതാ പാനം ചെയ്യുന്നു. ഹേ ദേവൻമാരെ, നിങ്ങൾ ചെയ്യുവാനുള്ളതു ഉടൻ ചെയ്തു കൊള്ളുവിൻ!

ഇപ്രകാരം പറഞ്ഞ് മഹർഷി സമുദ്രത്തെ ക്രുദ്ധനായി പാനം ചെയ്യുവാൻ തുടങ്ങി. ലോകം മുഴുവൻ ഈ അത്ഭുതകൃത്യം കണ്ട് നിന്നുപോയി. ഇതു കണ്ട് ഇന്ദ്രാദികളായ അമരൻമാർ

മഹർഷിയെ സ്തുതിച്ച് പൂജിച്ച് ഇപ്രകാരം പറഞ്ഞു. ഹേ, ലോക ഭാവന! ഭവാൻ ത്രാതാവാണ്, വിധാതാവാണ്. ലോകത്തിന് രക്ഷിതാവാണ്. നിന്റെ പ്രസാദത്താൽ ലോകങ്ങളൊക്കെയും അതിന്റെ ദേവൻമാരും നശിക്കാതെ നില നില്ക്കട്ടെ! ഇപ്രകാരം വാനവർ സ്തുതിക്കുമ്പോൾ ഗന്ധർവൻമാർ വാദ്യഘോഷങ്ങൾ മുഴക്കി ദിവ്യപുഷ്പങ്ങൾ വർഷിച്ചു കൊണ്ടിരിക്കുമ്പോൾ മഹർഷി ആ മഹാ സമുദ്രത്തെ നിർജ്ജലമാക്കി തീർത്തു. സമുദ്രത്തിലെ ജലം മുഴുവൻ വറ്റിയതായി കണ്ട് ദേവൻമാരൊക്കെ വലിയ ഹർഷത്തോടെ ദിവ്യായുധങ്ങളേന്തി ദാനവൻമാരുടെ നേരെ പാഞ്ഞു ചെന്ന് ആ അസുരൻമാരെ വധിച്ചു. ആദ്യമേ തന്നെ മഹർഷിമാരുടെ തപോബലം കൊണ്ട് നിർവീര്യന്മാരായ അസുരൻമാർ, അങ്ങേഅറ്റം ശക്തിയോടെ പോരാടി എങ്കിലും ദേവൻമാരാൽ നിശ്ശേഷം ഹതരായി ചത്തു. ശേഷിച്ച ചിലർ ഭൂമി പിളർന്ന് പാതാളത്തിലേക്ക് ഓടി ഒളിച്ചു.

മഹാഭാഗ!ഇനി ഭവാൻ കടലിനെ ജലം കൊണ്ട് നിറച്ചാലും! അങ്ങ് പാനം ചെയ്ത ജലം വിട്ടു കൊടുത്താലും. എന്ന് ദേവൻമാർ മഹർഷിയോട് പ്രാർത്ഥിച്ചെങ്കിലും, അദ്ദേഹം "ആ വെള്ളം ഞാൻ ദഹിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞ് സമുദ്രത്തിൽ ഇനി വെള്ളം നിറക്കുവാൻ വേറെ മാർഗ്ഗം നിങ്ങൾ നോക്കിക്കൊള്ളുവിൻ" എന്ന് അവരെ ഉപദേശിച്ചു. ദേവൻമാരെല്ലാവരും മഹർഷിയെ പ്രണമിച്ച്, വിഷ്ണുവിനോട് കൂടി ചെന്ന്, സമുദ്രം ജലംകൊണ്ട് വീണ്ടും നിറച്ചു തരുവാൻ ബ്രഹ്മാവിനോട് അഭ്യർത്ഥിച്ചു. കുറെക്കാലം കഴിഞ്ഞ് മഹാ രാജാവായ ഭഗീരഥൻ ആണ് അത് നിർവ്വഹിച്ചത്.

■



# സീതായാനം



പ്രൊ. കെ.ബി. ഉണ്ണിത്താൻ

സൂര്യവംശ യശോധനമന്നവൻ
നേടിവച്ചൊരീ സ്വർണ്ണസിംഹാസനം
ആര്യധർമ്മമോ മിഥ്യാഭിമാനമോ
രാമരാജനീ ഞാൻ പുരുഷോത്തമൻ!

ഛത്രചാമര ദിവ്യായുധങ്ങളും
മിത്രബാന്ധവ സേനാസമുദ്രവും
ക്ഷുദ്രമിന്നെനിക്കേകില്ല രക്ഷണം
നിദ്രപോലുമൊഴിഞ്ഞു മഹാമുനേ!

ചിത്രകൂടവനാന്തരം മോഹനം
മർത്യജന്മനോജ്ഞവാസന്തികം
നിത്യരാഗവിലാസവിലോളിതം
ഹൃത്തിലിന്നുമെൻ വാടാമലരുകൾ.

രാജഭോഗമെനിക്കു വിധിച്ചതു
പ്രേമസാമ്രാജ്യ നഷ്ടസ്വപ്നങ്ങളോ?
കാമചാരികളാനന്ദമാർഗ്ഗികൾ
പൂർവ്വസൂരികൾ നൽകുന്ന പാപമോ?

യാമിനീ തടവൃന്ദാവനികയിൽ
കാമനകൾ വിരിയുമദ്വാപരേ
വേണവൂതി ഞാനാടിയും പാടിയും
രാഗിണീ, വരൂ രാധികാ റാണിയായ്.

ജാനകീമണിദീപമാത്മാവിലെൻ
സൂര്യശോഭപൊലിഞ്ഞു ഞാനേകനായ്
ആധി നീറിപ്പുകയുന്നു ഹൃത്തടം
ദേവി വൈദേഹി! മാപ്പിരക്കുന്നു ഞാൻ.

സാരഥേ, ഞാനിറങ്ങട്ടെ പോവുക
സാദരം, വിട സീതാരമണനീ
ആഴമേറിയ ശോകം സരയുവിൽ
പ്രാണതർപ്പണം ചെയ്തെന്നു ചൊല്ലുക.

# കുറ്റവാളിയേയും നിരപരാധിയേയും തരംതിരിക്കുന്നത് എങ്ങനെ?

സി. രാമചന്ദ്രൻ

നാം ആരാണ് എന്നത് നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും പ്രശ്നമാണ്. രാഹുൽ ഗാന്ധിയുടെ മുഖവും മുടിയും തേടി ഇന്റലിജൻസുകാർ നടന്നത് വലിയൊരു വാർത്തയായിരുന്നുവല്ലോ. നാമാരാണെന്ന് തെളിയിക്കുവാൻ ആധാർ കാർഡിനെ ആശ്രയിക്കാൻ പാടില്ല എന്ന് അടുത്ത കാലത്ത് സുപ്രീം കോടതി വിധി വന്നതും പുലിവാലായി. ആധാറിനെ ആധികാരികമാക്കാൻ തക്ക നിയമങ്ങൾ ഭാവിയിൽ പാർലമെന്റിൽ വരാതിരിക്കില്ല.

ജീവിച്ചിരിക്കുന്ന ഓരോ മനുഷ്യനും മറ്റൊരു മനുഷ്യനുമായി ഏറെ വ്യത്യസ്ഥതകളുണ്ട്. ഒരാളെപ്പോലെ ഒമ്പത് പേരുണ്ട് എന്നത് ഒരു കാല്പനിക ശൈലി മാത്രമാണ്. ഇരട്ടകൾ പോലും ബാഹ്യമായി ഒരുപോലെ ഇരിക്കുമെങ്കിലും, സൂക്ഷ്മ പരിശോധനയിൽ പല വ്യത്യാസങ്ങളും കാണാം. ശരീരത്തിലെ ചില മറുകുകളാണ് തിരിച്ചറിയൽ അടയാളങ്ങളായി പണ്ടു മുതൽ കണക്കാക്കിയിരുന്നത്. ഇന്നും SSLC ബുക്കിൽ അതുണ്ട്. ഇന്നത്തെ തിരിച്ചറിയൽ രേഖകളിൽ ബയോമെട്രിക് സാങ്കേതിക വിദ്യകൾക്കാണ് ആധികാരികത.

സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ച് കുറ്റകൃത്യങ്ങളും കുറ്റമറ്റതായി വരുന്നതായി കാണാം. ബാങ്കിംഗ് രംഗത്തായാലും, പാസ്പോർട്ട്, വിസ രംഗത്തായാലും കള്ളനോട്ടുകളുടെ ലോകത്തായാലും, ക്വട്ടേഷൻ സംഘങ്ങളുടെ കൊലപാതകങ്ങളായാലും അതെല്ലാം തന്നെ ഇന്ന് അതിസൂക്ഷ്മമായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ഒരു ഭാഗത്ത് നിന്ന് ഭരണകൂടമെല്ലാം കണക്കിൽപ്പെടുത്തിയും ചിട്ടപ്പെടുത്തിയും വരുമ്പോൾ മറുഭാഗത്ത് കുറ്റവാളികളും തന്ത്രപരമായി നീങ്ങുന്നു. ഈ കള്ളനും പോലീസും കളി മനുഷ്യനുള്ള കാലത്തോളം തുടരും. ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളുടെ ലോകത്ത് നമ്പറും പാസ്‌വേഡും തട്ടിയെടുത്ത് പണം ചോർത്തുന്ന സൈബർ ക്രിമിനൽ വിദഗ്ദ്ധരെ തോല്പിക്കുവാൻ ഇന്ന് ഭരണകൂടം കണ്ടു വച്ചിരിക്കുന്ന മറുതന്ത്രം ബയോമെട്രിക് സാങ്കേതിക വിദ്യയാണ്.

കള്ളനോട്ടും പിടിച്ചുപറിയും ഒഴിവാക്കാനായി ഇന്ന് ബാങ്കുകൾ ഡിജിറ്റൽ ഇടപാടുകളിലേക്ക് അതിവേഗം മാറുകയാണ്. ഈ പരിതസ്ഥിതിയിൽ ഫിങ്കർ വെയിൻ സ്കാനർ എന്ന പുതിയൊരു സങ്കേതം തിരിച്ചറിവിനായി രംഗത്തേയ്ക്ക് വരുകയാണ്. വിരലടയാളങ്ങൾ പകർത്തി കൃത്രിമ വിരലുകളുണ്ടാക്കി കള്ളരേഖകൾ ഉണ്ടാക്കുന്ന വിദഗ്ദ്ധരും രംഗത്തുള്ള പരിതസ്ഥിതിയിൽ തൊലിക്കകത്തെ സൂക്ഷ്മ രക്തക്കുഴലുകളിലൂടെ ഒഴുകുന്ന ചുടുരക്ത മാതൃകയാണ് ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യയിലൂടെ ഇവിടെ പ്രയോജനപ്പെടുത്തുന്നത്. 'ഇവിടെ സ്വർഗ്ഗമാണ്' എന്ന റോഷൻ ആഡ്രൂസ് സിനിമയിൽ ജഗതി ശ്രീകുമാർ വിരലടയാളം കൃത്രിമമായി സൃഷ്ടിച്ച് രേഖകളുണ്ടാക്കുന്ന കഥാപാത്രമായി വരുന്നത് ഓർക്കുക. ശബ്ദത്തിന്റെ പ്രത്യേകതയും അനുകരിച്ച് കഥ സംഭവ ബഹുലമാക്കുന്ന കമലാഹാസൻ - ജയറാം ചിത്രമായ ചാണക്യനും മറ്റൊരു തരത്തിൽ ആൾമാറാട്ടം വിഷയമാക്കുന്ന ചലച്ചിത്രമാണ്. കഥകളാണെങ്കിലും ഇതെല്ലാം സംഭവിക്കാവുന്നതാണ്.

ശരീരവുമായി ബന്ധപ്പെട്ട പല അളവുകളും പൊതുവായിട്ടുള്ളതാണെങ്കിലും സൂക്ഷ്മമായി നോക്കുമ്പോൾ ഒന്നിനൊന്ന് വ്യത്യസ്തമാണ്. ശബ്ദത്തിന്റെ തരംഗദൈർഘ്യം, വിരലടയാളം, വിരലുകളുടെ വിന്യാസം, കണ്ണിലെ കൃഷ്ണമണിയിലെ രക്തക്കുഴലുകൾ, ഡി. എൻ. എ മാപ്പ് തുടങ്ങി പല ഘടകങ്ങളും തിരിച്ചറിവിനായി ഉണ്ട്. കമ്പ്യൂട്ടറുകളുടെ വ്യാപനവും ജനിതക സാങ്കേതിക വിദ്യയുടെ പുരോഗതിയും പഴയ വിരലടയാള പദ്ധതിയേയും അടയാള മറുകുകളെയും പിൻതള്ളിയിരിക്കുന്നു. കണ്ണിന്റെ വിവിധ പാളികളെയും അതിന്റെ പ്രത്യേകതകളെയും മറ്റുമാണ് ഇന്ന് രേഖകളിൽ ഉൾപ്പെടുത്തി വരുന്നത്. കൈപ്പത്തിയുടെ മൊത്തം രേഖകളാണ് കമ്പ്യൂട്ടർ സ്കാനിംഗിലൂടെ സംഭരിച്ച് വയ്ക്കുന്നത്. ഇതൊക്കെയാണെങ്കിലും ഡി.എൻ.എ എന്ന

ജനിതക സാങ്കേതിക വിദ്യ തന്നെയാണ് തിരിച്ചറിയൽ രേഖകളിൽ മുമ്പൻ. തസ്കര ശ്രീമാൻമാർ ഇതതിജീവിക്കാനുള്ള വിദ്യകൾ ഇനിയും കണ്ടുപിടിച്ചിട്ടില്ല. ഡി എൻ എ സ്കാനിംഗിനും പരിശോധനക്കും ഇന്ന് ആധുനിക ഉപകരണങ്ങളുണ്ട്. ഏത് പോലിസു കാരനും ഉപയോഗത്തക്കവിധം അത് ലളിതമായി ക്കൊണ്ടിരിക്കുന്നു.

ഒരു മോഷണത്തിനുശേഷം തസ്കരൻ വീട്ടമ്മയുടെ കവിളിൽ അരുമയായ ഒരു ചുംബനവും അർപ്പിച്ചാണ് തിരിച്ചുപോയത്. അതാണ് അയാൾക്ക് വിനയായത്. യുവതിയുടെ കവിളത്തുപറ്റിയ ഉമിനീർ ശകലം എടുത്ത് ഡി. എൻ. എ പരിശോധന നടത്തിയതിൽ നിന്നാണ് കക്ഷിയെ പിടിച്ചതും, കേസ് തെളിയിച്ചതും, ശിക്ഷ നൽകിയതും.

തിരിച്ചറിയലിന് സാധാരണ മനുഷ്യൻ സാധാരണയായി ഉപയോഗിക്കപ്പെടുന്ന മുഖചരായ തന്നെയാണ് ഇന്നും ഒരു പ്രധാന ബയോമെട്രിക് ഉപാധി. കമ്പ്യൂട്ടറിന്റെ സഹായ ത്താൽ ചർമ്മത്തിന്റെ നിറം, അവയവങ്ങളുടെ ഘടനാവിന്യാസം, തുടങ്ങിയവയെല്ലാം സമൂലമായി ഉൾപ്പെടുത്തി, ഒരു തികവുള്ള സംവിധാനമായി അതു മാറുകയാണ്.

ക്യാമറകളുടെയും കമ്പ്യൂട്ടറുകളുടെയും സഹായത്തോടെ കുറ്റകൃത്യങ്ങളെ നിയന്ത്രി ക്കാനും, കുറ്റവാളികളെ തിരിച്ചറിയുവാനും ഇന്ന് കഴിയുന്നുണ്ട്. സൂപ്പർ കമ്പ്യൂട്ടറുകളുടെ കൃത്രിമ ബുദ്ധിയും, മനുഷ്യ മസ്തിഷ്കത്തിന്റെ സ്വാഭാവിക ബുദ്ധിയും ചേർന്ന് ഇക്കാര്യത്തിൽ വമ്പിച്ച മുന്നേറ്റം നടത്തുന്നുണ്ട്. എന്നാൽ സൈബർ കുറ്റവാളികളും ഉറങ്ങാതെ ഉണർ വോടെ പ്രവർത്തിക്കുന്നു. ഈ ഒളിച്ചുകളിയും തുടരും.

സ്വർണ്ണക്കടകളിലെ ക്യാമറ ദൃശ്യങ്ങൾ പോലീസുമായി പങ്കുവയ്ക്കുവാൻ ഉടമസ്ഥർ തയ്യാറല്ല. കസ്റ്റമറുകളെ പണക്കേസിൽ ഉൾപ്പെടു ത്തിയാൽ ബിസിനസ്സിനെ അത് ബാധിക്കും. വ്യാപാരിയും വെട്ടിപ്പു നടത്തുന്നുണ്ടാകാം. ഇതെല്ലാം നിയന്ത്രിക്കുവാൻ ഉത്തരവാദിത്വപ്പെട്ട മന്ത്രിമാരും, ഉദ്യോഗസ്ഥമാരുപോലും ഇതിനൊ ന്നിനും അതീതരുമല്ലല്ലോ. അഴിമതി നിർമ്മാർ ജ്ജനം, അച്ചടക്കസ്ഥാപനം എന്നിവ സാമൂഹ്യ മനസ്സിനെ ആശ്രയിച്ചിരിക്കും. ഭരണകൂടത്തിന്റെ പിടി മുറുകുന്നു എന്ന കാരണത്താൽ അരാജക വാദികളും ഇതിനെല്ലാം എതിരാണെന്ന് ഓർമിക്കുക.

ശാസ്ത്രം ജനങ്ങൾക്കുപകാരപ്രദമാം വണ്ണം ഉപയോഗിക്കപ്പെടുന്നതിന്റെ ഒരു ഉദാഹരണമാണ് ബയോമെട്രിക്സ്. ഇതിനെ ക്കുറിച്ച് ഒരു പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇതേ പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് സുഗമമായി വായി ക്കാവുന്ന ലളിത ഭാഷയിലുമാണ്.

ശാസ്ത്രത്തിന്റെ രീതി ജനകീയമായി പ്രയോഗിക്കപ്പെടുന്ന രണ്ട് രംഗങ്ങളാണ് ആധുനിക വൈദ്യശാസ്ത്രവും, കുറ്റാന്വേഷ ണവും. സൂക്ഷ്മപരിശോധയിലൂടെയും, അന്വേഷണത്തിലൂടെയുമാണ് രോഗനിർണ്ണയ മായാലും, കുറ്റാരോപണമായാലും നിർവ്വഹിക്ക പ്പെടുന്നത്. മഷി നോട്ടത്തിലൂടെയും, കവിടി നിരത്തിയും പ്രതിയെ അന്വേഷിക്കുന്ന ബുദ്ധി ശൂന്യരെ ഇന്നും കണ്ടേക്കാം. പക്ഷെ സാക്ഷി, തൊണ്ടി, രേഖ, ഫോറൻസിക്, സാഹചര്യം തുടങ്ങിയ തെളിവുകളെ മാത്രമേ കോടതി അംഗീകരിക്കൂ. കാരണം അതിനേ ശാസ്ത്രീയത യുള്ളൂ. കുറ്റാരോപണം കുറ്റമറ്റതാക്കൻ ബയോ മെട്രിക്ക് മേഖല ഭാവിയിൽ കൂടുതൽ സഹായിക്കും. ■

## *മാതൃപഞ്ചകം*

ന ദത്തം മാത,സ്തേ മരണസമയേ തോയമപി വാ,
സ്വധാ വാ നോ ദേയം മരണദിവസേ ശ്രാദ്ധവിധിനാഃ
ന ജപ്തോ മാത, സ്തേ മരണസമയേ താരകമനു
സ്ത്വകാലേ സംപ്രാപ്ത മയി കുരു ദയാം മാത, രതുലാം.

അമ്മേ ! മരണസമയത്തിൽ ഞാൻ വെള്ളം പോലും തന്നില്ല. മരണദിവസം ശ്രാദ്ധവിധിക്കനുസരിച്ച് സ്വധയും ഞാൻ ഉയർത്തിയില്ല. അമ്മേ! മരണസമയത്ത് ഞാൻ താരകമന്ത്രവും ജപിച്ചില്ല. അകാലത്തിൽ വന്നു ചേർന്ന എന്നിൽ അമ്മേ! അളവറ്റ ദയ ചെയ്യണമേ.

***(ശ്രീ ശങ്കരാചാര്യർ)***



# ഒരേ തൂവൽ പക്ഷികൾ



രമാ ശശിധരൻ

വീൽചെയറിൽ ഇരുന്ന് ഒരു നിമിഷം ഉത്തര ഓർത്തു. "തന്റെ ഏതാഗ്രഹവും സാധിച്ചു തരുന്ന നല്ലവനായ ഭർത്താവ് മോഹന വർമ്മ തമ്പുരാൻ. സ്നേഹ സമ്പന്നനായ; നിഷ്ക്കളങ്ക നായ അദ്ദേഹത്തെ വെല്ലാൻ ആരാണുള്ളത്"? ഉത്തരക്ക് അതൊരഭിമാനവും അഹങ്കാരവു മായിരുന്നു!

അങ്ങനെ രണ്ടു വർഷത്തെ ആനന്ദ ലഹരിയിൽ രണ്ടു കുഞ്ഞോമനകളും ജനിച്ചു. ആട്ടവും പാട്ടുമൊക്കെയായി കൊട്ടാരമാകെ സന്തോഷത്തിൽ ആറാടി.

കുഞ്ഞുങ്ങളുടെ ആട്ടവും, പാട്ടും, കളിയും, ചിരിയുമൊക്കെ ഇപ്പോഴും കൊട്ടാര ത്തിൽ മുഴങ്ങുന്നുണ്ട്. പക്ഷെ ഇന്നോ കൊട്ടാരം നിന്നിടത്ത് അംബരചുംബികളായ കെട്ടിടങ്ങൾ.

ഒരു നെടുവീർപ്പോടെ ഉത്തര ഓർത്തു. തിരമാലകൾ തന്റെ കാൽമുട്ടു നനച്ചപ്പോഴാണ് കടപ്പുറത്ത് വീൽചെയറിലാണ് താൻ തമ്പുരാന്റെ ഒപ്പം ഉള്ളത് എന്ന സത്യം മനസ്സിലാക്കിയത്. "മാഷേ", ഉത്തര ഓമനപ്പേരായി തമ്പുരാനെ വിളിക്കുന്നതങ്ങനെയാണ്."

"കുട്ടികളുടെ പഠിപ്പും പത്രാസും ഒക്കെ കഴിഞ്ഞ്, ജോലിയും കിട്ടി, കല്ല്യാണവും കഴിഞ്ഞു, രണ്ടു പേരക്കുട്ടികളുമായി, ഇനി യെന്താ മാഷേ മാഷിന്റെ ദുഖം"? ഞാൻ വീൽ ചെയറിൽ ഇരുന്നിട്ടാണോ? ഞാനൊരു ഭാര മായോ മാഷേ? മാഷ് വായ്പൊത്തി നിറുകയിൽ ചുംബിച്ചു.

എല്ലാ സന്തോഷവും ഏറെനാൾ ഉണ്ടാ വില്ലല്ലോ! അല്ലെങ്കിൽ അന്നത്തെ തീവണ്ടി യപകടം ഉത്തരയുടെ കാൽ നഷ്ടപ്പെടുത്തുമോ? ബന്ധുക്കളും സുഹൃത്തുക്കളും ഓടിയെത്തി.

മക്കളെല്ലാം സങ്കടത്തോടെ ഓടി അടുത്തുവന്ന് "അവരുടെ കൂടെ ജീവിച്ചാൽ മതി ഇനി അച്ഛനും അമ്മയും തനിയെ നാട്ടിൽ ഇരിക്കേണ്ട എന്നുത്തരവിട്ടു."

ഒരാളെ മകനും ഒരാളെ മകളും കൊണ്ടു പോകുവാൻ റെഡിയായി. ജീവിതം നൈമിഷിക മാണ്, അതു തീരുന്നതുവരെ ഒരുമിച്ച്, അതായി രുന്നു തമ്പുരാന്റെയും, തമ്പുരാട്ടിയുടെയും നിലപാട്. പ്രതിസന്ധിയിൽ തളരാതെ വീൽ ചെയറിൽ ഇരുന്ന് ഉത്തര കഥകളും കവിതകളും ഒക്കെ എഴുതി, കവറിൽ ഇട്ട് അഡ്രസ്സ് എഴുതി തമ്പുരാന്റെ കയ്യിൽ കൊടുത്തയക്കും. എല്ലാം പോസ്റ്റ് ചെയ്ത് ഫ്രൂട്ട്സും, മുല്ലപ്പൂവും ഒക്കെയാ യി തമ്പുരാൻ വരും. വയസ്സെത്രയായാലെന്താ "താൻ എന്നും എന്റെ മണവാട്ടിയല്ലേ....."?

എപ്പോഴും സുന്ദരിയായി ഒരുങ്ങുന്ന താണ് മാഷിനിഷ്ടം! റേഡിയോവിലേക്കും, ടി. വി. യിലേക്കും ഒക്കെ ഉത്തര ലേഖനങ്ങൾ അയക്കും. അത് വായിച്ച് കേൾക്കുമ്പോൾ മാഷ് ഉത്തരയെ അഭിനന്ദിക്കും.

അങ്ങനെയിരിക്കുമ്പോഴാണ് ഉത്തരയെ കോളേജിൽ പഠിപ്പിച്ച മാസ്റ്ററുടെ അറിയിപ്പു കിട്ടുന്നത്. കഥയ്ക്കും കവിതക്കും ഒന്നാം സ്ഥാനം ഉത്തരക്കാണെന്ന്. മനസ്സിൽ ഒരായിരം പൂമഴപെയ്യുന്നതു പോലെ തോന്നി. കാൽ നഷ്ടപ്പെട്ടതോർക്കാതെ ഉത്തര വീൽ ചെയറിൽ നിന്നും ചാടി എണീറ്റു. തറയിൽ തലയടിച്ചു വീണു. രക്തം വാർന്നൊഴുകി.

തമ്പുരാൻ വരുമ്പോൾ രക്തംവാർന്ന് ബോധമറ്റു കിടക്കുന്ന ഉത്തരയെയാണ് കണ്ടത്. വാരിയെടുത്ത് കാറിൽ കയറ്റി ആശുപത്രിയിൽ എത്തിച്ചെങ്കിലും ഉത്തരയെ രക്ഷിക്കാനായില്ല.

തലതല്ലിക്കരയുന്ന തമ്പുരാനെ കണ്ട് ബന്ധുക്കളും സുഹൃത്തുക്കളും എല്ലാം വിഷമ ത്തിലായി. മക്കൾ പാഞ്ഞെത്തി. എല്ലാ കർമ്മ ങ്ങളും കഴിഞ്ഞു.

ഇനി അവളുടെ കഥാ സമാഹാരത്തിന്റെ അവാർഡ് ഏറ്റുവാങ്ങൽ ചടങ്ങു മാത്രം! ഗദ്ഗദം തമ്പുരാന്റെ തൊണ്ടയിൽ കുരുങ്ങി ഏങ്ങലായ് മാറി. തമ്പുരാൻ താടിയും മുടിയുമെല്ലാം നീട്ടി വളർത്തി, ഉത്തരക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഡബിളും ജുബ്ബയും ധരിച്ച് കോളേജങ്കണത്തിൽ എത്തി. അവളുടെ മാസ്റ്ററേയും ടീച്ചറേയും കണ്ടപ്പോൾ തമ്പുരാന്റെ സങ്കടം ഇരട്ടിച്ചു. അവർ അദ്ദേഹത്തെ ആഡിറ്റോറിയത്തിലേക്കു കൊണ്ടു പോയി. ഒരു നിമിഷം തമ്പുരാൻ (വർഷങ്ങൾക്കു മുമ്പ്) പുറകോട്ടു പോയി. ആദ്യമായി ഈ ആഡിറ്റോറിയത്തിൽ വന്നതും, ഉത്തരയുടെ തിരുവാതിരകളി കണ്ടതും, മനസ്സിൽ അടങ്ങാത്ത ആവേശവും ഇഷ്ടവും തോന്നിയതും എല്ലാം എല്ലാം.....

ഉത്തരാമോഹനവർമ്മ - കഥാസമാഹാരത്തിന് ഒന്നാം സ്ഥാനം എന്ന് മൈക്ക് വിളിച്ചുണർത്തുമ്പോഴാണ് തമ്പുരാന് പരിസരബോധം വന്നത്, സ്റ്റേജിൽ കയറി സമ്മാനം വാങ്ങുമ്പോഴോ, സദസ്യരുടെ കയ്യടി മേളം, "ഈ സമ്മാനം കയ്പറ്റാൻ അവളില്ലാതെ പോയി.... എന്നെ തനിച്ചാക്കി..." ഗദ്ഗദം വാക്കുകൾക്ക് വിരാമമിട്ടു."കുറച്ച് നിർബന്ധബുദ്ധി ഉണ്ടെങ്കിലും അവൾ ചെയ്യുന്നതെല്ലാം നല്ല കാര്യങ്ങളായിരുന്നു. ആ കണ്ണുകളിലെ തീഷ്ണത നമുക്ക് അത് മനസ്സിലാക്കിത്തരും."

ഇത്രയും പറഞ്ഞപ്പോൾ തന്നെ തൊണ്ടയിടറി, കാലുകൾ വിറച്ചു, വേച്ചു വേച്ചു വീഴാൻ പോയ മോഹനവർമ്മയെ സ്റ്റേജിലുള്ളവരും മകനും എല്ലാവരും വന്ന് താങ്ങി. മകന്റെ മടിയിൽ തല ചായ്ച്ച് തമ്പുരാനും യാത്രയായി ഒരേ തൂവൽ പക്ഷികളായിരുന്നവർ - ഒരേ ഇഷ്ടങ്ങളുണ്ടായിരുന്നവർ ഒന്നാവാൻ. ■

# വൃദ്ധവിഷാദം

**പി. ബാലഗോപാലൻ**

ആണുങ്ങളിലും പെണ്ണുങ്ങളിലും മൂത്തുപഴുത്തൊരു വർഗ്ഗോണ്ടിവിടെ
ആയുസ്സെന്നൊരു ഭാരം പേറി ജീവിക്കുന്നു മരിച്ചതുപോലെ
ആവുംകാലം പിള്ളേർക്കായിട്ടദ്ധ്വാനിച്ചു വിയർത്തവരാണിവർ
ആൺമക്കൾക്കും പെൺമക്കൾക്കും ഭാരിച്ചവരാണിന്നീക്കൂട്ടർ.

മക്കൾ സ്നേഹം കൂടിയ കൂട്ടർ കാലേകൂട്ടി സ്വത്തു കൊടുത്തു
മക്കളെ പേടിച്ചിട്ടതിൽ ചിലരോ സ്വത്തു കൊടുക്കാൻ നിർബന്ധിതരായ്
മക്കൾ തന്നെ വലിയൊരു സ്വത്ത് എന്നു വിചാരിക്കുന്നു പലരും
മൂന്നായാലും നന്നല്ലെന്നത് തോന്നാൻ അധികം സമയം വേണ്ട.

ചെറു പ്രായത്തിൽ തോളിൽ നിന്നുമിറങ്ങാത്തവനോ സ്മോളിൽ മുങ്ങി
കയ്യുപിടിച്ചു നടന്നവനിന്ന് കയ്യുംകെട്ടി പാട്ടിനുപോയി
തലയിൽ വച്ചു നടന്നവളയ്യോ!തലവെട്ടിച്ചു നടക്കാറായി
കാലിൽ കേറി തുള്ളാറുള്ളവൻ കലി കയറിയ പോൽ തുള്ളാറായി.

മടിയിൽ മാത്രമുറങ്ങാറുള്ളവൻ മറുതല പറയാൻ മടികാട്ടില്ല
ഒക്കത്തിരുത്തി നടത്തിയൊരെ ചിലർക്കോർക്കാനായിട്ടൊക്കത്തില്ല
ആനകളിച്ചു നടന്നവർ പലരും ആമത്തോടിലൊളിച്ചതുപോലെ
സ്വന്തം കാലിൽ നിൽക്കാറായാൽ അച്ഛനുമമ്മേം വേണ്ടാതായി.

ചിലരാണെങ്കിൽ ഫുഡ്ബോൾ പോലെ മക്കടെ വീട്ടിൽ മാറിനടക്കും
വേറെ ചിലരെ മക്കൾ തന്നെ വോളീബോളായ് തട്ടിവിടുന്നു
ഇനിയൊരു കൂട്ടരെ നിലം തൊടാതെ ബൗൺഡറിവിട്ടുവിടുന്നു മക്കൾ
ഭാഗ്യം ചെയ്തൊരു ജന്മോള്ളവരെ മക്കൾ വീട്ടിൽ പാർപ്പിക്കുന്നു.

# കന്യാകുമാരി





എം. ജി. തങ്കമ്മ

കേരളത്തിന്റെ തെക്കേ അതിർത്തിയായ കന്യാകുമാരിയെപ്പറ്റിയും വടക്കേ അതിർത്തി യായ ഗോകർണ്ണത്തെപ്പറ്റിയും മഹാഭാരതത്തിൽ പ്രസ്താവനയുണ്ട്. അതിനാൽ ഈ രണ്ടു പുണ്യസ്ഥലങ്ങൾ അതിപ്രാചീനങ്ങളാണെന്ന് അറിയപ്പെടുന്നു. മഹാഭാരതം വനപർവ്വത്തിൽ കന്യാകുമാരിയെ പ്രകീർത്തിക്കുന്ന പല സന്ദർഭങ്ങളുണ്ട്. ഇവിടെ സ്നാനം ചെയ്താൽ കീർത്തിമാനായി തീരുമെന്ന് മഹാഭാരതം വനപർവ്വം 85 -ാം അദ്ധ്യായത്തിൽ കാണുന്നു.

പുരാണകഥകൾ ഃ കന്യാകുമാരിയുടെ ഉത്ഭവ ത്തേയും പ്രസിദ്ധിയേയും പറ്റി പല പൗരാണിക കഥകളും കാണുന്നു. അവയിൽ പ്രധാനപെട്ടത് താഴെ കൊടുക്കുന്നു.

1. ബ്രാഹ്മണപത്നി ഃ കാശിയിലുള്ള അപഞ്ചികൻ എന്ന ഒരു ബ്രഹ്മണന്റെ പത്നി പാതിവ്രത്യഭംഗം വന്നതിനാൽ കാൽനടയായി ഇവിടെ എത്തി ധ്യാനം ചെയ്ത് നിർവൃതി നേടി. അതിനാൽ ഇവിടെ സ്നാനം ചെയ്യുന്നത് സർവ്വപാപഹര മാണെന്ന് ഹൈന്ദവർ കരുതുന്നു.

(മണിമേഖല)

2. പുണ്യകാശി ഃ മായാസുരന്റെ പുത്രിയായ പുണ്യകാശി ഒരിക്കൽ കൈലാസത്തിൽ ചെന്ന് ശിവനെ പൂജിച്ചു. മൂന്നു യുഗങ്ങൾ കഴിഞ്ഞ പ്പോൾ ശിവൻ പ്രത്യക്ഷപ്പെട്ട് വരമെന്തു വേണമെന്ന് ചോദിച്ചു. സർവ്വകാലങ്ങളിലും തനിക്ക് ശിവനിൽ ലയിച്ചിരിക്കുന്നതിനുള്ള വരമരുളണമെന്ന് അവർ അപേക്ഷിച്ചു. ശിവൻ ഇങ്ങനെ പറഞ്ഞു. 365 ദിവസം ഒരു വർഷം, നാലുലക്ഷത്തി മുപ്പത്തിമൂന്നു വർഷം കഴിയു മ്പോൾ ഒരു കലിയുഗമായി. കൃത, ത്രേത, ദ്വാപര, കലി എന്ന രണ്ടായിരം ചതുർയുഗം കഴിയു മ്പോൾ ബ്രഹ്മാവിന്റെ ഒരു ദിവസമായി. അപ്രകാരമുള്ള മുപ്പതു ദിവസം ഒരു മാസവും പന്ത്രണ്ടു മാസം ഒരു വർഷവുമാകുന്നു. ഇപ്രകാരം നൂറു വർഷമാകുമ്പോൾ പ്രളയം ഉണ്ടാകുന്നു. ഇങ്ങനെ പത്തു പ്രളയകാലം, ഭഗവാൻ വിഷ്ണുവിന്റെ ഒരു നാഴികയാണ്. ഇങ്ങനെ മേല്ക്കുമേൽ പത്തു വിഷ്ണുലയ മുണ്ടാകുന്ന കാലം ശിവന് ഒരു ക്ഷണനേര മാകുന്നു. അതാണ് സർവ്വസംഹാരത്തിന്റെ കാലം. അപ്പോൾ നിന്റെ മനോഭിലാഷം സഫലമാകട്ടെ. അതുവരെ നീ ദക്ഷിണ സമുദ്രത്തിന്റെ കരയിൽ തപോനിഷ്ഠയിലിരി ക്കുക. നിന്റെ വാസസ്ഥാനം കന്യാക്ഷേത്ര മെന്നും, തപസ്ഥലമെന്നും അറിയപ്പെടും. ഇതിനിടയ്ക്ക് നീ ബാണാസുരാദി ദുഷ്ടൻമാരെ വധിച്ച് ലോകഭാരം കുറയ്ക്കട്ടെ. ബ്രഹ്മ നിഷ്ഠനായി ഞാനും ജ്ഞാനവനത്തിൽ വന്ന് വസിക്കുന്നതാണ്.

പുണ്യകാശി ഭഗവാനെ നമസ്കരി

ച്ചശേഷം ദക്ഷിണ സമുദ്ര തടത്തിലേക്ക് മടങ്ങി. കൈയിൽ മാലയുമെടുത്ത് പുണ്യകാശി കന്യാകുമാരി എന്ന പേരിൽ തപസ്സാരംഭിച്ചു. ബാണാസുരൻ മൂന്നു ലോകങ്ങളും പിടിച്ചടക്കി ദുർഭരണം നടത്തിയിരുന്ന കാലത്ത് അയാൾ പുണ്യകാശിയെ വിവാഹം കഴിക്കാനാഗ്രഹിച്ചു. ദുർമുഖൻ,ദുർദ്ദർശനൻ എന്ന രണ്ടു ദൂതൻ മാരോടു കൂടി ബാണൻ അവളുടെ അടുക്കൽ വന്നു. അവൾ വഴങ്ങിയില്ല.. തുടർന്നുണ്ടായ യുദ്ധത്തിൽ ദേവിയുടെ ചക്രായുധം ഏറ്റ് ബാണൻ നിലം പതിച്ചു. ആ പ്രദേശത്താണ് കന്യാകുമാരിയിലെ ചക്രതീർത്ഥം ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. (സ്കന്ധപുരാണം).

3. ശ്രീകൃഷ്ണാവതാര കാലത്ത് മായാശിശുവായി പിറന്നതും കംസന്റെ കൈപിടിയിൽ നിന്ന് വഴുതി മേല്പോട്ടുയർന്ന് അപ്രത്യക്ഷയായ ദിവ്യകന്യകയാണ് കന്യാകുമാരി. (പത്മ പുരാണം).

ശാസ്ത്രീയ വീക്ഷണം; ഇന്നു കാണുന്ന കന്യാകുമാരിയിൽ നിന്ന് തെക്കോട്ട് വളരെ വിസ്തീർണ്ണമായ ഭൂവിഭാഗമുണ്ടായിരുന്നു വെന്നും അതിന് ലമൂറിയാഭൂഖണ്ഡം എന്നു പേരായിരുന്നു വെന്നും കാലക്രമത്തിൽ അത് കടൽ ക്ഷോഭത്തിൽ മുങ്ങിപ്പോയതാണെന്നും പറയപ്പെടുന്നു. ലമൂറിയാഭൂഖണ്ഡം പോലെ ഒരു ഭൂവിഭാഗത്തെപ്പറ്റി ചിലപ്പതികാരം മുതലായ പഴയ സാഹിത്യഗ്രന്ഥങ്ങളിൽ വിവരണങ്ങളുണ്ട്. "കുമാരിയംപദി" എന്നു കൂടി വിളിക്കപ്പെട്ടിരുന്ന കന്യാകുമാരി ആദിസേതുവായും, ധനുഷ്കോടി മദ്ധ്യസേതുവായും, കോടിക്കര അന്ത്യസേതു വായും സേതുപുരാണത്തിൽ വർണ്ണിച്ചിരി ക്കുന്നു.

ക്രിസ്തുവിന് വളരെ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ കന്യാകുമാരി വിദേശികളെ ആകർഷി ച്ചിട്ടുണ്ട്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹെറദറ്റസ് എന്ന വിദേശീയ ഗ്രന്ഥകർത്താവ് തന്റെ ഗ്രന്ഥത്തിൽ കന്യാകുമാരി യെപ്പറ്റി എഴുതിയിട്ടുണ്ട്.

എ.ഡി. 60 ൽ രചിച്ച പെരിപ്ലസ് എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരി ക്കുന്നു. ജീവിതത്തിന്റെ അവസാനഭാഗം ഈശ്വരീ യമായർപ്പിച്ചിട്ടുള്ളവർ കന്യാകുമാരിയിൽ തീർത്ഥാടനം ചെയ്ത് സന്യാസം സ്വീകരിക്കുന്നു. ഒരു സ്ത്രീദേവത അവിടെ സ്നാനം ചെയ്ത് ദർശനമരുളുന്നു.

2000 കൊല്ലം മുമ്പ് ജീവിച്ചിരുന്ന യവനസഞ്ചാരിയായ ടോളമി തന്റെ ഗ്രന്ഥത്തിൽ കന്യാകുമാരിയെ കാമാരി അക്രോൺ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹം കന്യാകുമാരി ക്ഷേത്രത്തിൽ കുളിച്ചു തൊഴുത് ദർശനം നടത്തയിട്ടുണ്ടത്രെ. വെനീസ് ദേശക്കാരനായ മാർക്കോപോളോ എന്ന ലോകസഞ്ചാരി എ.ഡി. 1243 ൽ കന്യാകുമാരിക്ഷേത്ര ദർശനം നടത്തിയ തായി രേഖപ്പെടുത്തിയിട്ടുണ്ട്.

കന്യാകുമാരി മുനമ്പിൽ നിന്നും 30 നാഴിക ദൂരെ, ജ്വലിക്കുന്ന ഒരു ധ്രുവരൂപം താൻ ദർശിച്ചതായി അദ്ദേഹം എഴുതുയിരിക്കുന്നു. എ.ഡി. 1203 ൽ ജീവിച്ചിരുന്ന ഇബ്നുബത്തൂത്ത കന്യാകുമാരിയെ 'രാസ്കുംഹരി' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പാണ്ഡ്യഭൂവിൽസുരരെഴു-
മൃഷഭാചലമെത്തിയാൽ
വാജപേയ ഫലം നേടും
വാനിലും നന്ദിയാർന്നിടും.
പിന്നെ സ്സമുദ്രതീരത്തിൽ
കന്യാതീർത്ഥത്തിൽ മുങ്ങണം
ആ വെള്ളം തൊടുവോനുള്ള-
പാപമെല്ലാമറുംനൃപ
പിന്നെ ത്രൈലോക്യവിദിത-
മ്പുക ഗോകർണ്ണ മുത്തമം
രാജേന്ദ്ര, കടൽ മദ്ധ്യത്തിൽ
സർവ്വലോക നമസ്കൃതം.

ഇതിൽ നിന്നും, മഹാഭാരത നിർമ്മാണ കാലത്ത് കന്യാകുമാരി പാണ്ഡ്യ രാജ്യത്തിലുൾ പ്പെട്ടിരുന്നെന്നും ഗോകർണ്ണത്തിന്റെ ചുറ്റും സമുദ്രമായിരുന്നു എന്നും മനസ്സിലാക്കാം. മാത്രമല്ല, കന്യാതീർത്ഥത്തിൽ (കന്യാകുമാരി എന്ന പുണ്യസ്ഥലത്ത്) കുളിക്കുന്നവരുടെ പാപം തീരുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നതായും കാണുന്നു.

■

(കവിത)

# ജന്മകർമ്മം

**ഉണ്ണി വാരിയത്ത്**

മുല്ലപ്പൂവേ നിൻജന്മമഭിസാരികകൾക്കു
മുടിയിൽ ചൂടി വാടിക്കരിയാനായിരുന്നോ?
മണിയറയോ ദേവമന്ദിരമോ നിനക്കു
മനോരാജ്യത്തിൽപ്പോലുമാശയില്ലായിരുന്നോ?
കുറ്റപ്പെടുത്തുന്നില്ല വിധിതൻ
നിയോഗത്തെ
ചെറ്റും ചെറുത്തു നില്ക്കാൻ
സാദ്ധ്യമല്ലൊരുവർക്കും
ഒരുപായവുമില്ല വിധിയെ ജയിക്കുവാൻ
നിരുപാധികം കീഴടങ്ങിയേ മതിയാവൂ
ജീവിതത്തിൻ
വൈവിധ്യവൈരുദ്ധ്യഭാവങ്ങളെ
ജീവജാലങ്ങൾക്കെങ്ങാൻ
മനസ്സിലാക്കാനാമോ?
നിർവ്വചനങ്ങൾക്കുമപ്പുറത്തല്ലോ ജീവിതം
നിശ്ശബ്ദമനുഭവിച്ചറിയൽ ജൻമകർമ്മം

# അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റി എൽ.എൽ.എം ഓഫ് കാമ്പസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയത് നമ്മുടെ കരയോഗാംഗവും സിനമാ നടൻ കൃഷ്ണയുടെ ഭാര്യയുമായ ശ്രീമതി. ശിഖ കൃഷ്ണയാണ്. ശ്രീമതി ശിഖകൃഷ്ണയ്ക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2015 ഏപ്രിൽ മാസത്തെ പരിപാടി

| തീയതി | ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 9.4.2015 | കെ. ജി. പത്മനാഭപിള്ള | ടി. കെ. ശ്രീകുമാരൻ നായർ | ക്ഷേത്രം | സി. മുകുന്ദൻ | 820 |
| 16.4.15 | കല്പക വല്ലിയമ്മ | എസ്. രാജേന്ദ്രൻ നായർ | വാസ്തു | എസ്.രാജേന്ദ്രൻ നായർ | 821 |
| 23.4.15 | ടി. കെ. ശ്രീകുമാരൻ നായർ | പി. ആർ ബാല കൃഷ്ണൻ | ആരോഗ്യത്തിനും സന്തോഷത്തിനും ദീർഘായുസ്സിനും ചില എളുപ്പ വഴികൾ | എസ്. മാധവൻ നായർ | 822 |
| 30.4.2015 | എസ്. ശ്രീകുമാർ | ജി. ആർ.സി. നായർ | ഇസ്ലാമതവും തീവ്രവാദവും | ജി. വി. പിള്ള | 823 |



വി.കെ. വേണുഗോപാൽ

# മനുഷ്യ മനസ്സ്



മനുഷ്യന്റെ മനസ്സ് ഒരു നിധിയാണ്. അതു മനസ്സിലാക്കി മനസ്സിനെ വേണ്ട രീതിയിൽ പ്രവർത്തിപ്പിച്ചാൽ ഓരോ മനുഷ്യനും ഈ ലോകത്ത് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കും. ഈശ്വരൻ പരമാത്മാവും മനുഷ്യർ ശരീരം ധരിച്ചിട്ടുള്ള ആത്മാക്കളുമാണ്. സമുദ്ര ജലത്തിന്റെ എല്ലാ ഗുണങ്ങളും സമുദ്രത്തിൽ നിന്നെടുക്കുന്ന ഓരോ തുള്ളി ജലത്തിലും ഉള്ളതുപോലെ പരമാത്മാവിന്റെ - ഈശ്വരന്റെ - എല്ലാ ചൈതന്യങ്ങളും ഓരോ മനുഷ്യന്റെയും ഉപബോധമനസ്സിലുണ്ട്.

മനുഷ്യ മനസ്സിന് രണ്ടുതലങ്ങളുണ്ട്. ഒന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന ബോധമനസ്സ്. രണ്ട് ബോധമനസ്സിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഉപബോധ മനസ്സ്. ബോധമനസ്സ് കൊടുക്കുന്ന നിർദ്ദേശങ്ങൾ ഉപബോധമനസ്സ നടപ്പിലാക്കും. 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ട്, ശരീരത്തെ എല്ലാ സമയവും പ്രവർത്തിപ്പിക്കുന്നതും, ആരോഗ്യത്തെ നിലനിർത്തുന്നതും ഉപബോധ മനസ്സാണ്. നമ്മുടെ ഉപബോധ മനസ്സിന് നമ്മുടെ ഭൂതകാലത്തെപ്പറ്റിയും, ഭാവിയെപ്പറ്റിയും, വർത്തമാന കാലത്തെ പറ്റിയും നന്നായി അറിയാം. നാം പോസിറ്റീവ് ആയി ചിന്തിച്ച് , പോസിറ്റീവ് ആയി പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ നമ്മുടെ ശരീരവും മനസ്സും ആരോഗ്യത്തോടെ പ്രവർത്തിച്ച്, കൂടുതൽ കൂടുതൽ ശക്തമാകും. നെഗറ്റീവ് ആയിട്ടുള്ളത് പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ മനസ്സിന്റെയും, ശരീരത്തിന്റെയും ആരോഗ്യം കുറയുന്നു. നെഗറ്റീവ് ആയിട്ടുള്ളത് കേൾക്കുകയും, കാണുകയും ചെയ്യുമ്പോഴും അത് മനസ്സിനെയും, ശരീരത്തെയും ദുർബല മാക്കും. ചില സമയങ്ങളിൽ ചില മാദ്ധ്യമങ്ങൾ വഴി നമ്മുടെ മനസ്സിൽ പ്രവേശിക്കുന്ന നെഗറ്റീവ് എനർജി പോലും നമ്മളിൽ പ്രവേശിച്ച് നമ്മുടെ സുഖ ജീവിതത്തെയും ആരോഗ്യത്തെയും ഇല്ലാതാക്കും.

മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് ഏറ്റവും അത്യാവശ്യമായ എനർജി സ്നേഹം ആണ്. മനുഷ്യന്റെ മനസ്സ് ഒരു കാന്തമാണ്, അതായത് ഒരുപാട് വസ്തുക്കളെ ആകർഷിച്ചെടുക്കുന്ന ഒരു കാന്തമാണ് ഓരോ മനുഷ്യനും കൂടുതൽ കൂടുതൽ സ്നേഹം സംസാരത്തിലൂടെയും പ്രവർത്തിയിലൂടെയും മറ്റുള്ളവർക്ക് കൊടുക്കാനും മറ്റുള്ളവരിൽ നിന്നും വാങ്ങാനും തുടങ്ങുമ്പോൾ മനുഷ്യ മനസ്സ് കൂടുതൽ കൂടുതൽ ശക്തമാകാൻ തുടങ്ങും. സ്നേഹം കൂടുന്നതിനനുസരിച്ച് മനുഷ്യമനസ്സിന്റെ മാഗ്നറ്റിക്ക് പവർ വർദ്ധിക്കുകയും അതിനനുസരിച്ച് ഒരാൾ ആഗ്രഹിക്കുന്ന വസ്തു അയാളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. പ്രത്യേകിച്ച് ഉറങ്ങുന്നതിനു മുമ്പായി ബോധമനസ്സ് ഉപബോധമനസ്സിനോട് എന്ത് ആവർത്തിച്ച് ആവർത്തിച്ച് ആവശ്യപ്പെടുന്നുവോ അവ നടന്നിരിക്കും. ആരോഗ്യം, ധനം, സമ്പത്ത്, ഉയർച്ച മറ്റുള്ളവരുടെ സ്നേഹം മുതലായ എന്തും ഈ രീതിയിൽ നേടിയെടുക്കാൻ സാധിക്കും.

ഈ പ്രപഞ്ചത്തിലെ മനുഷ്യനുൾപ്പെടെയുള്ള സകല ജീവികളെയും ഏറ്റവും ശക്തമായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജം സ്നേഹമാണ്. എല്ലാ നന്മകളുടെയും ഉറവിടം സ്നേഹമാണ്. സ്നേഹമില്ലാതായാൽ ഈ പ്രപഞ്ചം ശവപ്പറമ്പാകും. രാജ്യങ്ങൾ തമ്മിൽ

യുദ്ധം ഉണ്ടാകുമ്പോൾ ഇതാണ് സംഭവിക്കുന്നത്. ഒരു വസ്തുവിനോട് നമുക്കുള്ള സ്നേഹമാണ് ആ വസ്തുവിനോട് നമുക്കുള്ള ആഗ്രഹമായി മാറുന്നതും അതിനുവേണ്ടി നാം പ്രവർത്തിക്കുന്നതും.

Law of attraction പറയുന്നത് like attracts like എന്നാണ്. അതായത് സ്നേഹം സ്നേഹത്തെ ആകർഷിക്കും, വെറുപ്പ് വെറുപ്പിനെ ആകർഷിക്കും, ധനം ധനത്തെ ആകർഷിക്കും, കോപം കോപത്തെ ആകർഷിക്കും വൈരാഗ്യം വൈരാഗ്യത്തെ ആകർഷിക്കും. നാം എന്തു കൊടുക്കുന്നുവോ അത് നമ്മിലേയ്ക്ക് തിരിച്ചുവരും. നാം മറ്റുള്ളവർക്ക് ദുഃഖം കൊടുത്താൽ നമ്മിലേയ്ക്ക് ദുഃഖം തന്നെ തിരിച്ചുവരും. അതായത് നാം വിതയ്ക്കുന്നതേ നാം കൊയ്യൂ.

പഠിത്തത്തിലും, ജോലിസ്ഥലത്തും, കായിക രംഗത്തും, കലാരംഗത്തും ഒന്നാമനായിരിക്കാൻ ശ്രമിക്കുന്നവരും അതിന് അവരെ പ്രോത്സാഹിപ്പിക്കുന്നവരും, സുഖവും, സന്തോഷവുമുള്ള ജീവിതത്തിന് ഒന്നാം സ്ഥാനം മാത്രം പോരാ എന്നു മനസ്സിലാക്കി ഈശ്വരനെയും, മാതാപിതാക്കളെയും, ഗുരുനാഥൻമാരെയും, സകല മനുഷ്യരെയും, സകല ജീവികളെയും, സകല വസ്തുക്കളെയും ഒന്നാം സ്ഥാനത്തോടൊപ്പം തന്നെ സ്നേഹിച്ചേ പറ്റൂ.

പോസിറ്റീവ് എനർജിയും നെഗറ്റീവ് എനർജിയും (ഈശ്വരനും സാത്താനും) ഓരോ മനുഷ്യന്റെയും മനസ്സിനെയും ജീവിതത്തെയും നിയന്ത്രിക്കുന്നു. അസൂയ, വൈരാഗ്യം, കോപം, അഹങ്കാരം മുതലായ നെഗറ്റീവ് എനർജി വിനാശത്തിനുള്ളതാണ്. അത് പ്രയോഗിക്കുന്ന ആളെയും എതിരാളിയെയും ഒരുപോലെ തകർക്കും.

നാം എന്തു ചെയ്യുമ്പോഴും നമുക്കു മാത്രം ഗുണം കിട്ടത്തക്കവണ്ണം ചെയ്യരുത്. കാരണം അത് നമുക്ക് ശാശ്വതമായ ഗുണം ചെയ്യില്ല. അതിനാൽ ഓരോ കാര്യം ചെയ്യുമ്പോഴും നമുക്കും മറ്റുള്ളവർക്കും ഗുണം കിട്ടത്തക്കവണ്ണം വേണം ചെയ്യാൻ. ഇന്ന് ചിലർ ലക്ഷ്യങ്ങളുടെയും സമയത്തിന്റെയും പിന്നാലെ പരക്കം പാഞ്ഞ്, കുടുംബാംഗങ്ങളോടും, ചുറ്റുപാടുമുള്ളവരോടും കൂടെ ചിലവഴിക്കാൻ അല്പം പോലും സമയമില്ലാതെ, ജീവിക്കാൻ സമയം ഉപയോഗിക്കാതെ ജീവിതത്തിൽ ആനന്ദം അനുഭവിക്കാൻ സമയമില്ലാതെ, ഒരു ദിവസം സമ്പാദ്യം മുഴുവൻ ഉപേക്ഷിച്ച് മരിച്ചു പോകുന്നു.

ഓരോ ദിവസവും ഏകാന്തതയിൽ നിശ്ചലാവാസ്ഥയിൽ ഓരോ മനുഷ്യനും നിർബന്ധമായും കഴിയുന്നതും കടൽ തീരത്തോ, കുന്നിൻ മുകളിലോ, അതുമല്ലെങ്കിൽ കെട്ടിടത്തിന്റെ മുകളിലത്തെ മുറിയിലോ ശുദ്ധവായുവിൽ ധ്യാനത്തിലിരുന്നേ പറ്റൂ. എല്ലാ ദേവാലയങ്ങളുടേയും കൊടിമരങ്ങളുടെ അഗ്രഭാഗവും, മൊബൈൽ ടവറിന്റെ അഗ്രഭാഗവും, ടി.വി. യുടെ ആന്റിനയും ട്രാൻസിസ്റ്ററിന്റെ ഏരിയലും ഉയരത്തിൽ ശുദ്ധവായുവിലാണ് സ്ഥാപിക്കുന്നത്. ഈ പ്രപഞ്ചത്തിൽ ഈശ്വരന്റേതുപോലെ വേറെയും തരംഗങ്ങൾ ഉണ്ട്.

നമ്മുടെ മനസ്സും ശരീരവും ശുദ്ധവായു ഉള്ളിടത്ത് ഏകാന്തതയിൽ പ്രവർത്തനരഹിതമായി ഇരിക്കുമ്പോൾ ഉപബോധമനസ്സിൽ നിന്നുള്ള സന്ദേശം നമ്മുടെ ബോധമനസ്സിലേയ്ക്ക് വന്നുകൊണ്ടിരിക്കും. ഇതു തന്നെയാണ് ധ്യാനം. ഇങ്ങനെ നമുക്ക് നമ്മുടെ ആറാം ഇന്ദ്രിയം തുറന്നെടുക്കാം.

■

## എറണാകുളം കരയോഗം പോളിക്ലിനിക്

ഈ വർഷം എറണാകുളം കരയോഗം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പോളിക്ലിനിക്കും, അതോടനുബന്ധിച്ച് ജനറിക് മെഡിക്കൽ ഷോപ്പും ആരംഭിക്കുന്നതിലേക്കായി, ഈ വിഷയവുമായി ബന്ധപ്പെട്ട് മുൻപരിചയമുള്ള കരയോഗാംഗങ്ങളുടെ സേവനം ക്ഷണിച്ചുകൊള്ളുന്നു. സേവനം നൽകുവാൻ താൽപ്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺഃ 0484 2361160, Ext.35.

**(നഗരപുരാണം 3)**



# ടാഗോറും ഗാന്ധിജിയും വന്നപ്പോൾ

**രവി കുറ്റിക്കാട്**

തലമുറകൾ നെഞ്ചിലേറ്റുന്ന എറണാകുളം മഹാരാജകീയ കലാലയത്തിന് മഹാപ്രതിഭകൾക്ക് ജന്മം നൽകാൻ കഴിഞ്ഞെന്നതിനെക്കാൾ ഉപരി വിശ്വമഹാരഥൻമാരെ വരവേൽക്കാനുമുള്ള മഹാഭാഗ്യവും ഉണ്ടായിട്ടുണ്ട്. കൊച്ചിക്കെന്നും അഭിമാനിക്കാൻ കഴിയുന്ന ചരിത്രകഥകളാണിവയെല്ലാം .

മഹാരാജാസിൽ വന്ന ഇതിഹാസ പുരുഷൻമാരിൽ മഹാകവി രവീന്ദ്രനാഥ് ടാഗോറും, മഹാത്മഗാന്ധിജിയും ഉണ്ട്. മഹാകവി ടാഗോർ എത്തിയത് ഇന്നേയ്ക്ക് തൊണ്ണൂറ്റിമൂന്ന് വർഷം മുമ്പ്. (1922 നവംബർ 18 ന്) കൊൽക്കത്തയിലെ വിശ്വഭാരതി സർവകലാശാലയ്ക്ക് ധനശേഖരണത്തിനുവേണ്ടിയുള്ള ദക്ഷിണേന്ത്യൻ പര്യടനത്തിനിടയിലാണ് ടാഗോർ കൊച്ചിയിലെത്തിയത്. അദ്ദേഹവും പ്രൈവറ്റ് സെക്രട്ടറി റവ.സി.എഫ്. ആൻഡ്രൂസും അന്ന് (നവംബർ 18 ന്) വൈകിട്ട് അഞ്ചിന് എറണാകുളം ഗസ്റ്റ് ഹൗസിലെത്തി. മഹാരാജാസിലായിരുന്നു ആദ്യ സ്വീകരണ പരിപാടി. പി. കൃഷ്ണമേനോന്റെ നേതൃത്വത്തിൽ പൗരമുഖ്യർ ടാഗോറിനെ സ്വീകരിച്ചു. കാൽനടയായി പൗരമുഖ്യരുടെ അകമ്പടിയോടെ ടാഗോർ മഹാരാജാസിലേയ്ക്ക് നടന്നു. റോഡിനിരുവശവും മഹാരാജാസിന്റെ പടിഞ്ഞാറെ ഗേറ്റു മുതൽ മെയിൻ ഹാൾ വരെയും അലങ്കരിച്ചിരുന്നു. ക്യാമ്പസിൽ ടാഗോർ എത്തിയപ്പോൾ കുട്ടികളും അധ്യാപകരും പുഷ്പവൃഷ്ടി നടത്തി വൻവരവേൽപ് നൽകി. മെയിൻ ഹാൾ നഗരപ്രമുഖരാൽ തിങ്ങി നിറഞ്ഞു. കോടതിയിലെ ന്യായാധിപൻമാർ മുൻനിരയിലുണ്ടായിരുന്നു. വിദ്യാർത്ഥികളുടെ സ്വാഗതഗാനത്തോടെ യോഗം തുടങ്ങി. അന്നത്തെ ടാഗോറിന്റെ പ്രസംഗം കേട്ട കോളേജ് വിദ്യാർത്ഥിയായിരുന്ന കെ. ജി. പത്മനാഭറാവു കോളേജ് മാഗസിനിൽ (1923) എഴുതി -"ടാഗോർ പതുക്കെ സംസാരിച്ചു തുടങ്ങി. പിന്നെ ശബ്ദം ഉയർന്നു. അപ്പോളോ ദേവന്റെ മുരളീഗാനം പോലെ. ഇതിഹാസത്തെക്കുറിച്ച്, നളന്ദയെക്കുറിച്ച്, വിശ്വഭാരതി സർവകലാ ശാലയെക്കുറിച്ച്...... മാത്രമായിരുന്നു വിവരണം. ഗുരുകുല വിദ്യാഭ്യാസവും ഉപനിഷത്ത് സംസ്കാരവുമൊക്കെ ഏകദേശം ഒരു മണിക്കൂർ നീണ്ട ആ പ്രസംഗത്തിൽ നിഴലിച്ചിരുന്നു."

വിശ്വഭാരതി സർവകലാശാലയ്ക്ക് കോളേജിന്റെ സംഭാവനയായി 500 രൂപ ഒരു ചന്ദനബാസ്ക്കറ്റിലാക്കി പ്രിൻസിപ്പൽ എസ്. കെ. സുബ്രമണ്യ അയ്യർ ടാഗോറിന് നൽകി. അന്ന് ടാഗോറിനെ ഒരു നോക്ക് കാണാൻ എത്തിയിരുന്ന ഒരു വിദ്യാർത്ഥിയെ ഈ ലേഖകന് കണ്ടുമുട്ടാൻ കഴിഞ്ഞു. 1970 കളിൽ തൃശൂർ ദേവസ്വം ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോനെ. ആ കഥ വിവരിച്ചപ്പോൾ വൈലോപ്പിള്ളി വികാര ഭരിതനായി. ടാഗോർ വന്ന കാലത്ത് വൈലോപ്പിള്ളിക്ക് പതിനൊന്നു വയസ്സ്. എറണാകുളം സെന്റ് അൽബർട്സ് സ്കൂളിൽ പഠിക്കുന്നു. കലൂരിലെ തറവാട്ടിൽ നിന്ന് നാലു നാഴിക നടന്നാണ് ജ്യേഷ്ഠൻ ഭാസ്കരനൊടൊപ്പം കവിയുടെ സ്കൂൾ യാത്ര. അന്ന് രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ ജ്യേഷ്ഠനാണ് പറഞ്ഞത് ടാഗോർ വരുന്നുണ്ടെന്നത്. സ്കൂൾ വിടാൻ കാത്തു നിന്നു. ജ്യേഷ്ഠന്റെ കൂടെ മാർക്കറ്റ് റോഡ് വഴി മഹാരാജാസിലേക്ക് പറന്നു. കോളേജ് പടിക്കൽ എത്തിയപ്പോൾ ഇളം ചുമപ്പു നിറമുള്ള നീണ്ട ഗൗൺ ധരിച്ച നരച്ച താടിയുള്ള ടാഗോറിനെ കണ്ടു. (മഹാകവിയുടെ ഭാഷയിൽ 'സുസിതാം ബരനായി, വൃദ്ധനായി, ബിഡിനീ തന്തു മരീചി കേശനായ്, ലസിത സ്മിതനായ്' ഒരാള്, നാലഞ്ചു പേരാണ് ഒപ്പം). ടിക്കറ്റ് വെച്ചായിരുന്നു കോളേജിനകത്തേക്ക് ആളെ കയറ്റിയിരുന്നത്. അതിനുള്ള ഒരു രൂപ കയ്യിൽ ഇല്ലാത്തതിനാൽ ഗേറ്റിനു വെളിയിൽ വൈലോപ്പിള്ളിക്കും ജ്യേഷ്ഠനും നിൽക്കേണ്ടി വന്നു. വിശന്നു വലഞ്ഞു വീട്ടിൽ എത്തിയപ്പോൾ

വൈകി എത്തിയതിന് പൊരിഞ്ഞ അടി കിട്ടി. പിന്നീട് ഗീതാഞ്ജലിയും മറ്റും വായിക്കുമ്പോൾ അന്നു കണ്ട ടാഗോറിന്റെ പരിപാവനമായ രൂപമായിരുന്നു വൈലോപ്പിള്ളിയുടെ മനസ്സിൽ. കാലങ്ങൾ കഴിഞ്ഞപ്പോൾ ആ വിദ്യാർഥിക്ക് മഹാരാജാസിൽ പഠിക്കാൻ യോഗമുണ്ടായി. മഹാകവിയായപ്പോൾ ടാഗോറിനെ ആദരിച്ച അതേ മെയിൻ ഹാളിൽ പുതിയ തലമുറ പുഷ്പ വൃഷ്ടി നടത്തി ആദരിച്ചു. അപ്പോൾ വികാര ജീവിയായ മഹാകവിയുടെ മനസ്സിലെ ഭാവമാറ്റം എന്തായിരുന്നുവോ, ആവോ.

ടാഗോർ വന്ന് അഞ്ചു വർഷം കഴിഞ്ഞപ്പോൾ (1927 ഒക്ടോബറിൽ) മഹാത്മ ഗാന്ധി കോളേജിൽ വന്നു. സ്വദേശിപ്രചരണാർത്ഥമായിരുന്നു വരവ്. കൂടെ കസ്തൂർബാ ഗാന്ധിയും ഉണ്ടായിരുന്നു. സത്യാഗ്രഹത്തിൽ ജനങ്ങളെ സജ്ജരാക്കുവാനും ഖദർ ഫണ്ടിലേക്ക് സംഭാവന വാങ്ങുവാനും എത്തിയ ഗാന്ധിജിക്ക് നാടു നീളെ ജനങ്ങൾ പണവും ആഭരണവും നൽകി. അന്ന് ഗാന്ധിജിയെ കണ്ട മഹാരാജാസിലെ രണ്ട് വിദ്യാർഥികളെ കാണാനും ഈ ലേഖകന് ഭാഗ്യം ലഭിച്ചിരുന്നു. ഏതാനും വർഷം മുമ്പാണ് ഇവർ മരിച്ചത്. അവരിൽ ഒരാളായ തൃപ്പൂണിത്തുറക്കാരൻ എ.എം.എൻ. ചാക്യാർ (കേരള സർവകലാശാല രജിസ്ട്രാറായിരുന്നു) പറഞ്ഞത് ഇതാണ്..... നാഗർകോവിലിൽ നിന്ന് തിരുവനന്തപുരത്തും, കൊല്ലത്തും, ആലപ്പുഴയിലും യോഗങ്ങളിൽ പങ്കെടുത്ത ശേഷമാണ് ഗാന്ധിജി എറണാകുളത്ത് എത്തിയത്. കൊച്ചി മഹാരാജാവിനെയും, ദിവാനെയും കണ്ടശേഷം മഹാരാജാവ് കോളേജിലുമെത്തി. ഞാനന്ന് ബി.എ. വിദ്യാർത്ഥി. കോളേജിന്റെ പടിഞ്ഞാറെ ഗേറ്റുവഴി വന്ന ഗാന്ധിജിയും സംഘവും പടിഞ്ഞാറു ഭാഗത്ത് കെട്ടിടത്തിന്റെ ഓവർ ബ്രിഡ്ജിനു താഴെയുള്ള ഗോവണിപ്പടിയിലാണ് ഇരുന്നത്. ഗാന്ധിജി പതുക്കെയാണ് സംസാരിച്ചത്. ഖദർ ഫണ്ടിലേക്ക് സംഭാവന അഭ്യർത്ഥിച്ചപ്പോൾ പലരും നൽകി. അവരുടെ പേര് ഗാന്ധിജി വിളിച്ചു പറഞ്ഞിരുന്നു. ഞാൻ എന്റെ ചെറുവിരലിലെ മോതിരം നൽകി. എന്റെ പേര് അദ്ദേഹം എന്നോട് ചോദിച്ച ശേഷം വിളിച്ചു പറഞ്ഞു. എന്റെ ജീവിതത്തിലെ മനോഹരമായ മുഹൂർത്തമായിരുന്നു അത്. എന്നും ഓർമ്മിക്കുന്ന സുദിനം.

ഗന്ധിജിയുടെ വരവ് തൊണ്ണൂറ്റി രണ്ടാം വയസ്സിലും ഓർമ്മിച്ചിരുന്ന ഈയാട്ട് മുക്കിലെ കുറ്റിക്കാട്ട് വീട്ടിലെ കെ. കൊച്ചു നാരായണിയമ്മ. (അധ്യാപികയായിരുന്നു. ഇന്ന് ജീവിച്ചിരിപ്പില്ല.) പറഞ്ഞത് ഇതാണ്....... "ഞാൻ ബിഎക്ക് പഠിക്കുകയായിരുന്നു. ഗാന്ധിജിയുടെ വരവ് ഇന്നലെയെന്നപോലെ മനസ്സിലുണ്ട്. ഞാനും കൂട്ടുകാരിയും ബാപ്പുവിന്റെ അടുത്തായിരുന്നു. അവിടെ കോളേജിലെ പൂർവ്വവിദ്യാർത്ഥികളും കൊച്ചി രാജ്യത്തെ ആദ്യ ബി.എക്കാരിയുമായിരുന്ന അമ്പാടി കാർത്ത്യായനി അമ്മ ഉണ്ടായിരുന്നു. ഗാന്ധിജി സംഭാവന അഭ്യർത്ഥിച്ചപ്പോൾ അവർ കൈയ്യിലെ വള ഊരിക്കൊടുത്തു."



ഗാന്ധിജിയുടെ ആ വരവ് എറണാകുളത്ത് യുവാക്കൾക്കിടയിൽ ആവേശം ഉണ്ടാക്കി. ഖാദി വിൽപ്പന അവർ സ്വയം ഏറ്റെടുത്തു. എറണാകുളത്ത് സൈമൺ കമ്മീഷൻ വന്നപ്പോൾ (1927 ഡിസംബർ) വിദ്യാർത്ഥികൾ ക്ലാസ്സ് ബഹിഷ്കരിച്ച് പ്രകടനം നടത്തി. അത് മഹാരാജാസിൽ ദേശീയ പ്രക്ഷോഭചരിത്രത്തിലെ അധ്യായമായി മാറി. ഇന്നും കൊച്ചിക്കാർ അതിൽ അഭിമാനിക്കുന്നില്ലേ? ■



(തുടർച്ച)

# ഭാരതീയ പൈതൃക സന്ദേശം



ഡോ. എൻ ഗോപിനാഥൻ നായർ

ചിന്താസ്വാതന്ത്ര്യം ഹിന്ദുമതത്തിന്റെ ഒരു പ്രത്യേകതയാണ്. ആചാരങ്ങളും വിശ്വാസങ്ങളും ആരും അടിച്ചേൽപ്പിക്കുന്നില്ല. ആചാര്യൻമാരും ഗുരുക്കൻമാരും ഉപദേശം നൽകുകയാണ്, തീരുമാനങ്ങൾ സ്വയം എടുക്കാം. ഗീതോപദേശത്തിൽ ശ്രീകൃഷ്ണൻ അതാണ് ചെയ്തിരിക്കുന്നത്.

ഹിന്ദുമത ദർശനങ്ങൾ, അനേകം ഋഷിവര്യൻമാർ അനേക കാലത്തായി സ്വരൂപിച്ചതാണ്. അവ രചിച്ചത് അനേകം ഗ്രന്ഥങ്ങളിലായിട്ടാണ്. ബൈബിൾ പോലെയോ, ഖുറാൻ പോലയോ ഒരു ഗ്രന്ഥത്തിൽ മാത്രം ഒതുങ്ങുന്നതല്ല ഹിന്ദുമതം.

വൈദിക കാലഘട്ടത്തിലാണ് വേദങ്ങൾ രചിക്കപ്പെട്ടത്. എന്നാൽ അവ രചിച്ചത് ആരൊക്കെയാണ്, എപ്പോഴൊക്കെയാണ് എന്ന് കൃത്യമായി പറയുവാൻ സാധിക്കുകയില്ല. ഏറ്റവും പഴക്കമുള്ള ഋഗ്വേദം സമാഹരിക്കപ്പെട്ടത് ബി.സി 5000 ആണ്ടോട് അടുത്താണെന്ന് ലോകമാന്യ ഗംഗാധര തിലകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. വേദം നാലു വിഭാഗങ്ങളായിട്ടാണ് അറിയപ്പെടുന്നത്. അതിനാൽ 'ചതുർ വേദങ്ങൾ' എന്നു പറയുന്നു.

ഹിന്ദുമതത്തിന്റെ ദർശനങ്ങൾ അഥവാ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രധാന കൃതികൾ താഴെ പറയുന്നവയാണ്.

1. വേദസംഹിതകൾ (ചതുർവേദങ്ങൾ)
2. ബ്രാഹ്മണങ്ങൾ
3. ആരണ്യകങ്ങൾ
4. ഉപനിഷത്തുകൾ
5. വേദാംഗങ്ങൾ
6. ഉപവേദങ്ങൾ
7. മഹാപുരാണങ്ങൾ
8. ഉപപുരാണങ്ങൾ
9. ദർശനങ്ങൾ
10. സ്മൃതികൾ
11. ഇതിഹാസങ്ങൾ(രാമായണം, മഹാഭാരതം)
12. ഭഗവദ്ഗീത (മഹാഭാരതം)

ഹിന്ദുമതത്തിന്റെ ദർശന ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമുഖ്യം നേടിയിട്ടുള്ളത്. 'ഉപനിഷദ് സാരസർവസ്വ'മായി പരിഗണിച്ചിട്ടുള്ള 'ഭഗവദ് ഗീത' യാണ്.

മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഹിന്ദുമതം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഈശ്വരഭക്തി, സാഹിത്യം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, വാസ്തുവിദ്യ, സസ്യമൃഗ പരിപാലനം, വസ്ത്രധാരണം, കലകൾ തുടങ്ങി എല്ലാ മേഖലകളിലും ഹിന്ദുമതത്തിന് തനതായ ഒരു വീക്ഷണമുണ്ട്.

ഹിന്ദുമതത്തിലെ ദർശനങ്ങളുടെ തത്വസംഹിതകൾ തന്നെയാണ് ബൗദ്ധ - ജൈന മതങ്ങൾ അവതരിപ്പിച്ചത്. അതിനാലാണ് ഈ മതങ്ങൾക്ക് പിൽക്കാലത്ത് ഭാരതത്തിൽ ശോഷണം സംഭവിച്ചത്.

ഹിന്ദുമത ദർശനങ്ങളിൽ "അദ്വൈതം", "ദ്വൈതം", "വിശിഷ്ടാദ്വൈതം", "ശുദ്ധദ്വൈതം" എന്നീ നാല് ദർശനങ്ങളെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അദ്വൈത ദർശനം ഭാരതത്തിൽ പ്രചരിപ്പിച്ചത് കേരളത്തിൽ കാലടിയിൽ ജനിച്ച ശ്രീശങ്കരനാണ്. (എ.ഡി. 7 - 8 നൂറ്റാണ്ടുകൾ) എന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്.

ഹിന്ദുമത ഗ്രന്ഥങ്ങൾ അനവധിയാണെന്ന് പറഞ്ഞുവല്ലോ. അവ രചിച്ചിരിക്കുന്നത് സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള സംസ്കൃതത്തിലാണ്. ഇത് മതപഠനത്തിന് വലിയൊരു തടസ്സമായിരിക്കുന്നു. മറ്റു പല മതങ്ങൾക്കും ഒരൊറ്റ ഗ്രന്ഥം കൊണ്ട് മത കാര്യങ്ങൾ അനുയായികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും. പണ്ഡിതരല്ലാത്തവർ ഗ്രന്ഥങ്ങൾ ദുർവ്യാഖ്യാനിച്ച് പ്രാദേശിക ഭാഷകളിൽ വിവർത്തനം ചെയ്യുന്നതും മറ്റൊരു പ്രശ്നമാണ്. ഹിന്ദുമതത്തിൽ 'പ്രസ്ഥാന ത്രയം'

എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ഉപനിഷത്തുക്കൾ, ബ്രഹ്മസൂത്രം, ഭഗവദ്ഗീത, എന്നീ മൂന്ന് ഗ്രന്ഥങ്ങളെയാണ്. പ്രസ്ഥാനത്തിന് ഭാഷ്യം രചിക്കുന്നവരെ പ്രാമാണികരായി കണക്കാക്കിയിരുന്നു. ശ്രീശങ്കരൻ അദ്വൈത ത്തിന്റെ ആചാര്യനാണ്. മാധവാചര്യർ. ദ്വൈത വാദത്തിന്റെയും, രാമാനുജാചാര്യർ വിശിഷ്ടാ ദ്വൈതത്തിന്റെയും ആചാര്യന്മാരാണ്. വല്ലഭാ ചാര്യരാണ് ശുദ്ധാദ്വൈതതത്ത്വത്തിന്റെ പ്രചാര കൻ.

**അദ്വൈതം:-** ഈ ദർശനത്തിന്റെ തത്വം ജീവൻ ബ്രഹ്മത്തിൽ നിന്നും ഭിന്നമല്ലെന്നും രണ്ടും ഒന്നാണെന്നുമാണ്. ബ്രഹ്മമാണ് സത്യമായുള്ളത്. ജഗത് മിഥ്യയാണ്.

"ബ്രഹ്മസത്യം ജഗൻമിഥ്യാ ജീവോ ബ്രഹ്മൈവ നാപരഃ" ജീവാത്മാവ് ബ്രഹ്മത്തിൽ നിന്നും ഭിന്നമല്ല ബ്രഹ്മസാക്ഷാത്കാരം കൊണ്ട് ലൗകിക ബന്ധം അവസാനിപ്പിച്ച് മുക്തി നേടുന്നു എന്നതാണ് അദ്വൈതസാരം. സൃഷ്ടിയും സൃഷ്ടാവും ഒന്നു തന്നെയാണ് എന്ന തത്വം (ബ്രഹ്മം).

**ദ്വൈതം :-** ജീവാത്മാവും പരമാത്മാവും രണ്ടാണ് ഒന്നല്ല. സൃഷ്ടിയും സൃഷ്ടാവും വേറെ വേറെ യാണ്. അദ്വൈത ദർശനവും നാസ്തിക ദർശനവും ഒഴികെ എല്ലാ ഭാരതീയ ദർശനങ്ങളും ദ്വൈതവാദത്തെ അവലംബിക്കുന്നുണ്ട്. ക്രിസ്തു മതം ഈ ദർശനത്തിന് ഒരു ഉദാഹരണമായി കാണാം.

**വിശിഷ്ടാദ്വൈതം:-** അദ്വൈത സിദ്ധാന്തത്തോ ടൊപ്പം തന്നെ ഈശ്വരന് പ്രത്യേകമായ ഒരു സ്ഥാനം നൽകുന്നു. അദ്വൈത ജ്ഞാനമാർഗവും വിശിഷ്ടാദ്വൈതം ഭക്തിമാർഗവുമാണ്. പ്രപഞ്ചം സത്യമാണെന്നും ഇവിടെ കാണുന്നതെല്ലാം ഈശ്വരന്റെ ലീലകളാണെന്നും മോക്ഷമെന്നാൽ ജീവാത്മാവ് ഈശ്വരന്റെ അംശമായി തീരുന്നതു മായാണ് ഈ ദർശനം വാദിക്കുന്നത്.

**ശുദ്ധാദ്വൈതം :-** "വല്ലഭ വേദാന്തം" എന്ന പേരും ഈ ദർശനത്തിന് ഉണ്ട്. ശ്രീ ശങ്കരന്റെ അദ്വൈതത്തോട് ഒത്തുപോകുന്നുണ്ടെങ്കിലും ചില കാര്യങ്ങളിൽ പൊരുത്തക്കേടുകൾ സ്വീകരി ച്ചിട്ടുണ്ട്. പുരുഷോത്തമപ്രസ്ഥാന രത്നാകരം എന്ന ഗ്രന്ഥത്തിൽ ദർശന തത്വങ്ങളെപ്പറ്റി വിവരിച്ചിട്ടുണ്ട്.

ഹിന്ദുമതത്തിൽ മനുഷ്യന്റെ പരമമായ ലക്ഷ്യം മുക്തി അഥവാ മോക്ഷം നേടൽ ആണ് ലൗകിക ബന്ധങ്ങളിൽ നിന്നുള്ള മോചനമാണ് മുക്തി. അത് ലഭിച്ചവൻ 'ജീവൻ മുക്തനായി' അറിയപ്പെടുന്നു. ജ്ഞാനം, കർമ്മം,ഭക്തി, യോഗം എന്നീ നാല് മാർഗ്ഗങ്ങളാണ് അതിനായി സ്വീകരിക്കേണ്ടത്.

ഒരാൾക്ക് ഈ നാലു മാർഗ്ഗങ്ങളിൽ ഏതെങ്കിലും യോജിച്ച ഒരു മാർഗ്ഗം മാത്രമായും തെരഞ്ഞെടുക്കാം. "സ്ഥിത പ്രജ്ഞൻ" ജ്ഞാന മാർഗത്തിലൂടെ മുക്തി നേടിയ ഒരുവനാണ്. വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നീ ഗ്രന്ഥങ്ങളുടെ പഠനവും ഗുരുവിന്റെ ഉപദേശ ങ്ങളും ധ്യാനങ്ങളുമെല്ലാം മോക്ഷപ്രാപ്തിക്കുള്ള ജ്ഞാനമാർഗങ്ങളാണ്.

നേപ്പാൾ രാജ്യത്തിലെ ഔദ്യോഗിക മതം ഹിന്ദുമതമായിരുന്നു. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും ഹിന്ദുക്കളുണ്ട്. അറിഞ്ഞോ അറിയാതെയോ ഹിന്ദുമതത്തിലെ പല തത്വങ്ങളും വിദേശങ്ങളിൽ സാംസ്കാരിക തലത്തിൽ അംഗീകരിച്ചിട്ടുണ്ട്.

രാമായണം അടിസ്ഥാനമാക്കിയുള്ള കലാസാംസ്കാരിക പ്രകടനങ്ങൾ നടക്കുന്ന ഇൻഡോനേഷ്യയിലെ ബാലി ദ്വീപ് ലോക പ്രസിദ്ധമാണ്. ആ രാജ്യത്തെ വിമാന കമ്പിനി അറിയപ്പെടുന്നത് "ഗരുഡ എയർലൈൻസ്" എന്ന പേരിലാണ്. കംബോഡിയയിലെ അങ്കോർവത് മഹാക്ഷേത്രം ഹിന്ദു പുരാണകഥ കളുമായി ബന്ധപ്പെട്ടതാണ്.

ഭാരതത്തിൽ 80 കോടിയിലധികം ജനങ്ങൾ ഹിന്ദു സമൂഹമാണ് എന്ന് കണക്കുകൾ പറയുന്നു. ആര്യസമാജം, ബ്രഹ്മസമാജം, ശ്രീ രാമകൃഷ്ണ മിഷൻ, 'ഹരേ കൃഷ്ണ' പ്രസ്ഥാനം തുടങ്ങിയ ഹൈന്ദവ സംഘടനകൾ ഇതര മതസ്ഥരെ ഹിന്ദുമതത്തിലേക്ക് പരാവർത്തനം (മടങ്ങിവരവ്) ചെയ്യാൻ സഹായിക്കുന്നു.

**ഹിന്ദു, ഹിന്ദുത്വം, ഹിന്ദുസ്ഥാനം**

പ്രാചീന കാലഘട്ടത്തിൽ സിന്ധുനദീതട നിവാസികളെ ഹിന്ദുക്കൾ എന്നാണ് അറബി കളും പേർഷ്യക്കാരും വിളിച്ചിരുന്നത്. ഈ രണ്ട് സമൂഹങ്ങളും വാണിജ്യ - വ്യാപാര ബന്ധങ്ങൾ മൂലം വളരെ അടുത്ത് ഇടപഴകിയിരുന്നു. ഭാഷാപ്രയോഗത്തിലുള്ള വ്യത്യസ്ഥതമൂലം

സ എന്നത് ഹ എന്ന് മാറിയതായി കരുതുന്നു. ഹിന്ദുക്കൾ നിവസിക്കുന്ന സ്ഥലം എന്ന അർത്ഥത്തിൽ ഭാരതം, ഹിന്ദുസ്ഥാനം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

ഹിന്ദുത്വം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ഒരു ജനസമൂഹത്തിന്റെ സംസ്കാരത്തിലധിഷ്ഠിതമായ ജീവിത ശൈലി ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ദൈനംദിന ജീവിതരീതിയുടെയും ഒരു സമന്വയമാണ്.

അനേകം ജനവർഗ്ഗങ്ങൾ ഭാരതത്തിലേയ്ക്ക്, ആക്രമണങ്ങൾ മൂലവും, അല്ലാതെയും, കടന്നു വന്നിട്ടുണ്ട്. ഇന്നത്തെ രീതിയിലുള്ള ഹിന്ദുത്വം രൂപപ്പെട്ടത് ഈ ജനവർഗ്ഗങ്ങളുടെയല്ലാം സംസ്ക്കാര സമന്വയത്തിലൂടെയാണ്.

ആചാരങ്ങളെക്കാൾ ആത്മ സാക്ഷാത്ക്കാരത്തിനാണ് ഹിന്ദുത്വം പ്രാധാന്യം നൽകുന്നത്. ഹിന്ദുത്വം ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമാണ്. സനാതന ധർമ്മത്തിലധിഷ്ഠിതമായ ഹിന്ദുത്വത്തെപ്പറ്റി വിശദമായി അറിയാൻ ആഴത്തിലുള്ള പഠനം ആവശ്യമാണ്. കാരണം പലപല കാലഘട്ടത്തിലൂടെ അനേകം വ്യക്തികളാൽരൂപപ്പെടുത്തിയ തത്വസംഹിതകളാണ് ഹിന്ദുത്വത്തിന് ആധാരമായിട്ടുള്ളത്.

മതാചാരങ്ങളും മതവിശ്വാസങ്ങളുമായി കൂട്ടികുഴയ്ക്കാതെ, ഭാരതീയ സംസ്കാരത്തെ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന ഹിന്ദുസ്ഥാനിൽ ജനിച്ചു ജീവിക്കുന്ന ഏതൊരു ഭാരതീയനെയും ഹിന്ദു എന്ന് വിശേഷിപ്പിക്കുന്നതിൽ അപാകത ഉണ്ടെന്ന് തോന്നുന്നില്ല.

ഭാരതത്തിലേയ്ക്കുള്ള പാശ്ചാത്യരുടെ പ്രവേശനത്തോടെയാണ് ഹിന്ദുസ്ഥാനം എന്നത് ഇന്ത്യ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. അവർ സിന്ധു നദിയെ ഇൻഡസ് റിവർ എന്നും. ഭാരതത്തെ ഇന്ത്യ എന്നും പുനർനാമകരണം ചെയ്യുകയായിരുന്നു.

ഭാരതീയ ചിന്താധാരയിൽ ഉരുത്തിരിഞ്ഞ് രൂപപ്പെട്ട സനാതന ധർമ്മത്തിന്റെ ചില വിശ്വാസ പ്രമാണങ്ങളിലേയ്ക്ക് എത്തിനോക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കുമെന്ന് കരുതുന്നു.

1. അനവധി ഋഷീശ്വരൻമാർ അനേക കാലമായി രചിക്കപ്പെട്ട അനവധി ഗ്രന്ഥങ്ങളിലൂടെ ഈ ഭൂമിയിലെ സമസ്ത ചരാചരങ്ങളേയും സമസ്ത മേഖലകളേയും ഉൾക്കൊള്ളുന്ന തത്വസംഹിതകളാണ് ഹിന്ദു ധർമ്മത്തിൽ ഉൾക്കൊള്ളുന്നത്.

2. ലോകത്തിലെ പ്രാചീനമായ ഒരു സംസ്കാരമാണ് ഹിന്ദുധർമ്മമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഹിന്ദുമതം. അതിനാലാണ് "സനാതന ധർമ്മം" എന്ന പേരിലും അറിയപ്പെടുന്നത്.

3. മതങ്ങളുടെയെല്ലാം മാതാവ് എന്നുകൂടി വിശേഷിപ്പിക്കാം.

4. സത്യത്തിന്റെയും ധർമ്മത്തിന്റെയും സന്ദേശം രക്തച്ചൊരിച്ചിലില്ലാതെ ലോകമെമ്പാടും എത്തിക്കുന്നു.

5. ലോകത്ത് നിലനിന്നിരുന്ന ഒട്ടുമിക്ക സംസ്കാരങ്ങളും മണ്ണടിഞ്ഞ് നശിച്ചിട്ടും (ഗ്രീക്ക്, റോമൻ, ഈജിപ്റ്റ്, ബാബിലോണിയ, മായൻ, ഇൻകാ തുടങ്ങിയവ) ഇന്നും സജീവമായി നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അതിപുരാതനമായ ധർമ്മസംസ്കാരം.

6. ഹിന്ദുമത വിശ്വാസി പ്രവർത്തിക്കുന്നതും പ്രാർത്ഥിക്കുന്നതും മാനവരാശിയുടെ മാത്രമല്ല ഈ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളുടേയും നന്മയ്ക്ക് വേണ്ടിക്കൂടിയാണ്. **"ലോകഃ സമസ്താഃ സുഖിനോ ഭവന്തു"** എന്ന പ്രാർത്ഥന ഓർമ്മിക്കുക.

7. ശാശ്വത സത്യങ്ങളുടെ നിറകുടങ്ങളായ വേദോപനിഷത്തുക്കൾ രചിക്കപ്പെട്ടത് ഹിന്ദു ധർമ്മത്തിലാണ്.

8. എല്ലാ കാലത്തും നിലനൽക്കുന്ന, അതിന് അനുയോജ്യമായ തത്വജ്ഞാന രഹസ്യങ്ങൾ കണ്ടെത്തിയ ഋഷീശ്വരൻമാർ ജനിച്ച്, ജീവിച്ച് അനുഷ്ഠിച്ച കർമ്മങ്ങളാണ് ഹിന്ദുമതത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്.

9. ചിരപുരാതനവും നിത്യനൂതനവുമാണ് ഹിന്ദു ധർമ്മം. അതിപുരാതനകാലത്ത് കണ്ടെത്തിയ തത്ത്വങ്ങൾ, ജീവിത രഹസ്യങ്ങൾ എന്നിവ ആധുനിക കാലഘട്ടത്തിലും പ്രസക്തമാണ്. അനുയോജ്യമാണ്.

10. **"അസതോ മാ സദ് ഗമയ**
**തമസോമ മാ ജ്യോതിർഗമയാ**
**മൃത്യോർ മാ അമൃതംഗമയാ"** എന്നു
പ്രാർത്ഥിക്കുന്നത് ഹിന്ദു ധർമ്മത്തിലാണ്.

11. **"ആനോ ഭദ്രാ കൃതവോ യന്തു വിശ്വന്ത"**

അറിവ് ലോകത്തിന്റെ ഏത് ഭാഗത്തുനിന്നായാലും ഇങ്ങോട്ട് കടന്നുവരട്ടെ. അതിൽ കൊള്ളാവുന്നതിനെ നമുക്ക് സ്വാംശീകരിക്കാം. ഈ ആഗ്രഹം വച്ചുപുലർത്തുന്നവരാണ് ഹിന്ദു ധർമ്മം ആചരിക്കുന്നവർ.

12. **"ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത"** എന്ന പ്രസിദ്ധമായ ആഹ്വാനം ഹിന്ദു ധർമ്മത്തിലെ കഠോപനിഷത്തിലുള്ളതാണ്.

13. **ഹിന്ദുത്വം പൂർവ്വജന്മത്തിലും പുനർജന്മത്തിലും** വിശ്വസിക്കുന്നു. സഞ്ചിത കർമ്മഫലങ്ങളും ആർജിത കർമ്മഫലങ്ങളും ഒരാളുടെ ജീവതത്തെ നിയന്ത്രിക്കുന്നു. (ജനനം മുതൽ മരണം വരെ ) മുക്തി നേടി മോക്ഷം പ്രാപിച്ചാൽ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു. ഇതോടെ പുനർജന്മത്തിനുള്ള സാധ്യത ഇല്ലാതാകുന്നു.

**(തുടരും)**

**(വ്യക്തി വിശേഷം)**

# എം. എൻ. ഗോവിന്ദൻ നായർ (1910-1984)

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കാത്ത പേരാണ് എം.എൻ.ഗോവിന്ദൻ നായരുടേത്. രാഷ്ട്രീയത്തിന് മൂല്യച്ചുതി വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിലൂന്നി, ആദർശനിഷ്ഠയോടുകൂടി പ്രവർത്തനം നടത്തിയ എം.എന്റെ ജീവചരിത്രം ശരിക്കും രാഷ്ട്രീയ വിദ്യാർത്ഥികൾ പാഠമാക്കേണ്ടതാണ്.

പന്തളത്തെ ഒരു പുരാതന നായർ തറവാട്ടിലെ ശ്രീ. ഇ. ആർ. നാരായണൻ നായരുടെ മകനായി ജനിച്ച ഗോവിന്ദൻ നായർ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി.എ. ബിരുദം സമ്പാദിച്ചു. അദ്ദേഹം നിയമ പഠനത്തിനായി ലോകോളേജിൽ ചേർന്നെങ്കിലും, മറ്റുള്ള പല സമുന്നതരായ നേതാക്കളെപോലെ, സ്വാതന്ത്ര്യ സമരത്തിലേക്കെടുത്തു ചാടിയതു മൂലം നിയമ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അല്പകാലം എൻ.എസ്സ്.എസ്. സ്ക്കൂളിൽ അദ്ധ്യാപക വൃത്തിയിലേർപ്പെട്ടെങ്കിലും ജനസേവന തല്പരനും, സ്വാതന്ത്ര്യേച്ഛവുമായിരുന്നു അദ്ദേഹത്തിന് സ്വാതന്ത്ര്യ സമരത്തിൽ നിന്നൊഴിഞ്ഞ് നിൽക്കാനായില്ല. അതുകൊണ്ടു തന്നെ ജോലി രാജിവെച്ച് നേരെ 'വാർധാ'യിലെത്തി അവിടുത്തെ അന്തേവാസിയായി ഗാന്ധിജിയോടൊപ്പം പ്രവർത്തനം ആരംഭിച്ചു. എന്നാൽ പിന്നീട് സ്റ്റേറ്റ് കോൺഗ്രസിലെ റാഡിക്കൾ ഗ്രൂപ്പിന്റെ നേതാവായി മാറിയ അദ്ദേഹം കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായി ഇന്ത്യയിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പടുത്തുയർത്തുവാൻ അക്ഷീണപരിശ്രമമാണ് നടത്തിയത്.

തന്റെ ജീവിതം മുഴുവനും കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന് വേണ്ടി ഉഴിഞ്ഞുവെച്ച മഹാനായ ആ നേതാവ് ജൻമിത്വത്തിനും, അഴിമതിക്കുമെതിരെ സന്ധിയില്ലാ സമരം ചെയ്തു. ആ മഹാൻ ഒരിക്കലും തന്റെ ആദർശങ്ങളിൽ നിന്നും വ്യതിചലിച്ചിട്ടില്ല. എല്ലാത്തിലുമുപരി കഴിവുറ്റ, സത്യസന്ധനായ ഒരു ഭരണാധികാരി കൂടിയായിരുന്നു എം.എൻ. ലക്ഷംവീട് പദ്ധതി എന്നത് അദ്ദേഹത്തിന്റെ സംഭാവനയാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നിരോധനം ഉണ്ടായിരുന്ന കാലത്ത് ഏറെക്കാലം ജയിലിലും, ഒളിവിലും കഴിഞ്ഞ അദ്ദേഹത്തിന്റെ കൂടി പ്രവർത്തന മികവിനാലാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇത്രയ്ക്ക് വേരോട്ടം ഉണ്ടായത്. കേരളത്തിൽ ബാലറ്റ് യുദ്ധത്തിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയതിന്റെ പിന്നിലും പ്രവർത്തിച്ച എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വ പാടവം അദ്വിതീയം തന്നെ ആയിരുന്നു.

ആത്മാർത്ഥതയുള്ള, സത്യസന്ധനായ നേതാവ്, മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിൽ ഉറച്ച് നിന്ന കറതീർന്ന രാഷ്ട്രീയ പ്രവർത്തകൻ തുടങ്ങി എത്രയെത്ര വിശേഷണങ്ങൾ പറഞ്ഞാലും എം. എൻ. ജി. യെക്കുറിച്ച് പോരാതെ വരികയെ ഉള്ളൂ. മാതൃകാപരമായ രാഷ്ട്രീയ പ്രവർത്തനം നടത്തിയ ആ മാന്യ നേതാവിന്റെ സ്മരണയ്ക്ക് മുമ്പിൽ നമുക്ക് നമിക്കാം.

■



# ഗാന്ധിസൂക്തം

## - കല -

ആന്തരികമെന്നും ബാഹ്യമെന്നും രണ്ട് കാര്യങ്ങളുണ്ട് വസ്തുക്കൾക്ക്. ആന്തരിക ശക്തിയെ സഹായിക്കുന്നില്ലെങ്കിൽ ബാഹ്യ ശക്തിക്ക് അർത്ഥം നഷ്ടപ്പെടുന്നു. എല്ലാ യഥാർത്ഥ കലകളും ആത്മാവിഷ്കാരങ്ങളാണ്. പലരും കലാകാരൻമാരാണെന്ന് സ്വയം അഭിമാനിക്കുകയും, സമൂഹം അത് അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പലരുടേയും കൃതികളിൽ ആത്മാവിന്റെ സ്പർശവും ഉത്കർഷഭാവവും കണികാണാനേയില്ല...

ഓസ്ക്കാർ വൈൽഡിന്റെ കാര്യമെടുക്കൂ. എനിക്ക് അദ്ദേഹത്തെക്കുറിച്ച് സംസാരിക്കാം. കാരണം ഞാൻ ഇംഗ്ലണ്ടിലായിരുന്ന സമയത്താണ് അദ്ദേഹം ഏറെ ശ്രദ്ധ പിടിച്ചു പറ്റിയത്... ഉന്നതമായ കലയെ ബാഹ്യശക്തിയായേ ഓസ്കാർ വൈൽഡ് കണ്ടിരുന്നുള്ളൂ. അതിനാൽ അസാൻമാർഗ്ഗികതയുടെ സൗന്ദര്യവൽകരണത്തിൽ അദ്ദേഹം വിജയിച്ചു. ശരിയായ കല ആത്മാവിന്റെ സാക്ഷാത്കാരമായിരിക്കണം. എന്റെ കാര്യമെടുക്കൂ ഒരു ബാഹ്യശക്തിയുടേയും രൂപമെടുക്കാതെ ആത്മാവിനെ സാക്ഷാത്കരിക്കാൻ എനിക്കു സാധിക്കുമെന്ന് ഞാൻ കരുതുന്നു. എന്റെ ജീവിതത്തിൽ യഥാർത്ഥ കല മതിയാവോളം ഉണ്ടെന്ന് ഞാൻ അവകാശപ്പെടുന്നു. ഒരു പക്ഷെ നിങ്ങളുദ്ദേശിക്കുന്ന കലാപ്രവർത്തനങ്ങൾ എന്നിൽ കണ്ടില്ലെന്നു വരാം. എന്റെ മുറിയിലെ ചുവരുകളിൽ ചിത്രകലകൾ നിങ്ങൾ കാണില്ല. ഒരു പക്ഷേ വീടിന് മേൽക്കുര പോലും കണ്ടില്ലെന്നു വരും. കാരണം, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തിന്റെ അനന്ത സൗന്ദര്യം ആസ്വദിക്കാനാണ് എനിക്ക് താത്പര്യം. എന്നു കരുതി കലാനിർമ്മാണങ്ങളെ ഞാൻ നിഷേധിക്കുന്നു എന്നർത്ഥമില്ല. പ്രകൃതി ദൃശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മൾ മനുഷ്യരുടെ കലാബോധം എത്ര പരിമിതമാണ്. ആത്മസാക്ഷാത്കാരത്തിന് സഹായകമായാൽ മാത്രമേ മനുഷ്യന്റെ കലാനിർമ്മിതിക്ക് മൂല്യമുള്ളൂ.

സത്യത്തിലാണ് അഥവാ സത്യത്തിലൂടെയാണ് ഞാൻ സൗന്ദര്യം കണ്ടെത്തുന്നത്. സത്യം സൗന്ദര്യമാണ്. യഥാർത്ഥ ആശയങ്ങൾ, വാസ്തവികതയുടെ മുഖങ്ങൾ, യഥാർത്ഥ ചിത്രങ്ങളും, ഗാനങ്ങളും എല്ലാം സുന്ദരങ്ങളാണ്. മനുഷ്യൻ എന്നാണോ സത്യത്തിൽ സൗന്ദര്യം ദർശിക്കാനാരംഭിക്കുക അന്ന് മാത്രമേ യഥാർത്ഥ കല ഉണരുകയുള്ളൂ.

വെറും ബാഹ്യരൂപം മാത്രം ഒരു വസ്തുവിനെ സുന്ദരമാക്കുന്നില്ല. ഒരു യഥാർത്ഥ കലാകാരന് ആത്മാവിന്റെ സത്യസൗന്ദര്യം പ്രതിഫലിച്ച് തിളങ്ങുന്ന മുഖങ്ങളാണ് മനോഹരമായി തോന്നുക. ബാഹ്യവൈരൂപ്യം പോലും ആന്തരിക സൗന്ദര്യത്തിന് വഴിമാറുന്നു. ഏറ്റവും സത്യസന്ധനായിരുന്നു സോക്രട്ടീസ്. എന്നാൽ ഗ്രീസിലെ ഏറ്റവും വിരൂപനായ മനുഷ്യനും അദ്ദേഹമായിരുന്നത്രേ. സത്യാന്വേഷണ തത്പരനായിരുന്നതിനാൽ അദ്ദേഹം അതിസുന്ദരനായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. ഫീഡിയാസ് അദ്ദേഹത്തിന്റെ സത്യസൗന്ദര്യത്തെ പ്രകീർത്തിച്ചു. ബാഹ്യസൗന്ദര്യം മാത്രമല്ല ആ കലാകാരന്റെ മനസ്സിനെ ആകർഷിച്ചത് എന്നു വ്യക്തം.

സത്യവും, അസത്യവും പലപ്പോഴും ഒന്നിച്ച് നിലനിൽക്കുന്നു. നൻമയും, തിൻമയും പോലെ. ഒരു കലാകാരനിൽ യാഥാർത്ഥ്യവും കൃത്രിമത്വവും ഒന്നിച്ചു കണ്ടെന്നുവരാം. സത്യത്തിൽ സൗന്ദര്യം നിറഞ്ഞ കലാരൂപങ്ങൾ ശരിയായ കലാപ്രവർത്തനത്തിന്റെ ഫലമായിട്ടുണ്ടാകുന്നു. അത്തരം നിമിഷങ്ങൾ ജീവിതത്തിൽ അപൂർവ്വമാണെങ്കിൽ സുന്ദര കലാരൂപങ്ങളും അപൂർവ്വങ്ങളാണ്.

യംഗ് ഇൻഡ്യ 13 11 1924, പുറം 377



പത്മജ മേനോൻ

# മൃത്യുവിനും അപ്പുറത്ത്

വരൂ, അകത്തേക്കു കയറി വരൂ ഇമ്പമുള്ള ശബ്ദം ഒഴുകി എത്തി. കൂടെ വന്നിരുന്ന ഇടനിലക്കാരൻ അകത്തേക്കു കയറിപോയി. അവൾ നാലുപാടും നോക്കി. മരങ്ങൾ ഇടതൂർന്നു നില്ക്കുന്നുണ്ട്. അതിൽ കിളികളുടെ കലപില ശബ്ദം കേൾക്കാം. ഉമ്മറത്ത് വലിയ തുളസിത്തറ, മുന്നിൽ വലിയ ഒരു മണി കെട്ടിത്തൂക്കിയിരിക്കുന്നു. പുരാതനമായ ഒരു നായർ തറവാടായിരുന്നു അത്. ഇടനിലക്കാരൻ തിരികെ വന്ന് തന്നെയും ഇളയപ്പനെയും ഉള്ളിലേക്ക് ക്ഷണിച്ചു. അകത്തേക്ക് കടന്നപ്പോൾ നല്ല ഐശ്വര്യമുള്ള ഒരമ്മ കസേരയിൽ ഇരിക്കുന്നു. അവൾ അമ്മയെ നോക്കി തൊഴുതു. ഒറ്റക്ക് ഇരുന്ന് മടുത്തു, കൂട്ടിന് പറ്റിയ ഒരാളെ വേണമെന്ന് ഞാൻ പറഞ്ഞിരുന്നു. ഇവിടുത്തെ സ്കൂളിൽ ടീച്ചറായി വന്നതാണല്ലേ? ഞാനും ടീച്ചറായിരുന്നു. എന്താ പേര്? അവൾ പറഞ്ഞു "ക്ലാര ഇമ്മാനുവൽ" ജാതിയും മതവും ഒന്നും നോക്കുന്നില്ല. സ്നേഹവും, വിശ്വാസവും ഉള്ള കുട്ടിയായിരിക്കണം. അവൾ ശരി എന്നർത്ഥത്തിൽ തലയാട്ടി. ഇളയപ്പൻ പോകുവാൻ തിടുക്കം കൂട്ടി.തന്റെ കൈയ്യിൽ പിടിച്ച് വെറുതെ തലയാട്ടി. യാത്ര പറഞ്ഞ് ഇറങ്ങി. വികാരങ്ങൾ ഒന്നും പ്രകടിപ്പിക്കാത്ത ഇളയപ്പന്റെ ചേതോവികാരം എന്തണെന്ന് മനസ്സിലായില്ല. യാത്ര പറയുമ്പോൾ വിഷമം തോന്നിയെങ്കിലും എന്തുകൊണ്ടോ മിഴികളിൽ കണ്ണുനീർ പുറത്തേക്കു വരുവാൻ മടിച്ചു നിന്നു. 'മോളെ ക്ലാരേ' എന്നു വിളിച്ചപ്പോൾ എന്താ ടീച്ചറമ്മേ എന്ന് ചോദിച്ചുകൊണ്ട് അവൾ അകത്തേയ്ക്ക് പോയി. വിശാലമായ ആ വീടിന്റെ ഒരു മുറി കാണിച്ചു കൊടുത്ത്, നിന്റെ സാധനങ്ങൾ എല്ലാം ഇവിടെ വെച്ചു കൊള്ളൂ എന്നു പറഞ്ഞു. അവൾ തന്റെ സാധനങ്ങൾ എല്ലാം അലമാരയിൽ വെച്ചു പൂട്ടി. വിശക്കുന്നില്ലേ, ഊണ് കഴിക്കാം എന്നു പറഞ്ഞുകൊണ്ട് ടീച്ചറമ്മ ആഹാരസാധനങ്ങൾ എല്ലാം മേശപ്പുറത്ത് നിരത്തി. രണ്ടു പേരും ചേർന്ന് ഊണു കഴിച്ചു. വിശ്രമിച്ചോളു എന്നു പറഞ്ഞ് ടീച്ചറമ്മ പോയി കിടന്നു. അവൾ ആലോചിക്കുകയായിരുന്നു. ഇപ്പോൾ ഇളയമ്മക്കും റീനക്കും എല്ലാം സന്തോഷം ആയിട്ടുണ്ടാവും. ടീച്ചറുടെ പ്രീതി പിടിച്ച് പറ്റി എങ്ങനെയെങ്കിലും ഇവിടെ പിടിച്ച് നില്ക്കണം. ഇവിടെ തനിക്ക് സുരക്ഷിതത്വം ഉള്ളതായി തോന്നുന്നു.

പിറ്റേന്ന് മുതൽ അവൾ സ്കൂളിൽ പോയിത്തുടങ്ങി. താനും ടീച്ചറമ്മയും കൂടി ഭക്ഷണങ്ങൾ ഉണ്ടാക്കുവാൻ ആരംഭിച്ചു. തനിക്ക് പൊതി കെട്ടി ചോറ് തന്നയക്കുവാൻ ടീച്ചറമ്മയ്ക്ക് വല്യ ഉൽസാഹമായിരുന്നു. വർത്തമാന പ്രിയയായ ടീച്ചറമ്മക്ക് എല്ലാ വിശേഷങ്ങളും അറിയണമായിരുന്നു. താൻ എല്ലാം വിശദമായി പറഞ്ഞ് കൊടുക്കും. മൗനത്തിന്റെ കൂട്ട് പിടിച്ച് നടന്നിരുന്ന താൻ പെട്ടെന്ന് വാചാലയായത് പോലെ അവൾക്ക് തോന്നി. സൂര്യൻ തന്റെ കൃത്യനിഷ്ഠത പാലിച്ച് കൊണ്ടിരുന്നു. പ്രഭാതങ്ങളിലെയും, സായാഹ്നങ്ങളിലെയും പുരാണ പാരായണം കൊണ്ട് ടീച്ചറമ്മ അവിടം മുഴുവനും ഭക്തിസാന്ദ്രമാക്കി. അവൾ തന്റെ മുറിയിൽ യേശുദേവന്റെ പടം വെച്ച് മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി.ഒരു ദിവസം അവൾ സ്കൂളിൽ നിന്ന് വന്നപ്പോൾ ടീച്ചറമ്മയുടെ കണ്ണുകൾ കലങ്ങി, മുഖമെല്ലാം വീർത്ത് ഇരിക്കുന്നു. ടീച്ചറമ്മ നല്ലപോലെ കരഞ്ഞിട്ടുള്ളതായി അവൾക്കു തോന്നി. എപ്പോഴും ഉൽസാഹവതിയായിരുന്ന ടീച്ചറമ്മയുടെ മറ്റൊരു മുഖമായിരുന്നു അത്. അവൾ ചോദിച്ചു, എന്തു പറ്റി ടീച്ചറമ്മേ? ഒന്നുമില്ല എന്ന് ടീച്ചറമ്മ തലയാട്ടി കാണിച്ചു. അവൾ ചായ കപ്പുമായി ടീച്ചറമ്മയുടെ അടുത്ത് വന്നിരുന്നു. പറയൂ എന്ത് വിഷമമുണ്ടെങ്കിലും എന്നോട് പറയണം. വിഷമങ്ങൾ പങ്ക് വെയ്ക്കുമ്പോൾ മനസ്സിന് ഒരാശ്വാസമാണ്. അവൾ സ്നേഹപൂർവ്വം ടീച്ചറമ്മയുടെ തലയിൽ തലോടി.

ഇന്ന് അവന്റെ പിറന്നാളാണ്. ആരുടെയെന്ന് അവൾ ചോദിച്ചു. എന്റെ മകൻ രുദ്രാ ആനന്ദിന്റെ ടീച്ചറമ്മക്ക് ഒരു മകനുണ്ടെന്ന കാര്യം

അവൾ അപ്പോളാണ് അറിഞ്ഞത്. ഇന്ന് രാവിലെ ടീച്ചറമ്മ അമ്പലത്തിൽ പോയത് അതുകൊണ്ടായിരിക്കും എന്നവൾ ഓർത്തു.

അവൾ മടിച്ച് മടിച്ച് ചോദിച്ചു എന്നിട്ട് മകൻ എവിടെ പോയി. അറിയില്ലാ എന്നു പറഞ്ഞ് ടീച്ചറമ്മ വിങ്ങിപ്പൊട്ടി. അവൾ ടീച്ചറമ്മയെ പിടിച്ച് കൊണ്ടു പോയി കിടത്തി. രാത്രി എത്ര നിർബന്ധിച്ചിട്ടും ടീച്ചറമ്മ ഭക്ഷണം ഒന്നും കഴിച്ചില്ല. പതിവിൽ കൂടുതൽ കറികൾ ഉണ്ടാക്കിയത് പിറന്നാളായത് കൊണ്ടായിരിക്കും. ഒരു പാത്രത്തിൽ നിറച്ചും ഗുലാബ് ജാം ഉണ്ടാക്കി വെച്ചിരിക്കുന്നു. പായസത്തിന് പകരമാണെന്ന് തോന്നുന്നു. അവൾ എല്ലാം എടുത്ത് വെച്ച് അടുക്കള അടച്ച് ടീച്ചറമ്മയുടെ അടുത്തേക്ക് വന്നു. ടീച്ചറമ്മ കണ്ണ് തുറന്ന് കിടക്കുകയാണ്.

ഇന്ന് മോള് എന്റെ മുറിയിൽ കിടന്നാൽ മതി. തനിച്ച് കിടക്കുവാൻ ഒരു വിഷമംപോലെ. അതിനെന്താ ഞാൻ  ഇവിടെ കിടന്നുകൊള്ളാം എന്നു പറഞ്ഞ് അവൾ കട്ടിലിൽ ഇരുന്നു. അവൻ പോയിട്ട് ഇന്ന് ഒമ്പത് വർഷം തികയുകയാണ്.ഒരു പിറന്നാൾ ദിവസമായിരുന്നു അവൻ എന്നെ വിട്ട് പോയത്. ഓരോ പിറന്നാൾ വരുമ്പോഴും അവൻ അമ്മേ എന്നു വിളിച്ച് തിരിച്ചു വരും എന്നു വിചാരിക്കുമായിരുന്നു. ഭൂമിയുടെ ഏതെങ്കിലും ഒരു കോണിൽ അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടാവും. അവന് ഇഷ്ടപ്പെട്ട കറികൾ ഉണ്ടാക്കി എല്ലാ പിറന്നാളിനും ഞാൻ കാത്തിരിക്കും. പായസം അവന് ഇഷ്ടമല്ല. ഗുലാബ് ജാം ആണ് പ്രിയം. കാത്തിരിപ്പ് ഒരു വിരാമമില്ലാതെ തുടരുകയാണ്. അവൾ ചോദിച്ചു വല്ല ഭിക്ഷാടനക്കാരും കൊണ്ടു പോയതാണോ? അല്ല ഇരുപത് വയസ്സു വരെ അവൻ എന്നോടൊപ്പം ഉണ്ടായിരുന്നു. ആ ഇരുപത് വർഷങ്ങൾ ജീവിതത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. ഒരു ഹരിതവനം പോലെ ആ ഓർമ്മകൾ ഇപ്പോഴും മനസ്സിൽ പച്ച പിടിച്ച് നില്ക്കുകയാണ്. ഇരുപത്തെട്ടാം വയസ്സിൽ ഭർത്താവ് നഷ്ടപ്പെട്ട തനിക്ക് പിന്നീട് ഉള്ള ലോകം അവനായിരുന്നു. അവനെ ബുദ്ധിമുട്ടു കൂടാതെ വളർത്തുക എന്നതു മാത്രമായിരുന്നു ജീവിതലക്ഷ്യം. ഞാൻ അവന് അമ്മയും, അച്ഛനും, കൂടപ്പിറപ്പും, കൂട്ടുകാരിയും ഒക്കെയായിരുന്നു. ചെറുപ്പം മുതലേ അവന് എന്നെ വലിയ ശ്രദ്ധയായിരുന്നു. ആരും എന്നെ അനാവശ്യമായി നോക്കുന്നത് പോലും അവന് ഇഷ്ടമല്ല. സൂക്ഷിച്ച് ഇരിക്കണം എന്ന് പറഞ്ഞു കൊണ്ടിരിക്കും. ഒരു ദിവസം സ്കൂൾ വിട്ടു വരുമ്പോൾ അവൻ പറഞ്ഞു ഞാൻ ഇപ്പോൾ വരാം. അമ്മ നടന്നു കൊള്ളൂ എന്ന്. ഞാൻ വേഗം വീട്ടിലെത്തി ചായയെല്ലാം കൂട്ടി അവനെ നോക്കുമ്പോൾ അവൻ ഓടി വരുന്നു. മുഖത്ത് പരിഭ്രമം ഉണ്ട്. എന്ത് പറ്റി മോനേ എന്നു ചോദിച്ചപ്പോൾ ഞാൻ സ്കൂളിലെ പി.ടി. സാറിനെ കല്ല് എടുത്ത് എറിഞ്ഞു . ഇനി എന്റെ അമ്മയോട് മിണ്ടരുത് എന്നു പറഞ്ഞ്. എന്തിനാണ് നീ അത് ചെയ്തത് എന്നു ചോദിച്ച് ഞാൻ നല്ല അടിവെച്ച് കൊടുത്തു. കരയുന്നതിനിടയിൽ അവൻ പറയുന്നുണ്ടായിരുന്നു , ആ സാറ് വെറുതെ അമ്മയുടെ അടുത്ത് വന്ന് വർത്തമാനം പറയുവാൻ വരുന്നതുകൊണ്ടാണ്. ശരിയായിരുന്നു അയാളുടെ പലപ്പോഴുമുള്ള പെരുമാറ്റം തനിക്ക് അരോചകമായിരുന്നു. ആ കുഞ്ഞു മനസ്സിന്റെ കരുതലും ശ്രദ്ധയും എന്നെ അത്ഭുതപ്പെടുത്തി. പിറ്റേന്ന് സ്കൂളിൽ പോയപ്പോൾ സാറ് നെറ്റിയിൽ കെട്ടുമായി വന്നിരിക്കുന്നു. ചോദിക്കുന്നവരോട് എല്ലാം ഒന്നു വീണു എന്നതായിരുന്നു മറുപടി എന്നു പറഞ്ഞ് ടീച്ചറമ്മ പൊട്ടിച്ചിരിച്ചു. അതുപോലെ തന്നെ എനിക്ക് ശക്തമായ തലവേദന വരുമായിരുന്നു. ആ ദിവസങ്ങളിൽ ഞാൻ സ്കൂളിൽ പോവില്ല . അവനും പോകാറില്ല. ഞാൻ സ്കൂളിൽ പോയി വരുമ്പോഴേക്കും  അമ്മ മരിച്ചു പോയാലോ എന്നു പറഞ്ഞ് അവൻ എനിക്ക് കാവൽ ഇരിക്കും. ആ മകനാണ് എന്നെ വിട്ടു പോയത്. ആ കണ്ണുകളിൽ തിരുവാതിര ഞാറ്റുവേലപോലെ കണ്ണുനീർ പെയ്ത് ഇറങ്ങുകയാണ്. ഹൃദയം പൊട്ടി ഒഴുകുന്ന ഈ ചുടുകണ്ണുനീർ ഭൂമിയെപോലും പൊള്ളലേല്പിക്കും എന്ന് അവൾക്ക് തോന്നി. പുത്രനായ് കേഴുന്ന ഒരു അമ്മയുടെ ജന്മദുഃഖം അവൾ കണ്ട് അറിയുകയായിരുന്നു.സമയസൂചിക അഭംഗുരം നീങ്ങി കൊണ്ടിരുന്നു. അവളും കട്ടിലിൽ കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ ടീച്ചറമ്മ ചാടി എഴുന്നേറ്റ് ജനാലയിലൂടെ ദൂരത്തേക്ക് നോക്കുന്നു. കരിയില അമരുന്ന ശബ്ദം കേൾക്കുമ്പോൾ രാത്രിയുടെ അന്ത്യയാമങ്ങളിൽപോലും മകന്റെ പാദസ്പർശനശബ്ദത്തിനായി കാതോർക്കുന്ന ഒരു അമ്മ.

പിറ്റേന്ന് അവൾ പള്ളിയിൽ പോയി അൾത്താരക്കു മുന്നിൽ മെഴുകുതിരി കത്തിച്ച് മുട്ടിപ്പായി പ്രാർത്ഥിച്ചു. എന്റെ പിതാവേ! എന്റെ പ്രാർത്ഥന കേൾക്കേണമേ, നിരാലംബർക്ക്

അഭയവും. വേദനകൊണ്ട് പുളയുന്നവർക്ക് സാന്ത്വനവും നല്കുന്ന എന്റെ നാഥാ! പുത്ര വിയോഗത്താൽ എരിയുന്ന ടീച്ചറമ്മയുടെ മനസ്സിന് ആശ്വാസം നല്കേണമേ. അവരുടെ പുത്രൻ എത്രയും വേഗം തിരിച്ച് വരുവാനാകേണമേ. തന്നെപോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കണം എന്നല്ലേ വചനങ്ങളിൽ പറഞ്ഞിരിക്കുന്നത്. ടീച്ചറമ്മയുടെ ദുഃഖം എന്റെയും ആയി മാറിയിരിക്കുകയാണ് എന്റെ അപേക്ഷ കൈകൊള്ളണമേ. പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധത്മാവിന്റെയും നാമത്തിൽ ആമേൻ. പ്രാർത്ഥിച്ച് കഴിയുമ്പോഴേക്കും അവൾ കരയുന്നുണ്ടായിരുന്നു.

തിരിച്ച് വീട്ടിലെത്തിയപ്പോൾ കുറെ ആൺ കുട്ടികളും ടീച്ചറമ്മയും കൂടി ഇരിക്കുന്നു. ടീച്ചറമ്മ എന്തോ പറഞ്ഞ് പൊട്ടിച്ചിരിക്കുന്നുണ്ട്. ഇന്നലെ ആ കണ്ണുകളിൽ കണ്ണീർ തിമിർത്ത് പെയ്യുകയായിരുന്നു. ടീച്ചറമ്മയുടെ ഈ ദ്വിമുഖ വ്യക്തിത്വം അവളെ അമ്പരിപ്പിച്ചു. എത്ര ലാഘവത്തോടെയാണ് ടീച്ചറമ്മ അവരോട് ഇടപഴകുന്നത്. എന്താ ശരത്തേ, നിന്റെ ഐ.പി. എസ് മോഹം എന്തായി? മനസ്സുണ്ടെങ്കിൽ വലിയ സ്വപ്നങ്ങളിലേയ്ക്ക് , ലക്ഷ്യങ്ങളിലേയ്ക്ക് എളുപ്പം നടന്നടുക്കാമെന്ന സൂത്രവാക്യമാണ്, ദൃഢ നിശ്ചയം. ജഗദീഷിന്റെ ചിറ്റമ്മ ഇപ്പോഴും വഴക്കിന് വരുന്നുണ്ടോ. എത്രയും വേഗം ഒരു ജോലി ശരിപ്പെടുത്തി ദൂരേക്ക് മാറണം. നമ്മൾക്ക് പൊരുത്തപ്പെടുവാൻ പറ്റാത്തതിനെയൊക്കെ ജിവിതത്തിൽ നിന്ന് അകറ്റി നിർത്തുക. സതീഷിന് തന്റെ ഉത്തരവാദിത്വത്തെപ്പറ്റി ബോധം വേണം, അച്ഛന് സുഖമില്ലാതെയിരിക്കുകയാണ്. അവരുടെ പ്രതീക്ഷ നീ മാത്രമാണ് ലക്ഷ്യം നേടാനുള്ള പ്രയത്നത്തിനിടക്ക് തടസ്സങ്ങളും പ്രലോഭനങ്ങളും നേരിടേണ്ടി വരും. തടസ്സങ്ങളെ ധൈര്യത്തോടും ആത്മവിശ്വാസത്തോടും നേരിടുക. പ്രലോഭനങ്ങളെ ഗൗനിക്കാതിരിക്കുക. ടീച്ചറമ്മയുടെ ഉപദേശങ്ങൾ കേട്ട് അവർ ഒരു മനഃശാസ്ത്ര വിദഗ്ദ്ധയാണെന്ന് തോന്നി. സ്വയം എരിഞ്ഞ് തീരുമ്പോഴും മറ്റുള്ളവർക്ക് പ്രകാശം പരത്തുന്ന ഒരു മെഴുകുതിരിയാണ് ടീച്ചറമ്മ. ആ വ്യക്തിത്വത്തെ അവൾ ആദരിച്ചു. തനിക്ക് അവരെയെല്ലാം പരിചയപ്പെടുത്തി തന്നു. എന്റെ വിദ്യാർത്ഥികളാണ്. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവർ യാത്ര പറഞ്ഞ് പോയി.

അവൾ തൂണിൽ ചാരി മഴയെ നോക്കിക്കൊണ്ടിരുന്നു. മഴ സംഹാരതാണ്ഡവമാടുകയാണ്. മരങ്ങൾ ആടിയുലയുന്നുണ്ട്. പ്രളയം വരുന്നതു പോലെ അവൾക്ക് തോന്നി. രൗദ്രഭാവം പൂണ്ട മഴയുടെ ഈ ഭാവം ഭയാനകമാണ്. അതിവിദൂരഭാവിയിൽ ഭൂമി നിദാന്തഹേമന്തയായി തിരും എന്ന പ്രവചനം സത്യമാവുകയാണോ? മഴയ്ക്ക് എത്രയെത്ര ഭാവങ്ങളാണ്. ചിലപ്പോൾ ചന്നംചിന്നം പെയ്യുന്ന മഴയായിരിക്കും. ഗ്രാമത്തിലെ പെൺകൊടിയെപ്പോലെ ആ മഴക്ക് ശാലീനതയാർന്ന ഒരു ചന്തമാണ്. എന്തായാലും പ്രകൃതിയുടെ ഒരു സുന്ദരമായ പ്രക്രിയതന്നെയാണ് മഴ. ടീച്ചറമ്മ ഗതകാല സ്മരണകളിൽ വിഹരിക്കുകയാണ്. അവൾ അടുത്ത് പോയിരുന്നു. പഠിക്കുവാൻ മിടുക്കനായിരുന്നു എന്റെ അനന്തു. അവനോടാണ് ഈ കുട്ടികൾ സംശയമെല്ലാം ചോദിച്ചിരുന്നത്. കോളേജിലെ ഏറ്റവും കൂടുതൽ മാർക്ക് അവനായിരുന്നു. പഠിക്കുവാൻ മാത്രമല്ല ഒരു സകലകലാ വല്ലഭനായിരുന്നു അവൻ. പാട്ട്, കവിത, ചിത്രരചന, പിയാനോ എന്നിവയിലെല്ലാം അവൻ ഒന്നാമനായിരുന്നു. അവൻ നല്ലൊരു വിപ്ലവകാരിയുമായിരുന്നു. അവന് അവന്റേതായ കുറെ ആദർശങ്ങൾ ഉണ്ടായിരുന്നു. അവന്റെ കാഴ്ചപ്പാടുകൾ വളരെ വ്യത്യസ്തമായിരുന്നു. ഭർത്താവും ഭാര്യയും അടങ്ങിയ കുടുംബത്തിൽ ഒരാൾക്കു മാത്രമേ ജോലി പാടുള്ളു. അതിനാൽ പലർക്കും ജോലി കിട്ടുന്നതുകൊണ്ട് പല കുടുംബങ്ങളും രക്ഷപ്പെടും. സിനിമാക്കാർക്കും, ക്രിക്കറ്റർമാർക്കും ആവശ്യത്തിൽ കൂടുതൽ പണം നൽകുന്നതിനോട് അവന് ഭയങ്കര വിയോജിപ്പായിരുന്നു. കുറച്ചുപേർ മാത്രം പണം അടക്കി വെയ്ക്കുന്നത് അനീതിയാണ്. വ്യക്തികൾക്കു ധനസമ്പാദനത്തിൽ ഒരു പരിധിവെയ്ക്കണം, അല്ലാത്തപക്ഷം അതു നിയമവിരുദ്ധമായി കണക്കാക്കണം. ദയാവധം അനുവദിക്കണം. താരാപഥങ്ങളെയും, തന്മാത്രകളെയും ഒരു പോലെ കാണണം. അങ്ങിനെയങ്ങിനെ അതു നീണ്ടു പോവുമായിരുന്നു. ആരും ചെറുതല്ല, ഓരോ വ്യക്തിക്കും എന്തെങ്കിലും ഒരു കഴിവ് ഉണ്ടായിരിക്കും എന്നാണ് അവന്റെ വാദം. തത്വമസിയിലായിരുന്നു അവൻ വിശ്വസിച്ചിരുന്നത്. അവന്റെ വ്യക്തിത്വത്തിന്റെ മുന്നിൽ പലപ്പോഴും ഞാൻ ചെറുതായി പോകുന്നതുപോലെ തോന്നും. "രുദ്രാ ആനന്ദ് "അവന്റെ പേരുപോലെ തന്നെ ആനന്ദം നല്കുന്നതായിരുന്നു അവന്റെ സാന്നിദ്ധ്യവും.

ടീച്ചറമ്മയുടെ മകനെയും വരച്ച ചിത്രങ്ങളെയും എനിക്കു കാണിച്ചു തരുമോ? എന്നു ചോദിച്ചപ്പോൾ പിന്നെന്താ എന്നു ചോദിച്ചു കൊണ്ട് പൂട്ടിയിട്ടിരുന്ന മുറി തുറന്നു കാണിച്ചു. മുറിയിലെ വലിയ ഫോട്ടോ കണ്ട് അവൾ ഞെട്ടപ്പോയി. തന്റെ സങ്കൽപത്തിലെ പുരുഷരൂപമായിരുന്നു ആ ചിത്രത്തിന്. വെളുത്ത് ഉയർന്ന്, കട്ടിമുടിയും കുറ്റി താടിയും മീശയുമുള്ള ആളായിരുന്നു. തന്റെ പുരുഷസങ്കൽപം കൂട്ടുകാരികൾ തന്നെ പരിഹസിക്കുമായിരുന്നു, ഒരു കഷണ്ടിക്കാരനായിരിക്കും നിന്നെ കെട്ടുക എന്ന് പറഞ്ഞ് അവൾ മറ്റു ചിത്രങ്ങളിലേയ്ക്ക് നോക്കി. അലയടിക്കുന്ന കടൽ തീരത്ത് നോക്കി നില്ക്കുന്ന ഒരാൾ, ആ ചിത്രം അവൾക്ക് വളരെ ഇഷ്ടമായി. അനാദികാലം മഴപെയ്തു ഉണ്ടായ കടൽ തനിക്ക് എപ്പോഴും ഒരു വിസ്മയമായിരുന്നു.

ഞായറാഴ്ച ദിവസങ്ങളിൽ വീട്ടിലെ കുളത്തിലാണ് ഞങ്ങൾ കുളിച്ചിരുന്നത്. മഞ്ഞളും താളിയും എല്ലാം തേച്ച് വിശദമായ കുളി. അവിടെയുള്ള ചെടികൾ പറിച്ച് ടീച്ചറമ്മ താളിയുണ്ടാക്കുമായിരുന്നു. മഞ്ഞൾ എല്ലാം തന്റെ ദേഹത്ത് പുരട്ടി താളിയെല്ലാം മുടിയിൽ ഇട്ട്, തന്നെ ഒരു കൊച്ചു കുട്ടിയെ പോലെ ടീച്ചറമ്മ കുളിപ്പിക്കും. തനിക്ക് കൈമോശം വന്ന ബാല്യം തിരിച്ചു കിട്ടിയതുപോലെ അവൾക്ക് തോന്നി. ഒരമ്മയുടെ സ്നേഹത്തിന് ഇത്രയധികം മാധുര്യമുണ്ടോ? അവർ തമ്മിൽ നല്ലൊരു ആത്മ ബന്ധം ഉടലെടുത്തു. തന്റെ നീണ്ടചുരുണ്ട മുടി ടീച്ചറമ്മക്ക് വലിയ ഇഷ്ടമായിരുന്നു. അനന്തു എപ്പോഴും പറയും ഞാൻ കെട്ടുവാൻ പോകുന്ന പെണ്ണിന് അമ്മയെക്കാൾ മുടിയുണ്ടായിരിക്കണം. എന്നിട്ട് അമ്മ അവളോട് കുശുമ്പ് എടുത്താലു ണ്ടല്ലോ എന്നൊക്കെ പറയും. കുളത്തിൽ നിറച്ചും താമരപൂ ഉണ്ടായിരുന്നു. ടീച്ചറമ്മ നീന്തിപോയി താമരപ്പൂവ് തനിക്ക് പറിച്ച് കൊണ്ടു തരും. നീന്തുവാനറിയാത്ത താൻ ടീച്ചറമ്മയുടെ കൈയ്യിൽ പിടിച്ചാണ് മുങ്ങുക. ടീച്ചറമ്മ ചോദിച്ചു, നീ നിന്റെ വിശേഷങ്ങൾ ഒന്നും ടീച്ചറമ്മയോട് പറഞ്ഞില്ലല്ലോ. ദല്ലാൾ കുമാരൻ പറഞ്ഞു നിനക്ക് അമ്മയും, അച്ഛനും ഇല്ലെന്ന്. പിന്നെ വീട്ടിൽ ആരൊക്കെ യുണ്ട്? ആരും ഇല്ലായെന്നതാണ് സത്യം. തനിക്ക് രണ്ടു വയസ്സുള്ളപ്പോൾ അമ്മ രോഗം ബാധിച്ച് മരിച്ചു. എന്നും, ആ വിഷമത്തിൽ അച്ഛൻ നാട് വിട്ട് പോയി എന്നൊക്കെയാണ് പറയുന്നത്. അച്ഛന്റെയും അമ്മയുടെയും മുഖം ഒന്നും എന്റെ മനസ്സിലില്ല. അച്ഛന്റെ അമ്മയാണ് എന്നെ വളർത്തിയത് . മൂന്ന് വർഷങ്ങൾക്കു മുമ്പ് അവരും മരിച്ചു. പിന്നെ അച്ഛന്റെ അനിയനും, ഭാര്യയും മകളും ഞാനും മാത്രമായി വീട്ടിൽ. ഇളയമ്മയുടെ മകൾ റീനയെക്കാളും എല്ലാറ്റിലും ഞാൻ മുന്നിലായിരുന്നു. അതാണ് അവർക്ക് എന്നോടുള്ള നീരസത്തിന് കാരണം. അവൾക്ക് വിവാഹലോചനകൾ നടത്തുവാൻ തുടങ്ങി. വന്നവർക്ക് എല്ലാം തന്നെയാണ് ഇഷ്ടപ്പെട്ടത്. അങ്ങനെ ഒരു കുറ്റവും ചെയ്യാതെ ഞാൻ അവരുടെ ശത്രുവായി മാറി. എത്രയും വേഗം ഒരു ജോലി കിട്ടി അവിടെ നിന്ന് രക്ഷ പെടണം എന്ന് ആഗ്രഹിക്കുമ്പോളാണ് മേഘാവൃതമായ ദിവസങ്ങൾക്കിടയിൽ എത്തി നോക്കുന്ന സൂര്യനെപ്പോലെ ഒരു പൊൻവെളിച്ച മായി തനിക്ക് ജോലിക്കുള്ള ഉത്തരവ് വന്നത്. അങ്ങനെ മലയാറ്റൂർ മലയോര പ്രദേശത്ത് ജനിച്ചു വളർന്ന ഞാൻ നെൽവയലോലകളാലും, ഗ്രാമത്തിന്റെ വിശുദ്ധിയും, നിഷ്കളങ്കതയും നിറഞ്ഞ് നില്കുന്ന, സൻമനസ്സുകളുടെ ഉടമകളായ ഈ കൊച്ചു പഴയന്നൂർ ഗ്രാമത്തിലേക്ക് പറിച്ച് നട്ടത്, സ്നേഹത്തിന്റെ നിറകുടമായ ടീച്ചറമ്മയുടെ അടുത്തേക്ക് ഞാൻ എത്തിപ്പെട്ടത്. എന്റെ ഭാഗ്യമാണ് എന്ന് പറഞ്ഞ് അവൾ ടീച്ചറമ്മയെ കെട്ടിപിടിച്ചു. അന്നു വൈകുന്നേരം അവർ മായന്നൂർക്കാവിലെ താലപ്പൊലി കാണുവാൻ പോയി. ടീച്ചറമ്മയുടെ മുണ്ടും നേര്യതും തന്നെ ഉടുപ്പിച്ച് കാശുമാലയും ഇട്ട് തലയിൽ നിറച്ചും മുല്ലപ്പൂവും വെച്ചപ്പോൾ ടീച്ചറമ്മക്ക് രണ്ടുപേരും ചേർന്നു നിന്ന് ഒരു ഫോട്ടോ എടുക്കണമെന്ന മോഹമുണ്ടായി. ഇപ്പാൾ അസ്സലു നായരുകുട്ടി യെപൊലെയുണ്ട്. ഇനി ഞാൻ നിന്നെ കാർത്തൂ എന്നാണ് വിളിക്കുന്നത് എന്നു പറഞ്ഞപ്പോൾ ടീച്ചറമ്മക്ക് ഇഷ്ടമുള്ളതു വിളിച്ചോളു എന്ന് പറഞ്ഞു. അങ്ങനെയിരിക്കുമ്പോളാണ് ഒരു ദിവസം ഇരുളിൽ തിളങ്ങുന്ന ഏക വെള്ളി നക്ഷത്രം പോലെ ആ കത്ത് വന്നത്. അമ്മയുടെ മകൻ തിരിച്ചു വരുന്നു അമ്മയെ കാണുവാനായി. ഞാൻ വന്നിട്ട് കാര്യങ്ങൾ എല്ലാം പറയാം. കത്ത് മുഴുവൻ വായിക്കുവാൻ കഴിയാതെ ടീച്ചറമ്മ കരഞ്ഞു ചിരിക്കുകയായിരുന്നു.

**(തുടരും)**




# ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

മീനച്ചിൽ താലൂക്കിലെ ഭരണങ്ങാനത്ത്, കിഴക്ക് ദർശനമായിട്ടാണ് പ്രസിദ്ധമായ ഈ ശ്രീകൃഷ്ണസ്വാമിക്ഷേത്രം നിലകൊള്ളുന്നത്.

മുടങ്ങാതെ ഏകാദശി വ്രതം അനുഷ്ഠിച്ചിരുന്ന ധർമ്മപുത്രർക്ക് വനവാസകാലത്ത്, ദ്വാദശിനാളിൽ പൂജയ്ക്കായി ശ്രീകൃഷ്ണ വിഗ്രഹം കിട്ടാതെ വിഷമിച്ചിരുന്നപ്പോൾ, നാരദമഹർഷി അവിടെ എത്തിച്ചേരുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഭീമസേനൻ ജ്യേഷ്ഠനുവേണ്ടി മുമ്പ് വ്യാസമഹർഷി പൂജിച്ചിരുന്ന ചതുർബാഹുവായ വിഗ്രഹം എടുത്തുകൊണ്ടുവരികയും ചെയ്തു. അങ്ങനെ ഭീമസേനൻ കൊണ്ടുവന്ന വിഗ്രഹം ധർമ്മപുത്രർ കുംഭമാസത്തിലെ ശുക്ലപക്ഷ ദ്വാദശിനാളിൽ പ്രതിഷ്ഠിച്ച് പൂജ നടത്തി. പൂജയ്ക്ക് വേണ്ടി ജലം എടുക്കുന്നതിന് ഗദ കൊണ്ട് കുത്തിക്കുഴിച്ച ആ കിണർ ഇന്നുമുണ്ട്. ഇതിലെ ജലം ഒരിക്കലും വറ്റുകയില്ലെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

ആമന്നൂർ, വട്ടോളിൽ, കല്ലേലിൽ, കടുമ്മത്തിൽ, കോളഭാഗത്ത് മരുത്താശ്ശേരി വലയ്ക്കാമറ്റം, എടനിക്കാട്, പാണ്ടത്തിൽ, കരിപ്പാമറ്റം എന്നീ ഇല്ലക്കാരുടെ ഊരായ്മയിലുള്ള ക്ഷേത്രമാണിത്. എന്നാൽ ഇപ്പോൾ ഇതിന്റെ ഭരണം നിർവ്വഹിക്കുന്നത് കീഴ്പ്രയാർ, ഇടമറ്റം, അമ്പാറ, ഭരണങ്ങാനം എന്നീ കരകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ചേർന്ന് രൂപം കൊടുക്കുന്ന കമ്മറ്റിയാണ്. ചേന്നാസ് ഇല്ലക്കാരാണ് താന്ത്രിക കർമ്മങ്ങൾ നിർവ്വഹിക്കുന്നത്. അഷ്ടമിരോഹിണിയും നവരാത്രിയും ആഘോഷമായി കൊണ്ടാടുന്നു. ഈ ക്ഷേത്രത്തിൽ മണ്ഡലവ്രതകാലം പ്രത്യേക പൂജവിധികളോടെയും കൊണ്ടാടുന്നു. മകര സംക്രമ ദിനത്തിൽ ഓട്ടു ധ്വജത്തിൽ കൊടിയേറ്റ് നടത്തി ആരംഭിക്കുന്ന ഉത്സവം എട്ടാം നാളിൽ ആറാട്ടോടുകൂടി പര്യവസാനിക്കുന്നു.

വളരെ മാഹാത്മ്യമുള്ള പ്രസിദ്ധമായ ഈ ക്ഷേത്രത്തിലെ വിഗ്രഹം പീഠത്തോടു കൂടിയായതുകൊണ്ട് ഇളക്കി പ്രതിഷ്ഠ അസാധ്യമാണ്.

ധർമ്മപുത്രർ ദ്വാദശിനാളിൽ പാരണ വീടി വ്രതം അനുഷ്ഠിച്ച ഈ സ്ഥലത്തെ പാരണംകാനം എന്ന് പിന്നീട് അറിയപ്പെട്ടു. പാരണംകാനം കാലാന്തരത്തിൽ ഭരണങ്ങാനമായി രൂപാന്തരപ്പെട്ടു എന്നാണ് പറയുന്നത്.

അഭീഷ്ടസിദ്ധിക്കായി ഇവിടെ നടത്തുന്ന പ്രത്യേക വഴിപാടാണ് ചതുശ്ശത ഊട്ട്. പാൽ പായസ്സവും അപ്പവും നിത്യേന നടത്തുന്ന വഴിപാടുകളാണ്.

ഈ ക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ തൂക്കിയിരിക്കുന്ന ഒരു ഓട്ടുആൽവിളക്കുണ്ട്. ഇത് കത്തിച്ചാൽ നിഴൽ കാണില്ല എന്നുള്ളത് വലിയ അതിശയമാണ്. കൊല്ലവർഷം 803 - ൽ വെങ്ങാരപ്പള്ളി മൂശാരി നിർമ്മിച്ചതാണ് ഈ വിളക്ക്.

ഇവിടെ ഉപദേവതകളായി ഗണപതി, ദുർഗ്ഗ, വനദുർഗ്ഗ, ശാസ്താവ്, ശിവൻ എന്നിവരെ പ്രതിഷ്ഠിച്ച് പൂജിച്ച് വരുന്നു.

പാലായിൽ നിന്ന് ഈരാറ്റുപേട്ടയ്ക്കുള്ള വഴി അഞ്ചു കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ ഈ ക്ഷേത്രത്തിലെത്താം.

■



# അസഹിഷ്ണുത

ശാന്ത രാജൻ

ഇന്ന് കാലം വല്ലാതെ മാറിയിരിക്കുന്നു. പണ്ടുള്ളവർ എത്രത്തോളം സ്നേഹത്തോടും മറ്റുള്ളവരുടെ ഏതു രിതിയിലുള്ള പെരുമാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടും, ക്ഷമിച്ചുകൊണ്ടും ജീവിച്ചിരുന്നുവോ അതു തീർത്തും മാറിയിരിക്കുന്നു. ഇന്ന് ആർക്കും ആരേയും ഉൾക്കൊള്ളാനാവുന്നില്ല. എന്തിനോടും ഏതിനോടും അസഹിഷ്ണുത. ഒരാൾക്ക് മറ്റൊരാളുടെ പെരുമാറ്റത്തോടു ചേർന്നു പോകുവാനാകുന്നില്ല. അത് കുടുംബത്തിലെ ശാന്തത നശിപ്പിക്കുന്നു. അന്യോന്യം മനസ്സിനേയും ശരീരത്തിനേയും തളർത്തുവാനുള്ള പ്രവണത ഈ രീതിക്കുണ്ട്.

മനുഷ്യർ മിക്കവരും എന്തിനെക്കുറിച്ചെങ്കിലും ആവലാതിപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാ സൗഭാഗ്യങ്ങളും ഉണ്ടെങ്കിലും മനസ്സ് എപ്പോഴും എന്തിനോ വേണ്ടി പായുന്നു. അപ്പോൾ ഉള്ളതിനെക്കുറിച്ച് സന്തോഷിക്കുവാനോ വേണ്ട രീതിയിൽ അത് ആസ്വദിച്ച് അനുഭവിക്കുവാനോ സാധിക്കുന്നില്ല എന്നത് ദൗർഭാഗ്യകരമായ കാര്യമാണ്.

പ്രധാനമായും മറ്റുള്ളവരുടെ ജീവിതത്തോടുള്ള താരതമ്യമാണ് പ്രധാന കാരണം. ആർക്കെങ്കിലും എന്തെങ്കിലും നന്മയോ ഉയർച്ചയോ ഉണ്ടായാൽ അത് നമുക്ക് നേടിയെടുക്കണം എന്ന ത്വര, അതിനുവേണ്ടി എന്തും ചെയ്യാനും, ചിന്തിക്കാനും, പ്രവർത്തിക്കാനും ആൾക്കാർക്കു മടിയില്ലാതായിരിക്കുന്നു. മിക്ക ആളുകൾക്കും തിരക്കേറിയ ജീവിതം ഒന്നിനും സമയമില്ലാത്ത രീതിയിൽ കൊണ്ടെത്തിച്ചിരിക്കും. മനസ്സിന് ലാഘവത്വം നഷ്ടപ്പെട്ട പോലെ. സ്വന്തം മാതാപിതാക്കളോടു പോലും നല്ല രീതിയിൽ സംസാരിക്കുവാനോ, അവർ പറയുന്നതിൽ എന്തെങ്കിലും ശരിയുണ്ടോ അവർ പറയുന്നത് പിൻതുടരണോ എന്നെല്ലാം ചിന്തിക്കുവാനുള്ള ക്ഷമയോ ഇല്ലാത്ത ഒരു അവസ്ഥ. എല്ലാവരും അങ്ങനെയെന്നു പറയുന്നില്ല. എത്രയോ പേർ തിരക്കിനിടയിലും സമയം കണ്ടെത്തി മാതാപിതാക്കൾക്ക് സാന്ത്വനം നൽകാൻ ശ്രമിക്കുന്നു. അതുതന്നെ വളരെ ആശ്വാസകരം. ഇങ്ങനെയെല്ലാമുള്ള കാരണങ്ങൾ കൊണ്ടായിരിക്കാം ലോകത്തിൽ ജനങ്ങളുടെ മനസ്സിൽ അസഹിഷ്ണുത ഏറി വരുന്നത്.

ഏതു വിധത്തിൽ ചിന്തിച്ചാലും ആത്മീയമായ കാര്യങ്ങൾ കുറച്ചെങ്കിലും പിൻതുടർന്നാൽ ഒരു പരിധിവരെ ഇതിനു പരിഹാരം തേടാൻ പറ്റുമെന്നു തോന്നുന്നു. അതിനു മനസ്സുകൊണ്ടു തയ്യാറാവുന്നവർ വളരെ ചുരുക്കം എന്നതും ഖേദകരമായ ഒരു വസ്തുത തന്നെ. ഒരു പരിധി വരെ നമ്മൾക്ക് അതിനുവേണ്ടി ശ്രമിക്കാം. സഹായിക്കാം. ഈശ്വരൻ എല്ലാവർക്കും അതിനുള്ള ശക്തി തരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം.

■

## സ്ത്രീസമാജത്തിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 21.4.2015 (ചൊവ്വ ) | വിഷു സ്പെഷ്യൽ പാചകക്ലാസ്സ് | 3.00 PM |
| | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 PM |

**എല്ലാ ബുധനാഴ്ചയും തിരുവാതിര ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

# CANCER
## PREVENTION



ഡോ. കല്ല്യാണി മേനോൻ

നമ്മുടെ ആയുസ്സിന്റെ ദൈർഘ്യം ജീവിത രീതിയും പെരുമാറ്റവും (Life Style and Behavior) Genetic Factors ആശ്രയിച്ചിരിക്കുന്നു. Risk Factors മനസ്സിലാക്കി അവ ഒഴിവാക്കാൻ ശ്രമിക്കുന്നതാണ് ഏറ്റവും നല്ലത്.

പുകവലിയും പുകയിലയുടെ ഉപയോഗവും നിർത്തുന്നതാണ് ഏറ്റവും പ്രധാന മാർഗ്ഗം. ശ്വാസകോശം, വായ, തൊണ്ട, അന്നനാളം, പാൻക്രിയാസ്, വൃക്ക, മൂത്രസഞ്ചി, രക്തത്തിലെ ചിലതരം കാൻസർ, Lymphomas എന്നിവ, പ്രോസ്ടേറ്റ്, വൻകുടൽ എന്നിവയിൽ ഉണ്ടാകുന്ന കാൻസറിന് പുകവലി (Active and Passive) പ്രധാന കാരണമാണ്. കാൻസറിൽ ഏറ്റവും കൂടുതൽ കാണുന്ന Genetic Mutation, P53 Gene ൽ ഉണ്ടാകുന്ന Mutation ന് കാരണം പുകവലിയാണ് എന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. പുകവലി നിർത്തുന്നവർക്ക് Risk Factors ഉം കുറയുന്നു. 65 വയസ്സ് കഴിഞ്ഞ് വലി നിർത്തിയാൽ പോലും Life Expectancy കൂടുമെന്നാണ് പറയുന്നത്.

Ionising Radiation Exposure കുറയ്ക്കാൻ Protective Shields Masks Aprons ഉപയോഗിക്കുന്നു. ഇപ്പോൾ ഉപയോഗിക്കുന്ന Latest Machines ൽ Dose Delivary, Control, Precision എന്നിവ പഴയവയിലെക്കാളും വളരെ മെച്ചമാണ്.

സൂര്യ പ്രകാശത്തിലെ U-V Ray's ൽ നിന്ന് രക്ഷനേടാൻ Sun Screen Lotions, Creams, Protective Covering എന്നിവ ഉപയോഗിക്കാം. 10 AM to 4 PM വരെയുള്ള സൂര്യരശ്മി Exposure ആവുന്നതും ഒഴിവാക്കണം.

**INFECTIONS**

H. Pylori Infection ന് വയറ്റിലെ കാൻസറുമായി ബന്ധമുള്ളതുകൊണ്ട് ഈ പ്രശ്നമുണ്ടെങ്കിൽ അതിനുള്ള ചികിത്സ പൂർണ്ണമായി എടുക്കണം.

Hepatitis B And C കരളിലെ കാൻസറിന് കാരണമാവുന്നതുകൊണ്ട് Hepatits B Vaccination എടുക്കേണ്ടതാണ്.

Human Pappiloma Virus (HPV) കാരണമുണ്ടാവുന്ന Cancers Cerevical, Genital and Anal വായയിൽ ഉണ്ടാകുന്ന ചിലത് ഇവക്ക് പ്രതിരോധമായി HPV Vaccine എടുക്കാം.

പൊണ്ണത്തടി (Obesity) പല അസുഖങ്ങൾക്കും അകാല മരണങ്ങൾക്കും കാരണമാവുന്നു. സ്തനങ്ങളിലേയും, വൻകുടലിലേയും കാൻസർ ഇതിൽ പെടുന്നു. ശരിയായ ആഹാര ക്രമങ്ങളും വ്യായാമവും ശരീരഭാരം കൂടാതിരിക്കാൻ സഹായിക്കുന്നു.

<u>BMI (Body Mass Index)</u>

WT IN KILOGRAM

HT IN METERS 2 = BMI

| | | |
|---|---|---|
| Normal | | 18 - 25 |
| Over Weight | | 26 - 30 |
| Obese | I | 30 -3 5 |
| | II | 36 - 40 |
| (Morbid Obesity) | III | > 40 |

**<u>GENETIC COUNCELLING</u>**

അടുത്ത കുടുംബാംഗങ്ങളിൽ പലർക്കും കാൻസർ ഉണ്ടെങ്കിൽ Genetic Councilling, Testing for Mutant Genes (eg. BRCA I, II) മുതലായവ വേണ്ടിവരും. Specialised Centres-ൽ ഇത് ലഭ്യമാണ്.

**<u>SCREENING TESTS FOR CANCER</u>**

കാൻസർ നേരത്തെ കണ്ടുപിടിക്കാൻ ചെയ്യുന്ന പരിശോധനയാണ് ഇത്.

വായിലെ വെളുത്തതോ ചുമന്നതോ ആയ പാടുകൾ, ഉണങ്ങാത്ത വൃണങ്ങൾ എന്നിവയിൽ നിന്ന് Smear എടുത്ത് കാൻസറോ,

കാൻസറിന് മുമ്പുള്ള ലക്ഷണങ്ങളെ കാണിക്കുന്ന കോശങ്ങളൊ ഉണ്ടോ എന്ന് പരിശോധിക്കുന്നു.

ഗർഭാശയത്തിന്റെ ഭാഗമായ Cerevix ൽ നിന്ന് Smear (Pap's Smear) എടുത്തുള്ള പരിശോധന, 18 - 60 വയസ്സിൽ പെടുന്ന സ്ത്രീകൾക്ക് ചെയ്യുന്നു.

ഒരു വർഷം ഇടവിട്ട് ചെയത 2 Smear Tests Negative ആണെങ്കിൽ 3 കൊല്ലം കൂടുമ്പോൾ ചെയ്താൽ മതി. 60 വയസ്സിനു മേലെ ഉള്ളവർക്ക് മുമ്പിലത്തെ 2 Tests Negative ആണെങ്കിൽ പിന്നെ ചെയ്യേണ്ട ആവശ്യം ഇല്ല.

വൻകുടലിലെ കാൻസർ നേരത്തെ കണ്ടുപിടിക്കാൻ എല്ലാ വർഷവും മലത്തിൽ രക്തം ഉണ്ടോ എന്ന പരിശോധിക്കുന്നു (Occult Blood) മലത്തിൽ രക്തം കാണുമ്പോൾ മൂലക്കുരു (Piles) ആണെന്ന് പറഞ്ഞ് നിസ്സാരമായി എടുക്കരുത്. വിദഗ്ദ്ധ പരിശോധനയും Colonoscopy എന്നിവയും ചെയ്യണം.

High Risk കാർക്ക് 3-5 വർഷം ഇടവിട്ട് Scopy ചെയ്ത് പരിശോധിക്കേണ്ടതാണ്.

## PROSTATE CANCER

50 വയസ്സിൽ മേലെയുള്ള പുരുഷൻമാർക്ക് വർഷത്തിൽ ഒരിക്കൽ PSA Level, Digital Rectal Examination (DRE) എന്നിവ ചെയ്യണം.

## Breast Cancer

40 കഴിഞ്ഞ എല്ലാ സ്ത്രീകൾക്കും (പ്രത്യേകിച്ച് Family History / Risk Factors ഉള്ളവർക്ക്) എല്ലാ വർഷവും Mammogram ചെയ്യണം.

Screening Tests ന് അതിന്റെ പരിമിതികൾ ഉണ്ട്. False Positive or False Negative Reports വരാം. സംശയമുള്ളപ്പോൾ Regular follow up and Biopsy Confirmation ആവശ്യമാണ്.

■

# എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 മാർച്ച് മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. ഗീതാ രാമചന്ദ്രൻ, ഗീതാഞ്ജലി. 44/2830, ലിങ്ക്ഗാർഡൻ ഹൗസിംഗ് കോളനി ദേശാഭിമാനി റോഡ്, കലൂർ, കൊച്ചി - 682017 | 30,000 |
| 2. | ശ്രീമതി. ഗീതാ രാമചന്ദ്രൻ, ഗീതാഞ്ജലി. 44/ 2830, ലിങ്ക്ഗാർഡൻ ഹൗസിംഗ് കോളനി ദേശാഭിമാനി റോഡ്, കലൂർ, കൊച്ചി - 6682017 | 20,000 |
| 3. | ശ്രീ. വേണുഗോപാൽ. കെ, ഗോവിന്ദവിലാസ്, ഉദയനാപുരം. പി.ഒ, വൈക്കം | 8,006 |
| 4. | ശ്രീ. സഞ്ജയ് ഗോപിനാഥ് നായർ, ഐശ്വര്യ, രാമകോഡം ലെയ്ൻ, പെരുമ്പോട്ട റോഡ്, ഇളമക്കര, കൊച്ചി - 682026 | 5,000 |
| 5. | ശ്രീമതി. ഇ. സുമിത, പത്മനിലയം, 39/367, കാരിക്കാമുറി റോഡ്, എറണാകുളം | 5,000 |
| 6. | ശ്രീമതി. താര നന്ദകുമാർ, 46, പഞ്ചവടി കോളനി, ഇളുംകുളം | 5,000 |

<u>കഥകളി ക്ലബ്ബ് എൻഡോവ്മെന്റ്</u>

| | | |
|---|---|---|
| 1. | ക്യാപ്റ്റൻ. എം. സി. നായർ, ശ്രേയസ്സ് എ 11, ശ്രീപാർവ്വതി അപ്പാർട്ട്മെന്റ്, ഇളമക്കര, കൊച്ചി - 682026 | 40,000 |
| 2. | ശ്രീ. സി. ആർ. രവീന്ദ്രനാഥ്, എ 43, ചോയ്സ് ഗാർഡൻ, ടോക് എച്ച് നഗർ, വൈറ്റില, കൊച്ചി - 682019 | 40,000 |
| 3. | ഡോ. സി. കെ. രാമചന്ദ്രൻ, ചിങ്ങനേഴത്ത് ഹൗസ്, രവിപുരം, കൊച്ചി 682016 | 40,000 |
| 4. | ശ്രീമതി. സരസ്വതി സി. എസ്. മേനോൻ, ശിവകൃപ, ലായം റോഡ്, കൊച്ചി - 682011 | 40,000 |

(തുടർച്ച)



# ഊർദ്ധൻ വലിക്കുന്ന മലയാളം

നന്ദകുമാർ മേനോൻ
ഫോൺ : 9895981809

## അന്യഭാഷാ രതികൾ

മറ്റു പല ഭാഷകൾക്കും ഉള്ളതിനേക്കാൾ സ്വാംശീകരണ ശേഷി മലയാളത്തിനുള്ളതാണോ അവളുടെ ഇന്നത്തെ അവസ്ഥക്ക് കാരണം എന്നുപോലും പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. മലയാളഭാഷാ സാഹിത്യ ചരിത്രം വായിക്കുന്ന ആർക്കും മനസ്സിലാക്കാവുന്ന ഒരു വസ്തുതയാണ് മലയാളം ആദ്യകാലത്ത് ചെന്തമിഴിന്റെ ഒരു രൂപഭേദമായിരുന്നു എന്നത്. തമിഴിന്റെയും സംസ്കൃതത്തിന്റെയും വ്യാകരണം, ഛന്ദസ്, പദാവലി എന്നിവ നിർലോഭം സ്വീകരിച്ചാണ് മലയാളം വളർന്നത്. പല പണ്ഡിതൻമാരും, മലയാളത്തിൽ നിന്നാണ് തമിഴ് സ്വാംശീകരിച്ചത് എന്ന് വാദിക്കാറുണ്ടെങ്കിലും, രണ്ടു വിധത്തിലും സംശയമില്ലാത്തവിധം സ്ഥാപിക്കാൻ, ആദ്യകാല ചരിത്രലേഖനങ്ങളുടെ അപര്യാപ്തത വിഘാതമാവുന്നു.

മലയാളത്തിലെ ആദ്യകാല നാടകങ്ങൾ സംസ്കൃത നാടക ശൈലിയിൽ , കുറെ അധികം തമിഴ് നാടകശൈലി കലർത്തിയതായിരുന്നു. സൂത്രധാരനും, വിദൂഷകനും, നടിയും മറ്റും സംസ്കൃത ശൈലിയിൽ നിന്നു കടന്നു വന്നപ്പോൾ, നായകന്റെ ശാസ്ത്രീയ രാഗാലാപനവും, പാട്ടു പാടലും മറ്റും തമിഴ് ശൈലയിൽ നിന്നും പ്രവേശിച്ചു. എസ്.ജി. കിട്ടപ്പയുടെ "എവരണി" യും ജി.എൻ. ബാലസുബ്രഹ്മണ്യത്തിന്റെ (ജി.എൻ. ബി) "ഹിന്ദോള" വും മറ്റും നാടക സ്റ്റേജിൽ കണ്ടത്, ഹൃദയത്തിൽ താലോലിക്കുന്നവർ, പഴയ തലമുറയിൽ ഇന്നും സുലഭം. എന്നാൽ മലയാളത്തിന് സ്വന്തം അന്തർധാരകൾക്കനുസരിച്ച്, ഒരു നാടകശൈലി രൂപപ്പെടുത്തിയെടുക്കുവാൻ കഴിഞ്ഞു എന്നതാണ് പിൽക്കാല നാടകചരിത്രം വെളിപ്പെടുത്തുന്നത്. കെ.പി.എ.സിയും മറ്റും സമകാലിക പ്രശ്നങ്ങളെ യഥാർത്ഥമായി നാടകത്തിൽ കൊണ്ടുവന്നത്, ഗദ്യസാഹിത്യത്തിനൊരു മുതൽകൂട്ടുമായി.

അതിനൊക്കെ മുൻപു തന്നെ പാശ്ചാത്യ സ്വാധീന ഫലമായി കവിതയുടെ മാത്രമായിരുന്ന ലോകത്തിൽ നിന്നും, കഥയുടെ ലോകത്തിലേക്ക്, മലയാളം എത്തിയിരുന്നു. ആദ്യ ലക്ഷണയുക്ത നോവലായ ഇന്ദുലേഖ 1889 ൽ ജനിക്കുന്നതിന് അധികം മുൻപല്ല, 1871 ൽ മറാത്തിയിലും 1882 ൽ ഹിന്ദിയിലും നോവലുകൾ ജനിച്ചത്. തുടർന്നുള്ള ഗദ്യസാഹിത്യം മുൻപറഞ്ഞ പിൽക്കാല നാടക സാഹിത്യത്തെയും ഏറെ സ്വാധീനിക്കുകയുണ്ടായി.

ചലച്ചിത്രങ്ങളുടെ ആഗമനം നാടകത്തെ തളർത്തിയതുപോലെ തന്നെ, ദൂരദ്രശന(ടെലിവിഷൻ) സംവിധാനം ചലച്ചിത്രത്തെയും തളർത്തി. എന്തും പ്രദർശിപ്പിക്കാമെന്നതും, താരോദയവും, യുവാക്കളുടെ മേൽ ഈ രണ്ടു മാധ്യമങ്ങൾക്കും സ്വാധീനം വർധിപ്പിക്കാൻ ഇടനൽകി. ചലച്ചിത്ര ദൂരദർശന മാധ്യമങ്ങളുടെ ഈ ഒരു സ്വാധീനപരിണാമത്തിന്റെ ഇരുണ്ട വശം രണ്ട് രീതിയിൽ ഇവ നമ്മുടെ സംസ്കാരത്തെ പിടിമുറുക്കി എന്നതാണ്. ഒന്ന്, എഴുതപ്പെട്ട സാഹിത്യം വായിക്കുമ്പോൾ വായനക്കാരന് വേണ്ടുന്ന ഭാവനാവിലാസത്തിന് കടിഞ്ഞാൺ വീണു എന്നത്. രണ്ട്, ആസ്വദിക്കാൻ മനസ്സും ബുദ്ധിയും ഒപ്പം വേണ്ടതിലുപരി ആസ്വാദന പരിശീലനവും കൂടി വേണ്ടിയിരുന്ന , ജീവത്തായി പ്രകടിപ്പിക്കപ്പെടുന്ന കഥകളി, കൂടിയാട്ടം, നൃത്തം ശാസ്ത്രീയ സംഗീതം എന്നിവ ആസ്വാദകർക്കൊരു ഭാരമായി തോന്നി തുടങ്ങി എന്നത്.

അത്രയുമല്ല മേല്പറഞ്ഞ മലയാള പാരമ്പര്യ കലകൾ ആസ്വദിക്കാനുള്ള സമയ സൗലഭ്യവും ജീവിത വേഗം കൂടിയ ഇക്കാലത്ത്, ഇല്ലാതായി, ചലച്ചിത്രവും ദൂരദർശനവും സ്വതവേ തന്നെ പരിമിതമായ തിരശീലയിലാണ് കാണുന്നത്. എന്നാൽ, മലയാള കലകൾ നേരിട്ടാസ്വദിക്കുന്ന അനുഭവം അവ രേഖപ്പെടുത്തി (റെക്കോർഡ്) കാണുന്നതിൽ കിട്ടില്ല. അങ്ങിനെ അന്തർദ്ധാരകളിൽ നിന്നും അന്യഭാഷാ രതികളിൽ നിന്നും ശക്തിയാർജ്ജിച്ച് മലയാളം മുന്നേറുമ്പോഴാണ് മലയാളത്തിന്റെ ദുർദ്ദശ വിദ്യാഭ്യാസ രീതികളിലൂടെ പ്രത്യക്ഷപ്പെട്ടത്.

# അഭ്യാസ വൈകൃതം 1

ആദ്യകാലത്ത് ഗുരുകുല രീതിയിൽ നടത്തപ്പെട്ടിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ, ബ്രിട്ടീഷ് സ്വാധീനം കൊണ്ടു വന്ന പരിവർത്തന ങ്ങൾ വിനാശകരങ്ങളും, ദൂരവ്യാപകങ്ങളുമായി രുന്നു. ഒരു പ്രൗഢസംസ്കാരത്തെ കുറെ മരഞ്ചാടി കുരങ്ങൻമാർ നശിപ്പിച്ച് നാരായണ ക്കല്ലിലെത്തിച്ച കാഴ്ച, എത്രയും ഹൃദയ ഭേദകവും, കണ്ണീർ വറ്റിപ്പിക്കുന്നതും, കൈകാലു കൾ തളർത്തുന്നതുമായിരുന്നു. വെള്ളക്കാർ ഭാരതത്തിൽ വന്ന് ഇവിടെ നടത്തിയ സാംസ്കാരിക യുദ്ധം മഹാഭാരത യുദ്ധത്തെ പ്പോലും വെല്ലുന്നതാണ്. ഒരു സംസ്കാരത്തെ നശിപ്പിക്കണമെങ്കിൽ അവരുടെ പൈതൃകത്തെ നശിപ്പിക്കണമെന്നും, വിനാശ ബുദ്ധി ആളി ക്കത്തിച്ച്, അതിനെ സർവ്വനാശത്തിലെത്തി ക്കാൻ ആ സംസ്കാരത്തിൽ അഭിമാനിക്കുന്ന ജനങ്ങളെക്കൊണ്ട് തന്നെ വാളെടുപ്പിക്കണ മെന്നും നമ്മെ പഠിപ്പിച്ച ഒരു സംസ്കാരിക യുദ്ധമായിരുന്നു അത്. അതിന് മെക്കാളേ എന്ന ഒരു ആംഗല വിഷസർപ്പം കണ്ടെത്തിയ മാർഗ്ഗം. അന്ന് എല്ലാ ഗുരുകുലങ്ങളിലും നടന്നിരുന്ന സംസ്കൃത വിദ്യാഭ്യാസം നിയമം മൂലം നിരോധിക്കുകയും, അങ്ങിനെ നടത്തപ്പെടുന്ന ഗുരുകുലങ്ങൾ, ഭാരതമൊട്ടാകെ തീ വച്ചും തകർത്തും തരിപ്പണമാക്കുകയുമായിരുന്നു.

ഭാരതമൊട്ടാകെ നടന്ന ഈ കുരുതിയിൽ കൊച്ചു കേരളവും ബാധിക്കപ്പെട്ടു. അങ്ങിനെ ആ വരത്തപ്പിശാചുക്കളുടെ ചുടലനൃത്തത്തിൽ കേരളീയ സംസ്കാരം അസ്തപ്രായമായെ ങ്കിലും, മറ്റൊരു ഭാരതീയ പ്രാദേശിക സംസ്കാരം അതിനെയെല്ലാം ചവിട്ടി താഴ്ത്തി തല ഉയർത്തി നിന്നു തമിഴ് ഭാഷയും - അവളുടെ സംസ്കാരവും. ഭാഷയും സംസ്കാരവും എങ്ങിനെ മതചിന്തകളെപോലും അതിലംഘി ക്കുന്നു എന്നത്, തമിഴ് നാട്ടിലെ ക്രിസ്ത്യാനി സ്ത്രീകൾ പുലർച്ചെ വീട്ടുമുമ്പിൽ വരക്കുന്ന കോലങ്ങളിലൂടെയും, സുമംഗലികൾ ചൂടുന്ന പൂക്കളിലൂടെയും ലോകം കണ്ടു. എന്നിട്ടും അവർ ക്രിസ്ത്യാനികൾ തന്നെ ആയിരുന്നു. ആ മതചിന്തകൾ അവർക്ക് തനതു സംസ്കാരത്തെ താലോലിക്കുവാൻ തടസമായിരുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കിപ്പുറം ഇത്രയേറെ വർഷ ങ്ങൾ കഴിഞ്ഞിട്ടും, ദ്രാവിഡ രാഷ്ട്രീയ സംഘടനകൾക്കല്ലാതെ ഒന്നിനും ആ ഭൂപ്രദേശ ത്ത് ആ സാംസ്കാരികാഭിമാനികൾ ഇടം നൽകിയില്ല.

എങ്കിൽ പിന്നെ എന്തുകൊണ്ട് മലയാള ത്തിനും ആ പ്രതിരോധം സാധിച്ചില്ല. ...? അതിന് കേരളത്തിന്റെ പുരോഗമന(?) ചിന്തകളും, രാഷ്ട്രീയ പ്രബുദ്ധതയും ആയിരിക്കാം. ഒരു കാരണമെന്ന് കരുതണം. ആ വിഷയങ്ങളിലേക്ക് കടക്കുന്നത് ഈ ലേഖന പരമ്പരയുടെ പരിധിക്കു പുറത്താണെങ്കിലും, ഒരു കാര്യം ശ്രദ്ധേയമാണ്. കേരളത്തിൽ ഇന്ന് വ്യാവസായിക സംരംഭങ്ങളുമില്ല, കാർഷിക ഊർജ്ജസ്വലതയു മില്ല. പച്ചക്കറികൾക്ക് അവൾ തമിഴ്നാട്ടിനേയും, ധാന്യങ്ങൾക്ക് ആന്ധ്രയേയും, വ്യാവസായിക വിഭവങ്ങൾക്ക് കേന്ദ്ര സംഭാരത്തെയും (സെൻട്രൽ പൂൾ) ആശ്രയിക്കുന്നു. അതു കൊണ്ടു തന്നെ തൊഴിലവസരങ്ങൾ തേടി ഇവിടുത്തെ ചെറുപ്പക്കാർക്ക് കേരളത്തിന് പുറത്തേക്ക് നോക്കേണ്ടി വന്നു.

കേരളത്തിന് പുറത്ത് ജോലി കിട്ടണ മെങ്കിൽ മലയാളം മാത്രം അറിഞ്ഞിരുന്നാൽ പോരാ, സമകാലിക രാഷ്ട്രശൃംഖലയായ ആംഗലത്തിനെ ആശ്ലേഷിക്കണമെന്നും വന്നു ചേർന്നു. അതിന് ശൃംഖലാഭാഷയായിത്തീർന്ന (ലിങ്കിങ്ങ് ലാംഗ്വേജ്) ആംഗലം കൂടി അഭ്യസി ച്ചാൽ മതി. അതിനു പകരം, മലയാള മാതാവിന്റെ നെഞ്ചത്ത് കത്തിയിറക്കി, ആ പെറ്റമ്മയെ അതിദാരുണവും അപഹാസ്യവുമായ വിധ ത്തിൽ വികൃതവേഷം കെട്ടിച്ച് കുഴിച്ചു മൂടിയാലും, അച്ഛനാര് അമ്മയാര് എന്നറിയാത്ത ആംഗല ശിഖണ്ഡിയെ, അതിനെ മാത്രം പഠിച്ചാൽ മതി, മറ്റെല്ലാം അതിലൂടെ പഠിച്ചാൽ മതി, എന്നു തീരുമാനിച്ച മലയാളി ബുദ്ധി എന്തു വിധിവൈപരീത്യത്താൽ വന്നു ചേർന്നോ എന്തോ...!

ഇവിടെയാണ് വിഷയവും (സബ്ജക്ട്) മാദ്ധ്യമവും (മീഡിയം) തിരിച്ചറിയാനുള്ള വിവേചന ബുദ്ധി മലയാളിക്കില്ലാതെ പോയത്.

## അഭ്യാസ വൈകൃതം 2

ബിലാത്തിയിൽ നിന്നിറക്കം ചെയ്യപ്പെട്ട ചന്തുമേനോന്റെ ഭാഷയിൽ പറഞ്ഞാൽ

ഇംകിരീസ് പാഠ്യസമ്പ്രദായം, ഭാരതത്തിൽ പരക്കെ നടപ്പിലാക്കപ്പെട്ടതിനു ശേഷമാണ്, അതുവരെ പഠനമാദ്ധ്യമമായി പൊതുവേ ഉപയോഗിക്കപ്പെട്ടിരുന്ന സംസ്കൃതവും, അതു നിലനിർത്തിയിരുന്ന ആർഷസംസ്കാരവും ക്ഷയോൻമുഖമായത്. അതിന് പ്രധാന കാരണ ക്കാരനായ മെക്കാളെ, 1835 ഫെബ്രുവരി 2- ാം തീയതി സമർപ്പിച്ച കരട് കുറിപ്പ്, ന്യൂയോർക്കിലെ കൊളംബിയാ യൂണിവേഴ്സിറ്റിയിലെ ഗ്രന്ഥശേഖര ത്തിൽ ഉണ്ട്.

http://www.columbia.edu/itc/mealac/prichett/00generallinks/macaulay/txt-minute-education-183 5.html

അതിൽ ഇവിടെ പ്രസക്തമായ രണ്ട് ഖണ്ഡിക കളുടെ ഏകദേശ തർജ്ജമ താഴെ ചേർക്കുന്നു. ഉദ്ധരണി, ആരംഭം (10) എനിക്ക് സംസ്കൃതവും അറബിയും അല്പം പോലും അറിയില്ല. പക്ഷേ, അവയുടെ കൃത്യമായ മൂല്യം അളക്കാൻ എന്നാലാവുന്നത് ഞാൻ ചെയ്തിട്ടുണ്ട്. അറബി യിലെയും സംസ്കൃതത്തിലെയും ഏറ്റവും പുകഴ്ത്തപ്പെട്ട രചനകളുടെ തർജ്ജമകൾ ഞാൻ വായിച്ചിട്ടുണ്ട്. ഇവിടെയും അവിടെയും ഞാൻ പാശ്ചാത്യ ഭാഷകളിലെ ജ്ഞാനത്തിന് പുകഴ്പെറ്റ ആളുകളോട് സംസാരിച്ചിട്ടുമുണ്ട്. പൗരസ്ത്യ ജ്ഞാനത്തെപ്പറ്റിയുള്ള, പൗരസ്ത്യരുടെ തന്നെ മൂല്യനിർണ്ണയം സ്വീകരിക്കാൻ ഞാൻ തികച്ചും തയ്യാറാണ്. ഒരൊറ്റ ചുവരലമാര നിറച്ച യൂറോപ്യൻ ഗ്രന്ഥശേഖരം, ഭാരതത്തിന്റെയും അറേബ്യയുടെയും മൊത്തം ദേശീയ സാഹിത്യത്തിനു തുല്യം നിൽക്കും എന്നത് നിഷേധിക്കാൻ കഴിവുള്ള ഒറ്റൊരുത്തനെയും ഞാൻ അവർക്കിടയിൽ കണ്ടില്ല. സമിതിയിലുള്ള , പൗരസ്ത്യ പാഠ്യപദ്ധതിയെ പിന്തുണക്കുന്ന അംഗങ്ങളെല്ലാം തന്നെ പാശ്ചാത്യ സാഹിത്യത്തിന്റെ തനതായ മേൻമ പൂർണ്ണമായും അംഗീകരിച്ചവരാണ്.

(11) കിഴക്കൻ എഴുത്തുകാർ ഏറ്റവും ഉയരത്തിൽ എത്തിയിട്ടുള്ള സാഹിത്യശാഖ കവിതയാ ണെന്നത് അവിതർക്കിതമായ കാര്യമാണെന്നാണ് ഞാൻ കരുതുന്നത്. അറബിയിലെയും സംസ്കൃത ത്തിലെയും കവിതകൾ, പാശ്ചാത്യ മഹാരാഷ്ട്ര ങ്ങളുടേതിനോട് താരതമ്യം ചെയ്യപ്പെടാവുന്ന താണെന്ന് പറയാൻ ധൈര്യമുള്ള ഒരൊറ്റ പൗരസ്ത്യനെപ്പോലും എനിക്ക് കാണാൻ കഴിഞ്ഞില്ല. പക്ഷേ നാം കാല്പനിക സൃഷ്ടികളിൽ നിന്നും വസ്തുതാവിവരണ പരവും, പൊതുതത്വ പരിശോധകവുമായ സൃഷ്ടികളിലേക്ക് കടക്കു മ്പോഴാണ് യൂറോപ്യൻമാരുടെ ശ്രേഷ്ഠത തികച്ചും അളവറ്റതാകുന്നത്. സംസ്കൃതത്തിൽ എഴുതപ്പെട്ടി ട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിൽ നിന്നും സമാഹരി ച്ചിട്ടുള്ള എല്ലാ ചരിത്ര കഥനങ്ങളും, ഇംഗ്ലണ്ടിലെ പ്രാഥമിക വിദ്യാലയങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഏറ്റവും നിസ്സാരസംഗ്രഹങ്ങളെക്കാളും വില കുറഞ്ഞതാണെന്ന് പറഞ്ഞാൽ, അതിൽ അല്പം പോലും അതിശയോക്തി കലരില്ലെന്നാണ് എന്റെ വിശ്വാസം. ഭൗതികവും സദാചാരപരവുമായ എല്ലാ തത്വചിന്താശാഖകളിലും രണ്ടു രാഷ്ട്രങ്ങളുടെയും സ്ഥാനങ്ങൾ മിക്കവാറും തുല്യമാണ്.

(ഉദ്ധരണി കഴിഞ്ഞു)

വളരെ കുപ്രസിദ്ധവും ഭാരതീയ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതുമായ മെക്കാളേ എന്ന വരത്തന്റെ അധികപ്രസംഗമാണ് മുകളിൽ കണ്ടത്. അക്കാലത്ത് ഭാരതീയ ചരിത്രകാരൻമാർ ചരിത്ര ലേഖനത്തിൽ വളരെ ശ്രദ്ധ വച്ചിട്ടില്ലായിരുന്നതു കൊണ്ടായിരിക്കാം, എങ്ങിനെയാണ് ഈ വെള്ള പിശാച് ഈ നിഷ്ഠൂരകർമ്മത്തിൽ വിജയിച്ചത് എന്ന് നമുക്കിന്നും വളരെ വ്യക്തമല്ലാത്തത്. വ്യാവസായിക വിപ്ലവാനന്തരഫലമായ തുപ്പാക്കി ആയിരിക്കണം അക്കാലത്തെ ഗുരുകുലങ്ങളെ നിർമ്മൂലനം ചെയ്യാൻ അവനെ സഹായിച്ചത്. എങ്കിലും, അതിൽ അവൻ പരിപൂർണ്ണമായും വിജയിച്ചു എന്നത് ചരിത്ര സത്യം.

അച്ഛന്റെ ഒരു സുഹൃത്തായ ഒരു പ്രധാനാദ്ധ്യാ പകനാണ് സംസാര ഭാഷ പഠിപ്പിച്ചത്.

ഇവിടെ ചില ഉദ്വേഗജനകമായ ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു.

(1) എന്തിനാണ് മൂന്നു വയസ്സു മുതൽ 17 വയസ്സു വരെയുള്ള 14 വർഷം ആംഗലം ഒരു വിഷയമായി പഠിക്കുന്നത്.?

(2) പഠിക്കാൻ അത്രയും കാലമെടുത്ത ഒരു ഭാഷ, അതേ കാലയളവിൽ തന്നെ മാദ്ധ്യമമായി പഠിച്ച മറ്റു വിഷയങ്ങളിൽ എന്തു പഠിപ്പാണുണ്ടാ യിരിക്കുക.?

**(തുടരും)**



# ബലിമൃഗം

എം. ശ്രീവല്ലഭൻ നായർ

പ്രിയസഖി! മമ പ്രേമപ്രചോദിതേ, എന്റെ
തപിത മാനസഗാഥ ഞാൻ ചൊല്ലട്ടെ.
സുരസമാനം നുരഞ്ഞ് പതയും നിൻ
പുതിയ ജീവിതഘോഷ മേളങ്ങൾ-
ക്കിടയിലിത്തിരി നേരമെനിക്കായി തരണേ,
എന്റെയീ ഗാനം ശ്രവിക്കണെ!

പരമ നിർമ്മല പ്രേമ സൂനങ്ങളാൽ
പരിചിൽ ഞാൻ തീർത്ത സ്നേഹോപഹാരത്തെ
നിർദ്ദയമെന്തേ ദൂരെയെറിഞ്ഞൂ നീ
ഹൃത്തിലുള്ളതലിയാശിലയതോ?
കണ്ട നാൾ മുതലെത്ര കൊതിച്ചു ഞാൻ
കൺമണീ നിന്റെ കൈ പിടിച്ചീടുവാൻ
പലരുമെന്ന പഴി പറഞ്ഞെങ്കിലും,
പരവാദികളേറെ പരിഹസിച്ചെങ്കിലും
ക്ഷുഭിതനായില്ല ദേവീ ഒരിക്കലും
തവസ്മൃതിയിൽ മുഴുകി കഴിഞ്ഞു ഞാൻ.

വിമലെയേറെ വിതുമ്പിക്കരഞ്ഞു ഞാൻ
ഹൃദയഭേദകമായ നിൻ വേർപാടിൽ
പരശ്ശതം മോഹസ്വപ്നങ്ങൾ കൊണ്ടു ഞാൻ
പണിതുയർത്തിയ പ്രേമസൗധത്തെ
പതിത പ്രേരണയാലതി ക്രൂരമായ്
കരുണഹീനേ നീ തച്ചുടച്ചീലയോ?

അറിവുവെച്ചോരുനാൾ മുതൽ നീയെന്റെ
അരികിൽ നിന്നൊട്ടും മാറാതെ നിന്നതും
ഇടതു കൈവിരൽ തുമ്പിൽ നിന്നിത്തിരി
പിടി വിട്ടീടുകിൽ തേങ്ങികരയും നി-
ന്നരുമയോലുമാ കുഞ്ഞു മുഖത്തിനെ
അകതളിരിൽ നിന്നെങ്ങനെ മായ്ക്കും ഞാൻ.
ശൈശവ ബാല്യകാലങ്ങളിലെത്ര
ഹൃദ്യമോഹന മോദമോടെന്നെന്നും
നിത്യവുമൊത്തു കൂടികളിച്ചു നടന്നതും,
വിവിധ വേഷങ്ങൾ കെട്ടി നാമാടിയ
കളികളോരുന്നു മോർക്കുമ്പോളിന്നു മെൻ
തരളലോലമാം ഹൃത്തദിമോദമോ-
ടനഘമാകുമാ കാലത്തെ പുൽകിടും

നിശയിൽ ഞാനല്പം കണ്ണടച്ചീടുമ്പോൾ
ചിരപരിചിതമായ നിൻ പുഞ്ചിരി
നറുനിലാവു പോൽ പ്രോജ്വലിച്ചീടുമെൻ
ഹൃദയമാനന്ദതുന്ദിലമാടുന്നു.
അതിമനോഹര ദൃശ്യങ്ങളാലെന്റെ
ഹൃദയമാകയും സംപുഷ്ടമായിടും.

തവ വിരഹത്തിൻ വാർത്ത തകർത്താകെ
ശിഥില മായോരെൻ ജീവിതത്തോണി-
യിന്നൊരു കരയിലുമെത്താതെ
താപത്തിരകളിൽ പെട്ടുഴലുന്നറിക നീ
അതുലേ!എൻ പ്രിയദേവി ഭവതിതൻ
സകല സൗഭാഗ്യ ഹർഷവർഷങ്ങൾക്കായ്
ബലിമൃഗമായി മാറി ഞാനെങ്കിലും
പരിഭവിക്കില്ല തെല്ലുമേയോമനേ.
പകലിരവില്ലാതെപ്പോഴുമെന്നുടെ
മിഴിയിണകളിൽ നിന്നശ്രുവൊഴുകുന്നു.
ഇടമുറിയാത്തൊരോർമ്മകൾ കൊണ്ടെന്റെ
സകല ശക്തിയും ചോർന്നു പോയീടുന്നു.
അവനിയിലിനി ജീവിക്കുവാനുള്ള
അഭിനിവേശമെനിക്കില്ല തെല്ലുമേ?
എന്റെ രാധികേ, ജീവസർവ്വസ്വമേ
ഖിന്നനായതി ദീനനായേകനായ്
മന്നിലെങ്ങനെ ജീവിക്കും ഞാനിനി.
ഹൃദയ വേദനയത്രയ്ക്കധികമാ-
ണമലേ വയ്യിനി തെല്ലും സഹിക്കുവാൻ
ഇല്ലെനിക്കിനിയാവില്ല മറ്റൊരു
പെൺമണിക്ക് നിൻ സ്ഥാനം കൊടുക്കുവാൻ
വെണ്ണിലാവു തിളങ്ങി നിന്നീടുമ്പോ-
ളന്ധകാരത്തെയെങ്ങനെ വേൾക്കും ഞാൻ.
പ്രണയ ദേവതേ, പ്രേമ പ്രസൂനമേ! ചൊല്ലട്ടെ
ഹൃദയ വേദനയോടെയെന്നന്ത്യയാത്രാ മൊഴി.
ഇനി വരില്ല ഞാൻ താവകജീവിത വീഥിയിൽ
വിടതരുയിനി പോകട്ടെ ദൈന്യനായ്,
പഴയൊരീക്കളിത്തോഴനെന്നേയ്ക്കുമായ്

# അജപമന്ത്രം



ഹരിദാസൻ മതിലകത്ത്

(മാധവ ആചാര്യന്റെ സർവ ദർശന സംഗ്രഹ ത്തിലെ പതഞ്ജലി യോഗസൂത്രത്തിലുള്ള ചില വിവരങ്ങളെ ആധാരപ്പെടുത്തി എഴുതിയത്.)

ഒരു നിരീശ്വര വാദിയെ, അവൻ നാസ്തികനോ പാഷണ്ഡനോ ആയിക്കൊള്ളട്ടെ, ഈശ്വര പ്രാർത്ഥനയുടെ വഴിയിലേക്ക് കൊണ്ടുവരാൻ ദൈവത്തിന് തന്റേതായ വഴിയുണ്ട്. ഭൂമിയിലുള്ള സകല ജീവജാലങ്ങളും അവയുടെ ജീവൻ നിലനിർത്താൻ വേണ്ടി മാത്രം ഈ മന്ത്രം ആജീവനാന്തം ഉരുവിട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ അറിവോടുകൂടിയല്ല ജപിക്കുന്നത് എന്ന അർത്ഥത്തിലാണ് ഈ മന്ത്രം അജപ മന്ത്രം എന്നറിയപ്പെടുന്നത്.

സൂര്യോദയം മുതൽ നമ്മുടെ ശരീരത്തിലെ ഒരോ നാഡിയും ഉച്ഛ്വാസനിശ്വാസ പ്രക്രിയയിലൂടെ പ്രാണവായു വിനിമയം ചെയ്യുന്നു. തൊള്ളായിരം ഉച്ഛ്വാസനിശ്വാസ പ്രക്രിയയാണ് ഒരു മണിക്കൂറിൽ നമ്മുടെ ശരീരം നടത്തുന്നത്. അതായത്, ഒരു ദിവസം ഇരുപത്തൊന്നായിരത്തി അറുനൂറു ഉച്ഛ്വാസ നിശ്വാസങ്ങൾ.

ഒരു ദിവസത്തെ ഇരുപത്തിനാലു മണിക്കൂറിൽ നടക്കുന്ന ഈ ഇരുപത്തൊന്നായിരത്തി അറുനൂറു അനിയന്ത്രിത ഉച്ഛ്വാസ നിശ്വാസങ്ങളെ ഹിന്ദു യോഗാധിഷ്ഠിത സിദ്ധാന്തപ്രകാരം അനൈച്ഛികമായി നാം ഉരുവിടുന്ന മന്ത്രാങ്ങളായിട്ടാണ് കണക്കാക്കിയിള്ളത്. ഉച്ഛ്വാസ നിശ്വാസങ്ങളെ "സാ" "ഹം" എന്നീ ശബ്ദങ്ങൾ "അഹം സാ" അഥവാ "ഞാനാണ് അത്" എന്ന തത്വത്തെയാണ് ആധാരമാക്കുന്നത്.

ഒരു മനുഷ്യന് കാഴ്ച ശക്തിയോ, കേൾവിയോ, ഘ്രാണശക്തിയോ, രോചകത്വമോ, സ്പർശന ശേഷിയോ നഷ്ടപ്പെട്ടാലും ജീവിതം നയിക്കാൻ സാധിക്കും. പക്ഷെ ശ്വാസോച്ഛ്വാസം തടസ്സപ്പെട്ടാൽ അജപമന്ത്രം തടസ്സപ്പെട്ട് പ്രാണൻ നിശ്ചലമാകുന്നു എന്നാണ് വിശ്വാസം. അനൻ എന്നറിയുന്ന ശ്വാസത്തെ പഞ്ച വായുക്കളെന്നു പറയുന്നു - പ്രാണൻ (ആത്മാവ് അഥവാ ജീവൻ), ഉദാനൻ (ശ്വസിക്കുന്ന വായു), അപാനൻ (നിശ്വസിക്കുന്ന വായു), വ്യാനൻ (ശരീരം മുഴുവൻ വ്യാപിച്ച് വിയർപ്പ്, രക്തം, ഇവയെ ഉണ്ടാക്കുന്നത്), സമാനൻ (നാഭിയിൽ സ്ഥിതി ചെയ്ത് അന്നാദികളെ ജരിപ്പിക്കുന്നത്) എന്നിങ്ങനെയാണ് ഈ പഞ്ച വായുക്കളെ അറിയുന്നത്.

ഹിന്ദു വിശ്വാസ പ്രമാണപ്രകാരം 21600 അജപമന്ത്രങ്ങളിൽ 600 എണ്ണം ശ്രീ. ഗണേശനും 6000 വീതം ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻമാർക്കും 1000 വീതം ഗുരു (ബൃഹസ്പതി), ജീവാത്മാവ്, പരമാത്മാവ് എന്നിവർക്കായും വിഭജിച്ചിരിക്കുന്നു. നാം ഒരു തവണ ശ്വസിക്കുന്നത് സാധാരണ അളവിൽ ഏകദേശം 500 മി.ലി.വായു ആണ്. അതായത് ഒരാൾ സാധാരണ ഗതിയിൽ ഒരു മിനിറ്റിൽ ശരാശരി 7 - 8 ലിറ്റർ വായു ഉപയോഗിക്കുന്നു. ഇപ്രകാരം ഒരാൾക്ക് ഒരു ദിവസം ശരാശരി 11,000 ലിറ്റർ വായു ആവശ്യമാണ്. നാം ശ്വസിക്കുന്ന വായുവിൽ 20% ഓക്സിജൻ അടങ്ങിയിട്ടുണ്ടെങ്കിലും അതിൽ 5% മാത്രം ആഗിരണം ചെയ്ത് ബാക്കി 15% നിശ്വാസത്തിലൂടെ കാർബൺഡയോക്സൈയിഡിനൊപ്പം പുറം തള്ളുകയാണ്. അങ്ങിനെ ഒരു ദിവസം 550 ലിറ്റർ ഓക്സിജനാണ് ഒരാൾ സാധാരണ അളവിൽ

ഉപയോഗിക്കുന്നത്. വ്യായാമത്തിലും മറ്റും ഒരാൾക്ക് കൂടുതൽ ഓക്സിജൻ ആവശ്യമാണ്.

ഇനി ഇതിന്റെ ചിലവ് ഒന്ന് തിട്ടപ്പെടുത്തി നോക്കാം. ലിറ്ററിന് ഏഴ് രൂപ കണക്കാക്കിയാൽ ദിവസം 7 X 550 = 3,850.00 ഉം ഒരു വർഷം 3850 X 365 = 14 ലക്ഷം രൂപയാണ് ഇത്രയും ഓക്സിജന് വില വരുന്നതെന്ന് കാണാം. അങ്ങിനെയാണെങ്കിൽ ഒരാൾക്ക് തന്റെ ആയുഷ്ക്കാലത്തെ ഓക്സിജൻ ഉപയോഗത്തിനു വേണ്ടി വരുന്ന ചിലവ് കണക്കു കൂട്ടി നോക്കുന്നത് രസകരമായിരിക്കും. ഒരാളുടെ ശരാശരി ആയുഷ്ക്കാലം 70 വർഷമായി കണക്കാക്കിയാൽ വർഷം 14 ലക്ഷം രൂപ എന്ന കണക്കിൽ ഒരാൾ തന്റെ ആയുഷ്ക്കാലം ഉപയോഗിക്കുന്ന ഓക്സിജന്റെ വില ഏകദേശം 10 കോടി രൂപയാണെന്ന് കാണാം. (ഇവിടെ ഒരു ശിശുവിന്റെ കുറഞ്ഞ ഉപയോഗമോ, വ്യായാമത്തിലൊ, ജോലിയിലൊ ഏർപ്പെട്ട ഒരു യുവാവിന്റെ അധികമായ ആവശ്യമോ കണക്കിലെടുത്തിട്ടില്ല.) അങ്ങിനെ ഭൂമിയിലെ 712 കോടി മനുഷ്യജീവൻ അവരുടെ ആയുഷ്ക്കാലത്ത് നിലനിർത്താൻ മാത്രം - പക്ഷി മൃഗാദികളെ കണക്കിൽപെടുത്താതെ - ഇന്നത്തെ കണക്കിൽ 7120 കോടി രൂപ ചിലവിടണം. ഇന്ത്യയിലെ 127 കോടി വരുന്ന ജനസംഖ്യക്ക് വേണ്ടി വരുന്ന ചിലവാകട്ടെ 1270 കോടി രൂപയും.

ഇനി നാം നിശ്വസിക്കുന്ന കാർബൺ ഡയോക്സൈഡിന്റെ കണക്ക് നോക്കാം. നാം നിശ്വസിക്കുന്ന കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്തിട്ടാണ് വൃക്ഷങ്ങൾ നാം ഭക്ഷിക്കുന്ന ഫലങ്ങളും ധാന്യങ്ങളും നൽകുന്നത്. നാം നിശ്വസിക്കുന്ന 500 മി. ലി. വായുവിൽ 4% കാർബൺ ഡയോക്സൈഡാണ് അടങ്ങിയിട്ടുള്ളത്. കാർബൺ ഡയോക്സൈഡിന്റെ ഭാരം ലിറ്ററിന് 2 ഗ്രാമാണ്. ഈ കണക്കു പ്രകാരം നാം പുറത്തുവിടുന്ന കാർബൺ ഡയോക്സൈഡിന്റെ കണക്ക് ഇപ്രകാരമാണ്. ഒരു മിനിറ്റിൽ നിശ്വസിക്കുന്ന വായു അതിലടങ്ങിയ കാർബൺ ഡയോക്സൈഡ് X ഒരു വർഷത്തിലുള്ള മിനിട്ടുകൾ (525600). ഒരു തവണ 500 മി.ലി. വായു എന്ന കണക്കിൽ ഒരാൾ ഒരു തവണ നിശ്വസിക്കുകയാണെങ്കിൽ അതിലടങ്ങിയ കാർബൺ ഡയോക്സൈഡിന്റെ അളവ് 0.5L X 0.04% 2gm/L = 0. 04. ഒരു മിനിറ്റിൽ ഒരാൾ 15 തവണ നിശ്വസിക്കുമെന്ന് അനുമാനിച്ചാൽ അയാൾ ഒരു വർഷത്തിൽ പുറത്തു വിടുന്ന കാർബൺഡയോക്സൈഡിന്റെ അളവ് 15 X 0.04 X 525600 = 315 കിലോഗ്രാം ആയിരിക്കും.

■

# അംബാസ്വരമാലാ സ്തോത്രം

*നന്ദകുമാർമേനോൻ*

ഉണ്ടാം നിനക്കു നവമാം രഥമൊന്നുപിന്ന -
ങ്ങുണ്ടാമതിന്നു നവചക്രമതുള്ളിലുള്ളിൽ
ഉണ്ടോ തെളിച്ചിടുവതിന്നൊരുവന്നഴൽ വേ -
ണ്ടുണ്ടേ മമാഗ്രഹമതായിടുവാൻ ഭജേഹം

അവിടുത്തേയ്ക്ക് പുതിയ ഒരു തരം രഥമുണ്ടായിരിക്കാം. (രഥത്തിന്റെ പുതുമ അടുത്ത വരിയിൽ പറയുന്നു). അതിന് ഒൻപതു ചക്രങ്ങളും ഉള്ളിലായിട്ടുണ്ടായിരിക്കാം. എന്നാൽ അത്തരം ഒരു രഥം തെളിക്കാൻ അവിടുത്തേയ്ക്കാരാണുള്ളത്. വിഷമിക്കേണ്ട, എനിക്കീ സാരഥിയായിത്തീരാൻ ആഗ്രഹമുണ്ട്. അതിനായി ഞാൻ ഭജിക്കുന്നു. (ശ്രീ ചക്രത്തെ ദേവിയുടെ രഥമായി സഹസ്രനാമത്തിൽ സങ്കല്പിക്കുന്നു. ശ്രീ ചക്രത്തിന്റെ ഒൻപതാവരണങ്ങളാണ് നവാവരണപൂജാസമയത്ത് പൂജിയ്ക്കപ്പെടുന്നത്. പ്രപഞ്ചമാകുന്ന രഥത്തിൽ ശ്രീ പരംബയെ ഇരുത്തി ആ രഥം തെളിയ്ക്കുന്നു കവി)



# ഹനുമാൻ

യു.എസ്.രവീന്ദ്രൻ



ഒന്നാമത്തെ ഗൾഫ് യുദ്ധം നടക്കുന്ന കാലഘട്ടത്തിൽ ഞൻ സൗദി അറേബ്യയിൽ ജോലി ചേയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ എഞ്ചിനിയർ ആയി ജോലി ചെയ്തിരുന്ന കമ്പിനിക്ക് ഡിഫൻസ് മിനിസ്ട്രിയുമായി കോൺട്രാക്റ്റുണ്ടായിരുന്നു. അമേരിക്കൻ ആർമി ക്യാമ്പു ചെയ്തിരുന്ന കേബർ ടവേഴ്സിലും ദഹ്റാൻ എയർ ബേസിലും മെയിന്റനൻസ് ജോലികൾ നടത്തിയിരുന്നത് ഞാൻ ജോലിചെയ്ത കമ്പിനിയായിരുന്നു. ജോലിയുടെ ഭാഗമായി പല അമേരിക്കൻ പട്ടാളക്കാരുമായും , ഓഫീസേഴ്സുമായും എനിക്ക് ഇടപെടേണ്ടിവരാറുണ്ടായിരുന്നു. ചിലർ നല്ല സുഹൃത്തുക്കളായിരുന്നു. ചിലർ ചോദിക്കും “ഹലോ സർ ഹൗ ആർ യു? പിന്നെ വേറെ ചില ചോദ്യങ്ങളും - “ഹൗ ഈസ് യുവർ എലിഫന്റ് ഗോഡ്? ഹൌ ഈസ് യുവർ മങ്കി ഗോഡ് ? ഹൌ ഈസ് യുവർ സ്നേയ്ക് ഗോഡ്? ഞാൻ ഇങ്ങനെ മറുപടി പറയും അയാം ഫൈൻ ആന്റ് ഓൾ അദേഴ്സ് ആർ ഫൈൻ , താങ്ക്യു.” ഗണപതിയേയും, ഹനുമാനേയും, നാഗങ്ങളെയും പറ്റിയുള്ള അവരുടെ പരാമർശങ്ങൾക്ക്, കേൾക്കാൻ താല്പര്യമുള്ളവരോട് ചില വിശദീകരണങ്ങളും ഞാൻ നൽകാറുണ്ട്. എല്ലാ ജീവജാലങ്ങളും മനുഷ്യരെപോലെ തന്നെ ദൈവസൃഷ്ടികൾ ആയതുകൊണ്ട് ആരാധ്യയോഗ്യമാണെന്നും, അങ്ങനെ വിശ്വസിക്കാൻ തയ്യാറല്ലെങ്കിൽ പ്രകൃതിയുടെ നിലനിൽപ്പിനു വേണ്ടി പൂർവികൻമാർ ആനയ്ക്കും, കുരങ്ങിനും, പാമ്പിനും ദിവ്യത്വം കൽപ്പിച്ച് , അവയെ ഉപദ്രവിക്കുന്നതിൽ നിന്നും മനുഷ്യനെ പിൻതിരപ്പിക്കാൻ കണ്ടുപിടിച്ച സൂത്രമാണെന്നും പറയാറുണ്ട്. മാത്രവുമല്ല ഭാരതീയ വിശ്വാസമനുസരിച്ച് ഓരോ വ്യക്തിയും ജനന സമയത്തിന്റെ അടിസ്ഥാനത്തിൽ ഒരു നക്ഷത്രം, ഒരു മൃഗം, ഒരു മരം, എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നും, ആ വ്യക്തി ആ മരത്തേയോ ആ മൃഗത്തേയോ എങ്കിലും ഉപദ്രവിക്കാതിരിക്കാൻ പൂർവികർ കണ്ടുപിടിച്ച സൂത്രമായേക്കാം എന്നും ഞാൻ പറയാറുണ്ട്. ചിലരെങ്കിലും ഈ വിശ്വാസത്തെ ഗ്രെയ്റ്റ് ഐഡിയ ഓഫ് ആൻസെസ്റ്റേഴ്സ് എന്നും പറയാറുണ്ട്.

രാമായണത്തിലെ ഹനുമാൻ എന്ന വാനര കഥാപാത്രത്തെപ്പറ്റി എനിക്കും അടുത്തകാലം വരെ വളരെയൊന്നും അറിയില്ലായിരുന്നു. ഒരു സന്ദേശവാഹകൻ എന്നതിലപ്പുറമൊന്നും ഹനുമാനെപ്പറ്റി വിചാരിച്ചില്ല. പല തത്വങ്ങളും സാധാരണക്കാർക്ക് മനസ്സിലാക്കാൻ വേണ്ടി പൂർവ്വികൻമാർ പുരാണ കഥകളിലൂടെയും കഥാപാത്രങ്ങളിലൂടെയും അവതരിപ്പിക്കുന്നു. കഥ വായിക്കുന്നവർ കഥയിലും കഥാപാത്രത്തിലും കുടുങ്ങിക്കിടക്കുന്നു. അതിനുമപ്പുറം കഥയിലെ സന്ദേശത്തിലേയ്ക്കോ, കഥാപാത്രത്തിന്റെ തത്വത്തിലേയ്ക്കോ കടന്നു ചെല്ലാറില്ല. അവസാനം കാടടച്ച് വെടി വച്ച് എല്ലാം അന്ധവിശ്വാസങ്ങൾ എന്നു പറഞ്ഞ് ബുദ്ധിജീവികളെന്ന് സ്വയം നടിച്ച് ജീവിക്കുന്നു.

**ഹനുമാനെപറ്റി കൂടുതൽ അറിയുവാൻ ശ്രമിച്ചപ്പോൾ വീണുകിട്ടിയ കുറച്ചു അറിവുകൾ പങ്കുവക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.**

ഒരു വാനരൻ എങ്ങിനെ ആരാധ്യയോഗ്യനായി എന്ന് അറിയേണ്ടതുതന്നെയാണ്. കുരങ്ങൻമാരെ ശ്രദ്ധിക്കാറുണ്ടോ? ഉറങ്ങുമ്പോൾ മാത്രമാണ് കുരങ്ങൻ വെറുതെയിരിക്കുക. ഉണർന്നിരിക്കുമ്പോൾ എന്തെങ്കിലുമൊക്കെ ചെയ്തുകൊണ്ടിരിക്കും. ഒരു മരത്തിൽ നിന്നും വേറെ മരത്തിലേക്കും, അവിടെ നിന്നും വേറൊന്നിലേക്കും ചാടിക്കൊണ്ടിരിക്കും. കയ്യിൽ കിട്ടുന്നതെന്തും പൊളിച്ചു നോക്കും, ശരീത്തിൽ അവിടവിടെ മാന്തികൊണ്ടിരിക്കും, കഴുത്ത് പെട്ടെന്ന് പെട്ടെന്ന് വെട്ടിച്ച് മുകളിലേയ്ക്കോ, താഴെയ്ക്കോ, വശങ്ങളിലേയ്ക്കോ പുരികം വിടർത്തി കണ്ണു വലുതാക്കി നോക്കിക്കൊണ്ടിരിക്കും. അടുത്ത നിമിഷം വള്ളികളിൽ തൂങ്ങിയാടി അകലെയുള്ള മരം എത്തിപ്പിടിക്കാൻ ശ്രമിക്കും. മനുഷ്യന്റെ മനസ്സും ഏതാണ്ടിതുപോലെയൊക്കെ തന്നെയാണ്. ഉറക്കമുണർന്നു കഴിഞ്ഞാൽ അടുത്ത നിമിഷം മുതൽ മനസ്സാകുന്ന കുരങ്ങൻ ചിന്തകളാകുന്ന പല പല മരങ്ങളിലേയ്ക്കു ചാടിക്കൊണ്ടിരിക്കുന്നു. ഭൂതകാലത്തെ മാന്തിക്കൊണ്ടിരിക്കും - ഏതോ ആരുടേയോ പഴയ ഒരു വാക്കോ പ്രവർത്തിയോ ഇഷ്ടപ്പെട്ടിട്ടില്ലെങ്കിൽ കുറച്ച് വൈരാഗ്യം, ഭാവി കരുപ്പിടിപ്പിക്കേണ്ടതിനെ പറ്റിയുള്ള ആശങ്ക, തീരുമാനങ്ങൾ എടുക്കാനുള്ള ഉറപ്പില്ലായ്മ എല്ലാം കൂടി ചേർത്ത് മനസ്സും ബുദ്ധിയും സമന്വയിപ്പിച്ച് കൊണ്ടുപോകാൻ പറ്റാത്ത ഒരു മാനസികാവസ്ഥ .

ഭഗവത്ഗീതയുടെ ഒന്നാമദ്ധ്യായത്തിൽ യുദ്ധക്കളത്തിൽ നിൽക്കുന്ന അർജ്ജുനനെ വ്യാസഭഗവാൻ 'കപിധ്വജൻ 'എന്ന് വിശേഷിപ്പിക്കുന്നുണ്ട്. യുദ്ധാന്തരീക്ഷം കണ്ട് ഇതികർത്തവ്യതാമൂഢനായ അർജ്ജുനനെ വാനരൻ കൊടി അടയാളമായിട്ടുള്ളവൻ എന്ന് വിശേഷിപ്പിക്കുന്നു. ഭഗവാനിൽ നിന്നും ഗീതോപദേശം കേട്ട് സമചിത്തത നേടിയ ശേഷം മാത്രമേ ഹനുമാൻ കൊടിയടയാളമായിട്ടുള്ളവൻ എന്ന വിശേഷണത്തിന് അർജ്ജുനൻ അർഹനാകുന്നുള്ളൂ. രാമായണത്തിലെ ഹനുമാൻ കർത്തവ്യത്തിന്റേയും ,ലക്ഷ്യബോധത്തിന്റേയും പ്രതീകമാണ്.

രാവണനാൽ മോഷ്ടിക്കപ്പെട്ട് ലങ്കയിൽ കഴിയുന്ന സീതാദേവിക്ക് രാമന്റെ സന്ദേശമെത്തിക്കുവാൻ ജാംബവാൻ തിരഞ്ഞെടുത്തത് ഹനുമാനെ ആയിരുന്നു. നൂറു യോജന വീതിയുള്ള കടൽ ചാടുവാൻ ശക്തിയില്ലെന്ന് പറഞ്ഞ് ഓരോ വാനരൻമാരും സ്വയം ഒഴിഞ്ഞു മാറുന്നു. നൂറു യോജന ലങ്കയിലേക്ക് ചാടാമെങ്കിലും തിരിച്ച് ചാടാനുള്ള ശക്തിയില്ലെന്ന് പറഞ്ഞ് ബാലീപുത്രൻ അംഗതനും ഒഴിഞ്ഞു മാറി. അപ്പോൾ ജാംബവാൻ ഹനുമാനോട് പറഞ്ഞു ഇക്കാര്യത്തിൽ നീയല്ലാതെ യോഗ്യനായി ഞാൻ മറ്റാരേയും കാണുന്നില്ല. നീ വായുവിനോളം ബലവും വേഗവുമുള്ളവനല്ലേ? കേസരി എന്ന വാനര ശ്രേഷ്ഠന് അഞ്ജനയിൽ പിറന്ന സത്വഗുണ പ്രധാനിയല്ലേ നീ ? പിറന്നു വീണ ഉടനെ ഉദിച്ചുയർന്ന സൂര്യബിംബം കണ്ടിട്ട് പഴുത്തപഴമാണെന്ന് കരുതി പറിച്ചെടുക്കാൻ നൂറുയോജന മുകളിലേക്ക് ചാടിയവനല്ലേ നീ? മറ്റു വാനരൻമാരൊക്കെ ഉണ്ടായിട്ടും ശ്രീരാമദേവൻ മോതിരം തന്നത് നിന്റെ കയ്യിലല്ലേ? നിനക്ക് ഇത് ചെയ്യാൻ സാധിക്കും. ഹനുമാന്റെ സാധ്യതകളൊക്കെ പുറത്തുകൊണ്ടു വരുവാൻ ജാംബവാൻ പ്രോത്സാഹിപ്പിക്കുകയായിരുന്നു.

(ഇന്നത്തെ രക്ഷാകർത്താക്കളും അദ്ധ്യാപകരും ജാംബവാന്റെ മാതൃക പിൻതുടർന്നുവെങ്കിൽ കുട്ടികളിലുള്ള എല്ലാ സാധ്യതകളും പുറത്തു കൊണ്ടു വരുവാൻ കഴിയുകയില്ലേ? )

ലങ്കയിലേക്കുള്ള ചാട്ടത്തിൽ ഹനുമാന് ആദ്യം നേരിടേണ്ടി വന്ന തടസ്സം 'സുരസ ' എന്ന നാഗ മാതാവിൽ നിന്നായിരുന്നു. ഹനുമാന്റെ ലക്ഷ്യബോധത്തെ പരീക്ഷിക്കാൻ ദേവൻമാർ തന്നെ ശട്ടം കെട്ടിയതായിരുന്നു സുരസയെ. സുരസ പറഞ്ഞു "വാനര വീരാ എന്നെ കണ്ടില്ലേ ഈ വഴിക്ക് പോകുന്നവരെയെല്ലാം ഭക്ഷിച്ചുകൊള്ളുവാൻ എന്നോട് ഈശ്വരൻ കല്പിച്ചിട്ടുണ്ട്. എനിക്ക് വിശപ്പുണ്ട് എന്റെ വായിൽ വേഗം പ്രവേശിക്കൂ. നിനക്ക് രക്ഷപ്പെടാൻ കഴിയുകയില്ല. ഇനി മറ്റൊന്നു ചിന്തിച്ച് സമയം കളയണ്ട. "ഹനുമാൻ പറഞ്ഞു "ദേവി ഞാൻ ഭഗവാൻ ശ്രീരാമനുവേണ്ടിയുള്ള ഒരു ദൗത്യത്തിലാണ്. ദൗത്യം പൂർത്തിയാക്കിയ ശേഷം ഞാൻ തിരിച്ചു വരാം."

സുരസ പറഞ്ഞു "എനിക്ക് ഒട്ടും കാത്തിരിക്കാൻ വയ്യ, വിശപ്പ് സഹിക്കാൻ പറ്റുന്നില്ല. വാനര വീരാ ഉടൻ എന്റെ വായിൽ പ്രവേശിക്കൂ."

"ദേവി അത്ര നിർബന്ധമാണെങ്കിൽ

ദേവിയുടെ വായ് തുറക്കൂ."

സുരസ വായ് തുറന്നു . ഹനുമാൻ സ്വന്തം ശരീരം വലുതാക്കി എന്നിട്ടു പറഞ്ഞു - "ദേവീ വായ ഇത്ര ചെറുതായാൽ എന്നെ എങ്ങനെ ദേവി വിഴുങ്ങും"?

സുരസ വായ കുറെ കൂടി വലുതാക്കി . ഹനുമാനും ശരീരം വലുതാക്കി. ഓരോ തവണ വായ വലുതാക്കുമ്പോഴും ഹനുമാനും ശരീരം വലുതാക്കിക്കൊണ്ടേയിരുന്നു. അവസാനം ഹനുമാൻ ശരീരം ഏറ്റവും ചെറുതാക്കി സുരസയുടെ വായിൽ പ്രവേശിച്ച ശേഷം ഉടൻ പുറത്തു കടന്നു. "ദേവി എന്നെ വിഴുങ്ങണമെന്ന ദേവിയുടെ ആഗ്രഹം സാധിച്ചു തന്നു. ഇനി ഞാൻ എന്റെ ദൗത്യത്തിനുള്ള യാത്ര തുടരട്ടെ."എന്നു പറഞ്ഞു കൊണ്ടു യാത്ര തുടർന്നു. നമുക്ക് ജീവിതത്തിൽ ഇങ്ങനെയുള്ള സന്ദർഭങ്ങൾ നേരിടേണ്ടി വന്നേക്കാം. ജീവിതമെന്ന ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ എപ്പോഴാണ് വലുതാകേണ്ടതെന്നും എപ്പോഴാണ് ചെറുതാകേണ്ടതെന്നും അറിഞ്ഞിരിക്കണം.

ചില അവസരങ്ങളിൽ തല്ക്കാലം തോറ്റു കൊടുക്കുന്നതുകൊണ്ട് അപാകതയൊന്നുമില്ല. തോൽവി അന്തിമമായ വിജയത്തിലേക്കു നയിക്കും. നല്ല ബുദ്ധി എന്നു പറയുന്നത് വേണ്ടത് വേണ്ടപ്പോൾ തോന്നലാണ്. പട്ടാളത്തിലെ മേജർ വീട്ടിലും മേജറായിരുന്നാൽ തോക്കിന്റെ മുന കൊണ്ട് കുടുംബം ഭരിക്കുവാൻ സാധിക്കുമോ? നല്ല കുടുംബജീവിതം വേണമെങ്കിൽ ചിലപ്പോൾ ചെറുതാവണം. ചിലപ്പോൾ തോറ്റുകൊടുക്കണം. നടൻ ശ്രീനിവാസന്റെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. "ഫിലിം ഇൻസ്റ്റിട്യൂട്ടിൽ ചേരുവാൻ ഇന്റർവ്യൂ നടക്കുകയായിരുന്നു. നിറവും ആകാര സൗഷ്ഠവവും കുറവായിരുന്ന ശ്രീനിവാസനോട് ഇന്റർവ്യൂ ബേർഡ് മെമ്പർ പറഞ്ഞു, ഒരു സിനിമാനടനാകാൻ വേണ്ട യോഗ്യത താങ്കൾക്കുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുന്നു. വേറെ ഏതെങ്കിലും കോഴ്സുകൾക്കു ചേരുകയല്ലേ നല്ലത്".? ശ്രീനിവാസന്റെ മറുപടി ഇങ്ങനെയായിരുന്നു-

"സർ പ്രേംനസീറിന് നല്ല സൗന്ദര്യമുണ്ട്, നല്ല നടനുമാണ്, പ്രേംനസീറിന്റെ വേലക്കാരന് സൗന്ദര്യം വേണമെന്നില്ലല്ലോ. അങ്ങിനെയുള്ള ഏതെങ്കിലും റോളുകൾ ചെയ്തോളാം. എനിക്ക് അഭിനയം പഠിക്കാൻ താല്പര്യമുണ്ട്." വിനയവും മനസാന്നിദ്ധ്യവും ഒത്തുചേർന്നുകൊണ്ടുള്ള ആ മറുപടി അഭിനയത്തിനുള്ള കോഴ്സിൽ സീറ്റു നേടാൻ അദ്ദേഹത്തെ സഹായിച്ചു. ഇപ്പോൾ നമ്മുടെ ജനപ്രിയ നടനായി അദ്ദേഹം ശോഭിക്കുന്നു. ഹർഭജൻ സിങ്ങിന്റെ ടീം ഒരു ഐ. പി. എൽ മാച്ചിൽ തോറ്റപ്പോൾ ദേഷ്യം കൊണ്ട് എതിർ ടീമിലെ ബൗളറായ ശ്രീശാന്തിനെ ഉപദ്രവിക്കുകയും തൻമൂലം ശിക്ഷിക്കപ്പെടുകയും തുടർന്നുള്ള കളികളിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. നോക്കണേ അഹംഭാവം വരുത്തി വച്ച വിന. ഞാൻ എന്ന ഭാവം ലക്ഷ്യപ്രാപ്തിക്ക് വിനയാവരുതെന്ന് ഹനുമാൻ പഠിപ്പിക്കുന്നു.

ലങ്കയിലേക്കുള്ള ചാട്ടത്തിൽ ഹനുമാനു നേരിടേണ്ടി വന്ന രണ്ടാമത്തെ തടസ്സം മൈനാകം എന്ന പർവ്വതത്തിന്റെ പ്രലോഭനമാണ് സമുദ്രമദ്ധ്യേ ഉയർന്നു വന്ന മൈനാകം പറഞ്ഞു "അല്ലയോ ഹനുമാൻ ജീ, അങ്ങയുടെ ഈ ചാട്ടം നൂറു യോജനയോളമുണ്ട് അങ്ങ് കുറച്ച് ഇവിടെ വിശ്രമിച്ച് ഈ പർവ്വതത്തിലുള്ള പഴങ്ങളും തേനും മറ്റും കഴിച്ച് സൗകര്യം പോലെ യാത്ര തുടർന്നാൽ മതിയല്ലോ." ഹനുമാൻ പറഞ്ഞു ഞാൻ അതിപ്രധാനമായ ഒരു ദൗത്യത്തിലാണ്. ശ്രീരാമചന്ദ്രനിൽ നിന്ന് സീതാദേവിക്കുള്ള സന്ദേശം എത്തിക്കലാണ് എന്റെ പരമപ്രധാനമായ ദൗത്യം. ഇതിനിടയിൽ വിശ്രമിക്കാനും മധുരം കഴിക്കാനും ഞാനില്ല. പർവ്വതശ്രീയുടെ ക്ഷണത്തിനു നന്ദി. ഞാൻ എന്റെ യാത്ര തുടരട്ടെ. യഥാർത്ഥ ജീവിതത്തിലും ലക്ഷ്യബോധമുള്ളവർ താല്ക്കാലിക പ്രലോഭനങ്ങൾക്ക് അടിമപ്പെടാറില്ല. പ്രലോഭനങ്ങളിൽപ്പെട്ടു പോയാൽ ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ലതന്നെ. വിദ്യാഭ്യാസം നല്ല നിലയിൽ പൂർത്തിയാക്കുക എന്നതാവണം വിദ്യാർത്ഥികളുടെ ലക്ഷ്യം. അതിനിടയിൽ ചുംബനസമരത്തിനും, ആലിംഗനസമരത്തിനും, രാഷ്ട്രീയക്കളിക്കും ശ്രദ്ധതിരിയുകയാണെങ്കിൽ എത്ര പേർ വിദ്യാഭ്യാസം എന്ന ലക്ഷ്യം വിജയകരമായി പൂർത്തിയാക്കും എന്ന് കണ്ടറിയണം. കറാച്ചിയിൽ 2008 ൽ നടന്ന ഏഷ്യ കപ്പ് ക്രിക്കറ്റിന്റെ ഫൈനൽ മാച്ചിന്റെ തലേദിവസം രാത്രി ഇന്ത്യൻ ടീമിന് പാക്കിസ്ഥാൻ കളിക്കാർ ഉജ്ജ്വലമായ ഒരു വിരുന്നു സദ്യ നൽകി. മദ്യവും, മദിരാക്ഷിയും നിറഞ്ഞു നിന്ന സദ്യ വേണ്ടുവോളം ആസ്വദിച്ച ഇന്ത്യൻ കളിക്കാർക്ക് പിറ്റേദിവസം ഒട്ടും കളിക്കാൻ സാധിച്ചില്ല. ഫീൽഡിൽ നേരെ നിൽക്കാൻ കൂടി കഴിയാതെ തോറ്റ് നാണംകെട്ട് മടങ്ങേണ്ടി വന്നു.

ഫൈനലിലെ എതിരാളികളായിരുന്ന ശ്രീലങ്കൻ ടീം പാക്കിസ്ഥാനികളിലൂടെ ഏർപ്പെടുത്തിയ തായിരുന്നു തലേദിവസത്തെ പാർട്ടി. ശ്രീലങ്കൻ ടീം തകർപ്പൻ ജയം ആഘോഷിച്ച മാച്ചായിരുന്നു അത്. പ്രലോഭനങ്ങൾക്ക് വഴങ്ങി ഒത്തു കളിച്ച് വിഷമവൃത്തത്തിലായ പല ക്രിക്കറ്റുകളിക്കാരു ടേയും കഥകൾ നമ്മൾക്കറിയാമല്ലോ. പ്രലോഭന ങ്ങൾക്കല്ല ലക്ഷ്യപ്രാപ്തിക്കാണ് മുൻഗണന കൊടുക്കേണ്ടതെന്ന് ഹനുമാൻ പഠിപ്പിക്കുന്നു.

മൂന്നാമതായി ഹനുമാന് നേരിടേണ്ടി വന്ന തടസ്സം സിംഹിക എന്ന നിഴൽ ഭൂതമായി രുന്നു. തന്റെ മുന്നോട്ടുള്ള ഗതിയിൽ പിന്നിലേക്ക് ഒരു വലിവ് അനുഭവപ്പെട്ട് തിരിഞ്ഞ് നോക്കിയ പ്പോൾ ഹനുമാൻ കണ്ടത് സിംഹിക പിന്നി ലേക്കു പിടിച്ചു വലിക്കുന്നതാണ്. കാലുകൊണ്ട് ഒരു തൊഴി കൊടുത്ത് സിംഹികയെ വീഴ്ത്തി ഹനുമാൻ യാത്ര തുടരുകയാണുണ്ടായത്. നമ്മുടെ വിപരീത ചിന്തകളും മുൻകാല തോൽവികളും ഒരു നിഴൽ പോലെ പിൻ തുടരുന്നു. അത് നമ്മുടെ ആത്മവിശ്വാസത്തെ കെടുത്തുന്നു. പ്രവർത്തികളിലും ചിന്തകളിലും വിരസതയും, അലസതയും അനുഭവപ്പെടുന്നു. മുന്നോട്ടുള്ള യത്ര ദുസ്സഹമാണെന്നുള്ള തോന്നലുണ്ടാക്കുന്നു. പക്ഷേ ലക്ഷ്യത്തെപ്പറ്റി നല്ല ബോധമുണ്ടെങ്കിൽ നമ്മൾ വിപരീത ചിന്തകൾ ഉണ്ടാകാനുള്ള കാരണങ്ങൾ തിരി ച്ചറിയുകയും, നമ്മുടെ മുന്നോട്ടുള്ള യാത്രക്കുള്ള തടസ്സങ്ങളെ എങ്ങിനെ നേരിടാമെന്ന പരിഹാരം മനസ്സിൽ തെളിഞ്ഞു വരികയും ചെയ്യും. വിപരീത ചിന്തകളെ നിഴലുകളെ പോലെ പിൻതുടരാൻ അനുവദിക്കരുത്. ലക്ഷ്യം മാത്രം മനസ്സിലൂന്നി നിഷേധചിന്തകളേയും തടസ്സങ്ങളേയും ചവിട്ടി കുടഞ്ഞ് കളഞ്ഞ് മുന്നോട്ട് പോകണമെന്ന് ഹനുമാൻ പഠിപ്പിക്കുന്നു.

ഇന്ത്യൻ വംശജനായ സ്വരാജ് പോൾ ഇംഗ്ലണ്ടിലെ പ്രശസ്തനായ ഒരു വ്യവസായി യാണ്. അദ്ദേഹത്തിന് സർ പദവി നൽകി ബ്രിട്ടീഷ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സ്വപുത്രിയുടെ പെട്ടെന്നുള്ള മരണം അദ്ദേഹ ത്തിന്റെ ജീവിതത്തിൽ അഗാധ ദുഖത്തിന്റെ നിഴൽ പരത്തി. അദ്ദേഹത്തിന് വ്യവസായ ത്തിലുള്ള താല്പര്യം കുറഞ്ഞു, എല്ലാ പൊതു കാര്യങ്ങളിൽ നിന്നും അദ്ദേഹം വിട്ടു നിൽക്കാൻ തുടങ്ങി. കാര്യങ്ങൾ ആത്മഹത്യയുടെ വക്കു വരെയെത്തി. ശക്തമായ കൗൺസിലിംങ് കൊണ്ട് നിഷേധചിന്തകളെ തൂത്തെറിയാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആത്മീയകാര്യങ്ങളിൽ കുറെക്കൂടി ശ്രദ്ധിക്കാൻ തുടങ്ങി. അദ്ദേഹം സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്നു. ബിസിനസ്സ് പൂർവ്വാധികം ശക്തി പ്രാപിച്ചു. ബിസിനസ്സിന്റെ കൂടെ നരവധി സാമൂഹ്യ സേവനങ്ങൾക്ക് അദ്ദേഹം ചുക്കാൻ പിടിക്കുന്നു.

ഹനുമാൻ നേരിടേണ്ടി വന്ന നാലാ മത്തെ തടസ്സം ലങ്കയുടെ സുരക്ഷാ സേനാനി യായ ലങ്കാലക്ഷ്മിയിൽ നിന്നാണ്. രാവണന്റെ അനുമതിയില്ലാതെ ലങ്കയിലേക്ക് ആരേയും പ്രവേശിപ്പിക്കില്ലെന്ന് ശഠിച്ച ലങ്കാലക്ഷ്മിയെ സ്വന്തം ശക്തി ഉപയോഗിച്ച് കീഴ്പ്പെടുത്തി ഹനുമാൻ ലങ്കയിൽ പ്രവേശിക്കുന്നു. സ്വന്തം കഴിവിലും ശക്തിയിലും നല്ല വിശ്വാസമുണ്ടായി രിക്കണമെന്ന് ഹനുമാൻ പഠിപ്പിക്കുന്നു.

എല്ലാവരേയും ജയിച്ച് സീതാദേവിക്ക് ശ്രീരാമന്റെ അടയാളമോതിരം നൽകുകയും തിരിച്ച് സീതാദേവിയുടെ സന്ദേശവും അട യാളവും ശ്രീരാമനേയും ഏൽപ്പിച്ച് ഹനുമാൻ സ്വന്തം കർത്തവ്യം പൂർത്തീകരിക്കുന്നു.

ഹനുമാൻ എന്ന തത്വം ഉത്സാഹം, ഐശ്വര്യം, കാംക്ഷ, ആത്മീയവിശ്വാസം, ശക്തി, ധൈര്യം, ഭക്തി, ലക്ഷ്യബോധം, അർപ്പണ ബോധം, അഹംഭാവമില്ലായ്മ, പ്രലോഭനങ്ങ ൾക്കു വഴങ്ങാത്ത ബുദ്ധി എന്നിവയൊക്കെയാണ്. വാനരൻ നരനാകുന്നതും നരൻ നാരായണനാ കുന്നതും മനസ്സും ബുദ്ധിയും ശുദ്ധീകരിക്ക പ്പെടുമ്പോഴാണ്. സുഹൃത്തുക്കളെ, അടുത്ത തവണ ഹനുമാൻ കോവിലിൽ തൊഴുത് പുറത്തിറങ്ങുമ്പോൾ നിങ്ങൾക്ക് ഉത്സാഹം വർദ്ധിച്ചിരിക്കും, കൂടുതൽ ഐശ്വര്യകാംക്ഷി യായിരിക്കും. ആത്മവിശ്വാസം ഏറിയിരിക്കും, കൂടുതൽ ധൈര്യവാൻ ആയിരിക്കും. ചെയ്യുന്ന പ്രവൃത്തിയിൽ കൂടുതൽ അർപ്പണ ബോധ മുണ്ടായിരിക്കും, അഹംഭാവം. വിട്ടു പോയിട്ടു ണ്ടാവും, പ്രലോഭനങ്ങൾക്ക് വഴങ്ങുകയില്ല. ഹനുമാൻ നിങ്ങളെ അനുഗ്രഹിക്കും.

**അനുബന്ധം -** അമേരിക്കൻ പ്രസിഡന്റ ബരാക് ഒബാമയുടെ കീ ചെയിനിൽ ഒരു വാനരരൂപം കൂടിയുണ്ടായിരുന്നു. 2008 ൽ അദ്ദേഹം പ്രസിഡന്റ് സ്ഥാനാർത്ഥിയായിരിക്കെ സ്വർണ്ണം പൂശിയ 12 കിലോ ഗ്രാം ഭാരമുള്ള ഒരു ഹനുമാൻ

*(ശേഷം - പേജ് 66)*

# PROSTATE GLAND ENLARGEMENT
# (പൗരുഷ ഗ്രന്ഥി വീക്കം)



ഡോ. ദേവിദാസ് വെള്ളോടി
ഫോൺ ഃ 9747480903

## PROSTATE GLAND (പൗരുഷഗ്രന്ഥി)

ഒരു ചെറിയ ചക്കക്കുരുവിന്റെ വലിപ്പത്തിൽ മൂത്രാശയത്തിന്റെയും (Bladder) പുരുഷ ജനനേന്ദ്രിയത്തിന്റെയും (Penis) നടുക്ക് മലാശയത്തിന് (Rectum) മുൻപിലായി പുരുഷൻമാരിൽ മാത്രം കാണപ്പെടുന്ന ഒരു ഗ്രന്ഥിയാണ് Prostate gland. പുരുഷ ബീജത്തിന്റെ സുഗമമായ ചലനത്തിന് സഹായിക്കുന്ന ബീജത്തെ പോഷിപ്പിക്കുന്ന സ്രവങ്ങൾ ഉൽപാദിപ്പിക്കുയാണ് ഇതിന്റെ ജോലി. Testis- ൽ നിന്ന് ശുക്ലം സ്രവിക്കുന്നതിന്റെ കൂടെ തന്നെ Prostate ഗ്രന്ഥിയിൽ നിന്ന് സ്രവങ്ങൾ പുറത്തു വിടുന്നു.

**നിങ്ങൾക്ക് പൗരുഷം കൂടുതലാണോ ?**

ചിലർക്കൊരു ധാരണയുണ്ട് തനിക്ക് പൗരുഷം കൂടുതലായതിനാലാണ് പൗരുഷ ഗ്രന്ഥിവീക്കം ഉണ്ടായതെന്ന്. ഇത് തികച്ചും തെറ്റായ ധാരണയാണ്. പ്രായാധിക്യം കാരണമോ മറ്റു കാരണങ്ങളാലോ ഗ്രന്ഥി വലുതാകുകയാണ് ചെയ്യുന്നത്. Prostate ഗ്രന്ഥിക്കുണ്ടാകുന്ന Cancer മൂലവും ഇത് സംഭവിക്കാം. എന്തായാലും ശരിയായ രീതിയിൽ ബീജങ്ങളുടെ ചലനം നടക്കാത്തതിനാൽ ഇത് പുരുഷ വന്ധ്യതക്ക് കാരണമാകാറുണ്ട്. ചെറുപ്പത്തിൽ Testis നീക്കം ചെയ്ത പുരുഷന്മാരിൽ Prostate ഗ്രന്ഥി വീക്കം കാണാറില്ല. മിക്കവാറും പുരുഷൻമാരിൽ മുപ്പത് വയസ്സ് കഴിഞ്ഞാൽ പ്രായം കൂടും തോറും ചെറിയ തോതിൽ ഗ്രന്ഥി വലുതാവൽ സംഭവിച്ചു കൊണ്ടിരിക്കും.

പ്രോസ്റ്റേറ്റ് ഗ്രന്ഥിവീക്കത്തെ നമുക്ക് രണ്ടായി തിരിക്കാം ഃ

## BPH (Fenism Prostatic Hyper Plasia) ഃ-

അർബുദമില്ലാതെ പ്രോസ്റ്റേറ്റ് ഗ്രന്ഥിക്കുള്ള വളർച്ചയാണിത്. സാധാരണയായി പ്രായമായവരിൽ സംഭവിക്കുന്നു. ഇന്ന് കണ്ടുവരുന്ന Prostate രോഗികളിൽ 90% പേർക്കും ഇതാണ് സംഭവിക്കുന്നത്. പ്രത്യേകിച്ച് കാരണമൊന്നും പറയുന്നില്ലെങ്കിലും പ്രായം കൂടി വരുമ്പോൾ ഗ്രന്ഥിവീക്കം കൂടി വരുന്നു. ഇത്തരം പ്രശ്നങ്ങളെ ഭയക്കേണ്ടതില്ല. ശരിയായ് ചികിത്സ ചെയ്ത മാറ്റിയെടുക്കാവുന്നതാണ്.

**Proste ഗ്രന്ഥി വീക്കലക്ഷണങ്ങൾ ഃ**

1. ഇടക്കിടക്ക് മൂത്രം പോകണമെന്നും മൂത്രാശയം നിറഞ്ഞെന്നും തോന്നുക.
2. മൂത്രമൊഴിച്ച് കഴിയുമ്പോൾ വീണ്ടും ഇറ്റിറ്റായി പോകണമെന്ന് തോന്നുക.
3. മൂത്രം പുറത്തേക്ക് വരുവാൻ താമസം. മുഴുവനായി മൂത്രസഞ്ചി കാലിയാകാതിരിക്കുക.
4. രാത്രി രണ്ടിൽ കൂടുതൽ തവണ മൂത്രമൊഴിക്കുക.
5. മൂത്രമൊഴിക്കുമ്പോൾ വേദനിക്കുക, രക്തം പോകുക.
6. മൂത്രം പോകുന്നതിന്റെ ശക്തി കുറയുക. പെട്ടെന്ന് മൂത്രമൊഴിക്കണമെന്ന് തോന്നുക, പിടിച്ച് നിർത്താൻ പ്രയാസപ്പെടുക.

**എന്താണിവിടെ സംഭവിക്കുന്നത്.**

പുരുഷൻമാരിൽ മൂത്രാശയത്തിൽ നിന്ന് മൂത്രം പോകുന്നത് മൂത്രക്കുഴലുകളിൽ കൂടിയാണല്ലോ. ഇതേ മൂത്രക്കുഴലുകളിൽ കൂടിയാണ് ബീജവും പുറത്തേക്ക് വരുന്നത്. മൂത്രാശയത്തിനും മൂത്രക്കുഴലുകൾക്കുമിടയിലുള്ള Proste ഗ്രന്ഥി വലുതായാൽ അത് മൂത്രക്കുഴലുകളെ ഞെരുക്കി മൂത്രത്തിന്റെ സുഗമമായ പോക്ക് തടസ്സപ്പെടുത്തുന്നു. Proste ഗ്രന്ഥി വലുതാകും തോറും മൂത്രമൊഴിക്കാനുള്ള പ്രയാസവും വർദ്ധിക്കും. Proste ഗ്രന്ഥി തള്ളി മൂത്രക്കുഴലുകളുടെ വ്യാസം കുറക്കുമ്പോൾ, മൂത്രാശയത്തിന് കൂടുതൽ സങ്കോചിച്ച് (Contract) മൂത്രം പുറത്തേക്ക് കളയേണ്ടി വരുന്നു.

ക്രമേണ മൂത്രാശയത്തിന്റെ പേശികൾ ശക്തമായി, കട്ടികൂടിയതായി, പെട്ടെന്ന് പ്രതികരിക്കുന്നതായി മാറുന്നു (Sensitive) ചിലപ്പോൾ മൂത്രം അധികമില്ലെങ്കിൽ കൂടി മൂത്രാശയം കൂടുതൽ സങ്കോചിക്കുന്നു. അപ്പോൾ ഇടക്കിടക്ക് മൂത്രമൊഴിക്കണമെന്ന് തോന്നുന്നു. ക്രമേണ മൂത്രാശയപേശികൾക്ക് മൂത്രത്തെ ഇടുങ്ങിയ മൂത്രക്കുഴലുകളിൽ കൂടി മുഴുവനായി പുറത്തു കളയുവാൻ പറ്റാതെ വരുന്നു. അങ്ങനെ മൂത്രാശയത്തിൽ എപ്പോഴും ചെറിയ തോതിൽ മൂത്രം തങ്ങിനിൽക്കുന്നു. (Residual Urine) കൂടുതൽ ഉള്ളപ്പോൾ മൂത്രാശയത്തിൽ തങ്ങി നിൽക്കുന്ന മൂത്രം 50 ml - 75 ml വരെയാകാം.

**പ്രശ്നമാകുന്നതെപ്പോൾ ഃ**

ഇങ്ങിനെ തങ്ങിനിൽക്കുന്ന മൂത്രം മൂത്രാശയത്തിൽ അണുബാധക്ക് (Urinary Tract infection) കാരണമാകുന്നു. മൂത്രാശയക്കല്ലുകൾ, മൂത്രത്തിൽ രക്തം വരുക, മൂത്രതടസ്സം തുടങ്ങിയ വയ്ക്ക് കാരണമാകുന്നു.

**പരിശോധന ഃ**

രോഗം തുടങ്ങി വർഷങ്ങൾ എടുത്താണ് രോഗി ഡോക്ടറെ കാണാൻ തീരുമാനിക്കുന്നതു തന്നെ. മേൽ പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടനെ ഡോക്ടറുടെ നിർദ്ദേശം തേടണം. ഡോക്ടർക്ക് പരിശോധിച്ചാൽ മലാശയത്തിന്റെ ഉള്ളിലൂടെ Prostate ഗ്രന്ഥിയുടെ വീക്കം മനസ്സിലാക്കാം.

## PSA (Prostate Specific Antigen)

പ്രേസ്റ്റേറ്റ് ഗ്രന്ഥി ഉൽപാദിപ്പിക്കുന്ന PSA എന്ന ഹോർമോൺ അളവ് പരിശോധനയിലൂടെ അറിയാം. **PSA** യുടെ അളവ് കൂടുന്നത് Prostate ഗ്രന്ഥിയിലെ അർബുദത്തിന്റെയും ലക്ഷണമാണ്.

## Ultra Sound പരിശോധന ഃ

അൾട്രാസൗണ്ട് പരിശോധന Proste ഗ്രന്ഥിയുടെ വളർച്ചയേയും മൂത്രാശയ ഭിത്തിയുടെ കട്ടി കൂടലിനെയും തങ്ങി നിൽക്കുന്ന മൂത്രത്തിന്റെ അളവിനെയും (Residual Urine) വെളിപ്പെടുത്തി രോഗനിർണ്ണയം എളുപ്പമാക്കുന്നു.

## Prostate Cancer ഃ

ആദ്യമായി തിരിച്ചറിയേണ്ടത് പ്രേസ്റ്റേറ്റ് ഗ്രന്ഥിക്കുള്ള വീക്കം Cancer മൂലമാണോ എന്നാണ്. നേരത്തെ സൂചിപ്പിച്ച അൾട്രാസൗണ്ട് PST Blood Test, എന്നിവയാൽ തന്നെ സാധാരണ Prostate വളർച്ചയാണോ കാൻസർ ആണോ എന്നത് തിരിച്ചറിയാൻ കഴിയും. കൂടുതൽ വ്യക്തതക്ക് ചിലപ്പോൾ Biopsy test നടത്തേണ്ടി വരും.

**ചികിത്സ ഃ**

**ചികിത്സയെ രണ്ടായി തിരിക്കാം ഃ**

1) മരുന്നുകൊണ്ട്
2) ശസ്ത്രക്രിയ കൊണ്ട്

**1) മരുന്നുകൊണ്ട് ചികിത്സ ഃ**

അപകടകാരിയല്ലാത്ത ഗ്രന്ഥി വീക്കത്തിന് ധാരളം ഫലപ്രദമായ മരുന്നുകൾ ഇപ്പോൾ നിലവിലുണ്ട്. പ്രേസ്റ്റേറ്റ് കാൻസർ ആണെങ്കിൽ ഉടനെതന്നെ ശസ്ത്രക്രിയ ചെയ്യുന്നതാണ് ഉത്തമം. മൂത്രാശയ ഭിത്തിക്കുള്ള കട്ടി (Thickening) ചുരണ്ടി (Scrape) കളയുന്ന രീതിയും Laser ചികിത്സയും ഇപ്പോൾ വ്യാപകമായി ചെയ്തു വരുന്നുണ്ട്. നേരത്തെ ചികിത്സ തുടങ്ങിയാൽ അപകടകാരി യാകില്ലെന്ന് ഉറപ്പ്.

**ആയുർവ്വേദ ചികിത്സ ഃ**

പൗരുഷഗ്രന്ഥി വീക്കത്തിൽ ഗ്രന്ഥിവീക്കത്തെ കുറക്കുന്ന വരണാദ്ര കഷായം, കാഞ്ചനാം ഗുൽഗുലു, Prostilon tablet തുടങ്ങിയ സാധാരണ Prostate ഗ്രന്ഥി വീക്കത്തിൽ വളരെ ഫലപ്രദ മാണ്. കുറച്ച് കാലം മരുന്ന് കഴിച്ച് നിർത്തിയാൽ പോലും പ്രയാസം കാണുന്നില്ല. രോഗിയുടെ വയസ്സ്, രോഗത്തിന്റെ പഴക്കം പ്രമേഹം മാതിരിയുള്ള രോഗങ്ങളുടെ കൂട്ട് എന്നിവ ചികിത്സയുടെ ഫലത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

**പരീക്ഷിക്കാവുന്ന ചില മരുന്നുകൾഃ**

1) 5 gm മഞ്ഞൾപ്പൊടി നെല്ലിക്കാനീരിൽ കലക്കി രണ്ടുനേരം കുടിക്കുക.
2) ത്രിഫല ചൂർണ്ണം 5 gm രാത്രി ചൂടുവെള്ളത്തിൽ കുടിക്കുക
3) ചെറുപഞ്ച മൂലം കഷായം കുടിക്കുക
4) വേഗങ്ങളെ തടസ്സപ്പെടുത്താതിരിക്കുക

**ആയുർവ്വേദ ചികിത്സകൾഃ**

യുക്തമായ എണ്ണ പുരട്ടിയുള്ള അഭ്യംഗം, ആവിക്കുളി (Steam bath) എന്നിവ വളരെ ഫലപ്രദമാണ്. Bath tub-ൽ പ്രത്യേകം തയ്യാറാക്കിയ കഷായത്തിൽ അവഗാഹം ചെയ്യുന്നത് ഗ്രന്ഥി

വീക്കം കുറയ്ക്കുന്നു. പ്രത്യേകം തയ്യാറാക്കി തൈലവസ്തി, ക്ഷീരവസ്തി, എന്നിവകളും വളരെ ഫലപ്രദമാണ്.

ഒരിക്കലും സ്വയം ചികിത്സിക്കരുത്. സുഹൃത്തുകൾ പറഞ്ഞു തരുന്ന ശാസ്ത്രീയമല്ലാത്ത ചികിത്സകൾ ചെയ്യരുത്. ചികിത്സിക്കാതിരുന്നാൽ Proste ഗ്രന്ഥിവീക്കം കാൻസർ ആയി മാറും.

**നല്ല ആരോഗ്യ ശീലങ്ങൾ :**

1) കൃത്യസമയത്തുള്ള ഭക്ഷണം, സമീകൃതാഹാരം, വെള്ളം നല്ലപോലെ കുടിക്കുക, പച്ചക്കറി ഭക്ഷണം ശീലമാക്കുക, പുകവലിയും മദ്യപാനവും ഒഴിവാക്കുക. എന്നിവ ഗ്രന്ഥി വലുതാകാതിരിക്കാനുള്ള നല്ല ശീലങ്ങളാണ്.
2) ദിവസേന ശരീരത്തിൽ എണ്ണ തേച്ച് കുളിക്കുക. നിത്യം വ്യായമം ചെയ്യുക.
3) ചെറുചൂടുവെള്ളത്തിൽ കുളിക്കുക.
4) നിത്യവും മലശോധനവരുത്തുക. മതിയായ അളവിൽ വെള്ളം കുടിക്കുക. മൂത്രം ആവശ്യമില്ലാതെ ദീർഘനേരം പിടിച്ചു നിർത്താതിരിക്കുക.
5) ഭക്ഷണത്തിൽ മതിയായ അളവിൽ നാര് വർഗ്ഗങ്ങൾ ഉണ്ടായിരിക്കണം.
6) സംശയം തോന്നിയാൽ ഉടനെ ഡോക്ടറുടെ സഹായം തേടുക. ശരിയായ സമയത്ത് തുടർചികിത്സകളും രോഗപരിശോധനയും നടത്തുക.
7) പ്രായമായവർ എല്ലാവർഷവും അൾട്രാസൗണ്ട്, PSA Blood Test നടത്തുന്നത് നല്ലതാണ്.

**ഓർക്കുക :** പൗരഷ ഗ്രന്ഥിവീക്കം പൗരുഷത്തിന്റെ ലക്ഷണമല്ല, മറിച്ച് ലൈംഗിക ബലഹീനതക്ക് കാരണമാകുന്നതാണ്.

■

# സഹവാസ പഠനശിബിരം

## 2015 ഏപ്രിൽ 22 മുതൽ 24 വരെ

## കൗമാര പ്രായക്കാർക്കു വേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പ്

എറണാകുളം കരയോഗം 13 വയസ്സു മുതൽ 18 വയസ്സ് വരെയുള്ള കൗമാരപ്രായക്കാർക്കായി ഏപ്രിൽ 22 മുതൽ 24 വരെ മൂന്ന് ദിവസത്തെ ക്യാമ്പ് ടി.ഡി.എം. ഹാളിൽ സംഘടിപ്പിക്കുന്നു. പ്രഗൽഭരും പരിചയസമ്പന്നരും നയിക്കുന്ന ഈ ക്യാമ്പ് വ്യക്തിവികാസത്തിനും അതോടൊപ്പം വിദ്യാഭ്യാസപരവും സാമൂഹികവും ക്രിയാത്മകവുമായി കൗമാരപ്രായക്കാർക്ക് വളരെയധികം ഉപകരിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. യോഗ, ധ്യാനം, പഠനക്ലാസ്സുകൾ, ക്യാമ്പ് ഫയർ തുടങ്ങിയവയിലൂടെയാണ് വിജ്ഞാനം പകരുന്നത്. **Mind Empowering, Creating realistic self image, self awareness, managing with emotional issues, Interpersonal skills, concentration techniques, memory techniques, skill of facing examinations with confidence** തുടങ്ങിയ വിഷയങ്ങളിൽ അധിഷ്ഠിതമായ ക്ലാസ്സുകൾക്കൊപ്പം **values in Life, rights of children, cyber crimes, social awareness** തുടങ്ങിയ വിഷയങ്ങളിലും വിദഗ്ധർ അറിവു പകരുന്നു. ഡോ. പി. വിജയലക്ഷ്മി മേനോൻ, പ്രൊഫ. എൻ. കെ. മേനോൻ, കൃഷ്ണമണി, ഡോ. ലക്ഷ്മി ശങ്കർ, അഡ്വ. പാർവ്വതി സഞ്ജയ്, കെ. സുനിൽകുമാർ, ബിജിൽ എം. രാജൻ, പി. ബി. ചന്ദ്രമതി അമ്മ, ടി. ജി. തുളസീദാസ് തുടങ്ങിയ പ്രമുഖരുടെ ക്ലാസ്സുകളിൽ പങ്കെടുക്കുവാനുള്ള അപൂർവ്വ അവസരം.

തികച്ചും സൗജന്യമായ ഈ ശിബിരം നിങ്ങൾ പ്രയോജനപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

NB: 1. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 കുട്ടികൾക്കാണ് പ്രവേശനം.

2. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 20.04.2015 നു മുൻപായി കരയോഗത്തിൽ പേര് രജിസ്റ്റർ ചെയ്യുകയും ഏപ്രിൽ 22 ന് 3.00 മണിക്ക് ടി.ഡി.എം ഹാളിൽ ഹാജരാകേണ്ടതുമാണ്.

ഫോൺ : 09895071101, 0484 2361160

(തുടർച്ച)

# മൂന്നു ദേശാടനക്കിളികളുടെ നൊമ്പരങ്ങൾ



ജി. മാധവൻ നായർ

## രണ്ടാംകിളി

കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ ആതുരാലയത്തിലെത്തി ചേരുന്നതിന് വാഹനം നിർത്തി ഇടേണ്ട സ്ഥലത്തു നിന്നു ധാരാളം പടികൾ കയറി മുകളിലെത്തണം. പ്രധാന കവാടം കടന്ന്, ഹാളിനകത്ത് പ്രവേശിച്ച് വരിവരിയായി ഇട്ടിട്ടുള്ള കസേരകളും ബെഞ്ചുകളുമെല്ലാം പിന്നിട്ട് ലിഫ്റ്റിൽ കയറി, അഞ്ചാം നിലയിലെത്തിയിട്ടും അവളുടെ കിതപ്പിനു കുറവുണ്ടായില്ല. തന്റെ വാർഡിലെ സ്വകാര്യമുറിയിലെത്തി, അണിഞ്ഞിരുന്ന വസ്ത്രങ്ങൾ മാറി ഔദ്യോഗിക വേഷമായ വെള്ള സ്ക്കർട്ടും, പാന്റും (ഹാഫ്) സ്റ്റോക്കിംഗ്സും ധരിച്ച്, തലമുടി ഒതുക്കി, ക്യാപ് തിരുകി, കഴുത്തിൽ സ്വന്തം ചിത്രംമെടുത്തു കാട്ടുന്ന ബാഡ്ജ് വീതിയുള്ള പട്ടയിൽ തൂക്കി വിശാലമായ ശാല (ഹാൾ)യിലേയ്ക്ക് നടന്നു.

ഒരറ്റത്തുള്ള നഴ്സിംഗ് മുറിയിലേയ്ക്ക് ചെന്ന് തന്റെ മേലുദ്യോഗസ്ഥയായ ഇംഗ്ലീഷുകാരിയെ അഭിവാദ്യം ചെയ്ത് ഹാജർ പുസ്തകമെടുത്തടയാളം വച്ചു. ഇത് കൂടാതെ ഒരു ഇലക്ട്രോണിക്ക് യന്ത്രത്തിലും വരവ് രേഖപ്പെടുത്തണമെന്നതിനാൽ, കമ്പ്യൂട്ടറിന്റെ മുൻപിലിരുന്ന നേഴ്സിംഗ് ഹെഡിന്റെ സഹായിയോടു അഭ്യർത്ഥിച്ച്, നല്ല ഒരു ദിവസം അവർക്കാശംസിച്ചുകൊണ്ട് അവൾ വാർഡിലേക്കു പോയി.

ജനറൽ വാർഡിലെ ഒരു വിഭാഗത്തിന്റെ ചുമതല ഇന്ന് തനിക്കാണ്. അതുവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ബംഗ്ലാദേശ് സഹോദരി വാർദ്ധക്യം ബാധിച്ച് വിറച്ചു കൊണ്ടിരുന്ന ശ്വാസകോശസംബന്ധമായ ഒരു രോഗിയുടെ സമീപത്ത് മന്ദസ്മിതത്തോടെ നിന്നിരുന്നു. അവളുടെ അടുത്തുചെന്ന് സുപ്രഭാതം ആശംസിച്ച്, ഇനി വിടവാങ്ങലാകാമെന്ന് ഉപദേശിച്ച്, തമാശ പറഞ്ഞവൾ അങ്ങേയറ്റത്തെത്തി. ഇനി ഓരോ രോഗിയുടേയും ചാർട്ടുകൾ പരിശോധിച്ച് ഡോക്ടർമാർ എഴുതിയിട്ടുള്ള മരുന്നുകൾ നല്കിയ ശേഷം മറ്റുള്ള ശുശ്രൂഷാ വിധികൾ നടപ്പാക്കുകയും വേണം.

എല്ലാ രോഗികളേയും സമീപിച്ച് വേണ്ടതുചെയ്തു കഴിഞ്ഞു മധ്യനിരയിലെത്തിയപ്പോൾ മലപ്പുറത്തുകാരൻ യുവഡോക്ടർ മറ്റേ അറ്റത്തു നിന്നു വന്നു. നിറഞ്ഞ ചിരിയോടെ ഹലോ പറഞ്ഞിട്ട് അദ്ദേഹം അവളുടെ സമീപമെത്തി. പരിചരണത്തിനുവേണ്ടി കിടക്കയിൽ ഇരുത്തിയിരുന്ന രോഗിയുടെ തോളത്ത് തട്ടി എങ്ങിനെയുണ്ടെന്നു ചോദിച്ചു. രോഗി മുഖമൊന്നു വിടർത്തിക്കൊണ്ടു, ആശ്വാസമുണ്ടെന്നു മറുപടി പറഞ്ഞു. അദ്ദേഹം ചാർട്ട് വാങ്ങിനോക്കിയിട്ട്, പുതുതായി ചില നിർദ്ദേശങ്ങളെഴുതിയിട്ടു, അവളോടു അതനുസരിച്ച് വേണ്ടതു ചെയ്യുക എന്നു പറഞ്ഞിട്ട് പിന്നീടു കാണാമെന്ന് സൂചിപ്പിച്ച് മെല്ലെ അടുത്ത രോഗിയുടെ അടുത്തേയ്ക്ക് നടന്നു.

